

പുസ്തകം 9 ലക്കം 1
ഡിസംബർ 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

*Eka Thathwa*

മാസിക

**കർമ്മം തീരും വരെ ഉറങ്ങാനായില്ല**
**കർമ്മഫലം തീർന്നപ്പോൾ ഉറങ്ങിയതുമറിഞ്ഞില്ല...**

# ഏകതത്ത്വയുടെ

Eka Thathwa

## പുതിയ പുസ്തകം



### ശ്രീമതി. വാസന്തി മോഹന്റെ

# ഹൃദയഗീതങ്ങൾ

### കവിതാസമാഹാരം പ്രകാശിതമായി

**പേജ് - 92 വില - 100 രൂപ**

**കൂടുതൽ വാർത്തകൾ അടുത്ത ലക്കത്തിൽ...**


**Subscribe**

Eka Thathwa Malayalam Magazine

Single copy - Rs. 15/-

Subscription for one year - Rs. 170/-

For three years - Rs. 500/-

**രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം :**

ഏക തത്ത്വ
എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് - 678001.
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

Send Money Order to:-

Editor, Eka Thathwa,
A-9, New Civil Nagar,
Behind Civil Station,
Palakkad - 678001

₹ 15

# ഏക തത്ത്വ

## മാസിക

പുസ്തകം 9 ലക്കം 1
ഡിസംബർ 2018

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali
**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**
**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം



**ഗുരു**
7 - കാലം മാറുമ്പോൾ ആചാരങ്ങളും മാറേണ്ടേ ?

**ലേഖനം**
8 - കേരള നവോത്ഥാന ചരിത്രത്തിലെ സമരങ്ങൾ
- ടി. വി. നാരായണൻ കുട്ടി
10 - പൊങ്ങച്ചക്കൊട്ടാരത്തിലെ റാണി
- ചെറിയാൻ തോട്ടുങ്കൽ
11 - ഉത്സവങ്ങളും ആഘോഷങ്ങളും
- ഏഴംകുളം മോഹൻകുമാർ
12 - ചിരിയ്ക്കാൻ കഴിഞ്ഞെങ്കിലല്ലേ കരയാതിരിക്കാനാവൂ
- അശോപ്പി ചേർത്തല
32 - രക്ഷകനൊരു കത്ത് : മനുഷ്യരെന്തായിങ്ങനെ ?
- പി. ആർ. ജോസ്
32 - കേരളത്തിന്റെ തപാൽ നിലയ പുണ്യം - ടി. ജെ. നായർ

**കഥ**
20 - വീതംവെയ്പ്, പഴമയുടെ സുഗന്ധം - ടി. വി. ഹരികുമാർ
21 - നടുക്ക് യതി പാദാദി... - അശോകൻ രാജീവം
23 - എനിക്കൊരു കുട്ടി വേണം - ടി. കെ. ഉണ്ണികൃഷ്ണൻ
24 - മുട്ടുകൾ - മംഗളൻ തൈയ്ക്കൽ
25 - ക്ലാസ് പി. ടി. എ. - അബ്ദുറബ്ബ്
26 - ഏലി ഏലി ലാമ സബക്താനീ - പ്രമോദ് മഞ്ചേരി
27 - വിലാസം - ഷാനവാസ് കുലുക്കല്ലൂർ
28 - മൈ സ്കൂൾ ഡേയ്സ് - ജനാർദ്ദനൻ പി. വണ്ടാഴി
29 - ചില മേഘങ്ങൾ പെയ്തടങ്ങുമ്പോൾ - ശ്രീജ ജയചന്ദ്രൻ
33 - പ്രതീക്ഷ - സുഗുണ സന്തോഷ്
35 - കാലത്തിന്റെ കോലം, വിധി നിർണ്ണയം
- സുരേഷ് തെക്കീട്ടിൽ
41 - ശവം - ഉണ്ണി വിശ്വനാഥ്

**കവിത**
14 - അറിവ് - നിഷ പരമേശ്വരൻ
24 - വിശപ്പ് - എം. അൽഖാഫ്
26 - ചെടിയും ഞാനും - നന്ദന.കെ
29 - കുറുക്കന്റെ മനോരാജ്യം - വിജയൻ കല്ലട
32 - തിരുപ്പിറവി - ജോസഫ് പൂതക്കുഴി
33 - മിഴിനീർക്കണം - രജീഷ് കാളികാവ്
34 - മാറ്റങ്ങൾ വരും - എടത്തറ ജയൻ
34 - പ്രണയത്തിനൊടുവിൽ, കിണർ - ജിജോ രാജകുമാരി
35 - പ്രണയം - ആർ. കെ. വള്ളിച്ചിറ
36 - തിരിച്ചറിവ് - ദേവിക ദാസ്
36 - അദൃശ്യ സാമീപ്യം - വാസന്തി മോഹൻ
39 - മരം - നിഷ വി. എൻ.

**സ്മരണ**
13 - എന്റെ അഭിനയസ്മരണകൾ - മുക്കം ഭാസി
**അനുഭവം**
15 - റെയിൽവേസ്റ്റേഷനിൽ വെച്ചുനടന്ന വിവാഹം
- മനോഹരി സി. ബി.
**യാത്രാവിവരണം**
17 - ദേവഭൂമിയിലെ ദേവദാരുക്കൾ - ഈശ്വർകുമാർ തരവത്ത്
**ആരോഗ്യം**
27 - സിസ്റ്റൈറ്റിസ് - ഡോ. സി. രാമകൃഷ്ണൻ
**പാചകം**
30 - റവ ഗുലാബ് ജാമുൻ - പി. എൻ. ഗംഗാലക്ഷ്മി
**കതിരും പതിരും**
31 - പുതുച്ചൊല്ലുകൾ - സൈനുദീൻ മുണ്ടക്കയം
**ദൈവനാമത്തിൽ**
39 - വിധി - മുഹമ്മദ് കനി



# കർമ്മം തീരും വരെ ഉറങ്ങാനായില്ല കർമ്മഫലം തീർന്നപ്പോൾ ഉറങ്ങിയതുമറിഞ്ഞില്ല...

## ഇ. ടി. മുരളീധരൻ

**പെ**ട്രോളിന്റെ വില കുറഞ്ഞുവരുന്നുണ്ട്. ഇലക്ഷനാവുമ്പോഴേക്കും നാല്പ്പതു രൂപ വരെ താഴാനും സാധ്യതയുണ്ട്. അതുപോലെ ഇലക്ഷനുമുമ്പ് നമ്മുടെ അക്കൗണ്ടിൽ ഒരു ആയിരം രൂപയെങ്കിലും ഇട്ട് തരുമായിരിക്കും. അത് മതിയല്ലോ നമ്മൾക്ക് അഞ്ചുകൊല്ലം കഷ്ടപ്പെടാതെ ജീവിക്കാൻ. നോട്ടിന് മൂല്യം കുറഞ്ഞാലെന്താ, ലോട്ടറി ടിക്കറ്റ് പോലെ മൾട്ടി കളറിലായി കറൻസി നോട്ടുകൾ. കാണാൻ നല്ല രസം. എല്ലാ പഴയ നോട്ടും പോയി പുതിയവ രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുന്നു. കള്ളനോട്ടാണോ നല്ലനോട്ടാണോ എന്ന് അറിയാത്ത അവസ്ഥയായി. പൊതുവായി പറഞ്ഞതാണ്. നോട്ടിന്റെ കാര്യത്തിൽ മാത്രമല്ല വിശ്വാസി, അവിശ്വാസി എന്ന വേർതിരിവുകൾക്കപ്പുറം വിശ്വാസിയിലെ വിശ്വാസം എത്രത്തോളം, അതിൽ വല്ല കാപാട്യവുമുണ്ടോ ? എല്ലാം സംശയിക്കേണ്ടിയിരിക്കുന്നു.

മതേതരരാഷ്ട്രീയ പാർട്ടിയിലെ നേതാക്കൾ പോലും രഹസ്യമായി ജാതിയേയും മതത്തേയുമെല്ലാം മനസ്സിൽ താലോലിക്കുന്നുണ്ട്. പലപ്പോഴും പലതിനും മൗനസമ്മതം നൽകാറുമുണ്ട്. ദൈവവും സ്ത്രീയുടെ അശുദ്ധിയും വിശ്വാസവുമൊന്നുമല്ല യഥാർത്ഥ പ്രശ്നം, വർഗ്ഗീയതയും അതിലൂടെ വോട്ടും അധികാര പദവിയുമാണ്. തിരഞ്ഞെടുപ്പ് വരാറായല്ലോ. നേതാക്കന്മാർക്ക് അവരവരുടെ നിലനിൽപ്പിന്റെ യുദ്ധമാണ്. ജയിക്കില്ല എന്ന് തോന്നിയാൽ മറുകണ്ടം ചാടാനും മടിക്കാത്തവരാണ്. ഇതൊന്നുമറിയാതേയോ അറിഞ്ഞോ സോഷ്യൽ മീഡിയകൾ ഉൾപ്പടെ പല മാധ്യമങ്ങളിലൂടേയും സുഹൃത്തുക്കൾ തമ്മിൽ ഇതിനെച്ചൊല്ലി അടിയാണ്. ജാതി മത ധ്രുവീകരണം സോഷ്യൽ മീഡിയകളിലും കാണാം.

നീയും നിന്റെ വംശവും നശിച്ചുപോകും എന്ന ശാപം കഥയ്ക്കുമപ്പുറത്തേയ്ക്ക് കടന്നുവരുമോ എന്ന് ചിന്തിക്കേണ്ട സമയമായിരിക്കുന്നു. സ്വന്തം വർഗ്ഗങ്ങളാണ് തമ്മിൽ തല്ലി ചാവാനൊരുങ്ങുന്നത്. കലി പടർന്നുപിടിച്ചിരിക്കുന്നു. ആയിരക്കണക്കിന് ടി. വി. ചാനലുകളെ പിന്തള്ളി ഒരു ചാനലിലേയ്ക്കായി എല്ലാവരുടെ ശ്രദ്ധയും. ഭൂരിപക്ഷമാളുകളും കേൾക്കാൻ കൊതിക്കുന്നതുപോലുള്ള വാർത്തകൾ. ചാനലുകളിൽ ധനാഗമനയന്ത്രത്തിന്റെ പരസ്യം പോലും വരാൻ തുടങ്ങി. എല്ലാ അന്ധവിശ്വാസങ്ങളും വീണ്ടും വിശ്വാസങ്ങളായി മാറുമോ ? ഒരാളെ ദുശ്ശീലത്തിൽ (അന്ധവിശ്വാസത്തിൽ) നിന്ന് മാറ്റിയെടുക്കാൻ ഒരുപാട് പണിപ്പെടേണ്ടി വരും. പക്ഷെ അയാളെ വീണ്ടും ദുശ്ശീലത്തിലേയ്ക്ക് അടുപ്പിക്കാൻ അധികം സമയമൊന്നും വേണ്ടിവരില്ല അല്ലേ?

നാക്കു കൊണ്ട് സംസാരിച്ച് ശത്രുക്കളെ ഉണ്ടാക്കും ഒപ്പം കൈയ്യാങ്കളിയും ഒടുവിൽ വികലാംഗനാവും, ജീവിതം തന്നെ നഷ്ടപ്പെടും. അപ്പോഴും അധികാരകസേരയ്ക്കുവേണ്ടി ആദർശമില്ലാതെ ജീവിയ്ക്കുന്ന ന്യൂനപക്ഷം എക്കാലത്തെപോലെയും സന്തോഷമായി വിഹരിയ്ക്കും. കളറ് മാറിയാലെന്താ കസേര കിട്ടിയില്ലേ എന്നതാവും അവരുടെ ചിന്ത.

മഹാത്മാഗാന്ധി അടിവരയിട്ട് ചൂണ്ടിക്കാണിച്ച ഏഴ് സാമാജിക പാതകങ്ങൾ ശ്രീ. എം. എം. മേനോൻ എന്ന ഏക തത്ത്വയുടെ മുതിർന്ന എഴുത്തുകാരൻ പുസ്തകം 2 ലക്കം 4 മുതൽ പുസ്തകം 3 ലക്കം 1 വരെ തുടർച്ചയായി വായനാ സമൂഹത്തിനായി, ചിന്തിക്കുന്നവർക്കായി അതേപ്പറ്റി വിവരിച്ചെഴുതിയിരുന്നു. പലരും വായിച്ചിട്ടുണ്ടാവാൻ സാധ്യതയില്ല.

**ഏഴു സാമാജിക പാതകങ്ങൾ (Seven Social Sins)**

1. വിവേകവും ദൃഢതയും ഇല്ലാത്ത പാണ്ഡിത്യം (Knowledge without Character)
2. മനുഷ്യത്വമില്ലാത്ത ആധുനിക ശാസ്ത്രവിജ്ഞാനം (Science without Humanity)
3. ശ്രമരഹിതമായ സമ്പത്ത് (Wealth without Work)
4. നീതിഹീന വ്യാപാരം (Commerce without Morality)
5. മനസ്സാക്ഷിക്കു വിരുദ്ധമായ സുഖഭോഗം (Pleasure without Conscience)
6. ത്യാഗരഹിതമായ പൂജ (Worship without Self Sacrifice)
7. തത്ത്വരഹിത രാജനീതി (രാഷ്ട്രീയം) (Politics without Principles)

മേൽ പറഞ്ഞ ഏഴു കാര്യങ്ങളും ഇന്നും ഈ സമൂഹത്തിൽ നിലനിൽക്കുന്നു. പ്രത്യേകിച്ച് ശബരിമല പോലെയുള്ള വിഷയത്തിൽ. ഗാന്ധിജി പറഞ്ഞ ഏഴു സാമാജിക പാതകങ്ങളിലൊന്നായ തത്ത്വരഹിത രാജനീതി, ആദർശരഹിത രാഷ്ട്രീയം നടമാടുന്നത് കാണാം.

സ്കൂളിൽ നിന്നെത്തിയ കുട്ടി അമ്മേയെന്ന് സ്നേഹത്തോടെ വിളിച്ചുകൊണ്ട് ഓടിവന്നു. വേഗം വല്ലതും കഴിച്ചിട്ടിരുന്ന് പഠിക്കെടീ. ഇല്ല പഠിക്കില്ല. കുട്ടിക്ക് വാശിയായി ഒപ്പം അമ്മയ്ക്കും. എല്ലാം സ്നേഹത്തോടെ സാവധാനം പറഞ്ഞതാണെങ്കിൽ കുട്ടി കേട്ടേനെ. സ്വതവേ അമ്മേ അത്രയ്ക്ക് ഇഷ്ടമല്ല. അച്ഛൻ പറഞ്ഞതാണെങ്കിൽ അനുസരിച്ചേനേ. ഇതുപോലെയാണ് കോടതിവിധിയെ

ത്തുടർന്ന് സർക്കാർ എടുത്ത നടപടി. സ്ത്രീപ്രവേശനത്തോട് വിയോജിപ്പുണ്ടായിട്ടല്ല പറഞ്ഞ രീതി ഇഷ്ടപ്പെട്ടില്ല, പറഞ്ഞ ആളേയും. അതുകൊണ്ട് ഏതിർക്കുന്നു. കുറച്ചുസ്നേഹത്തോടും സാവകാശത്തോടേയും കാര്യങ്ങൾ ചെയ്യാമായിരുന്നില്ലേ ? പറ്റില്ല. ഇരുകൂട്ടരും വാശിയിലാണ്. ഒരുപക്ഷെ കാരണം ഇതായിരിക്കാം. ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷവും അവർണ്ണർ അമ്പലത്തിൽ കയറാൻ മടിച്ചു. എത്രയോ വർഷങ്ങൾക്കുശേഷമാണ് കയറിത്തുടങ്ങിയത്. ഈ കാലയളവിനുള്ളിൽ എത്രയോ പേർ അവകാശമുണ്ടായിട്ടും കയറാനാകാതെ മൺമറഞ്ഞുകാണും. അതുപോലെ മകരജ്യോതിയും വിളക്കുമെല്ലാം ദൈവം കത്തിക്കുന്നതാണെന്ന് വിശ്വസിച്ച് എത്രയോപേർ മരിച്ചുപോയിട്ടുണ്ടാകും. അവരെക്കുറിച്ചാരെങ്കിലും ഓർക്കാറുണ്ടോ ? സത്യം അറിഞ്ഞുകൊണ്ട് മറച്ചുവച്ചവരില്ലേ നമ്മുടെ കൂട്ടത്തിൽ ? ഇപ്പോഴുള്ള വിഷയത്തിലും അത്തരത്തിലുള്ള ആളുകളുണ്ട്.

കാരുണ്യവും സഹാനുഭൂതിയും അന്യമായ ലോകത്ത്, സത്യം, നീതി, ധർമ്മം എന്നെല്ലാമിനി പറയാനും പഠിപ്പിക്കാനും പാടുമോ എന്ന് അറിയാത്ത അവസ്ഥയിലായി. ഇവയെല്ലാം നോക്കി ജീവിക്കുന്നവരുടെ സ്ഥിതി കഷ്ടത്തിലാണ്. അവരെ വല്ല അപൂർവ്വജീവിയെ പോലെ, കൗതുകത്തോടെയാണ് മറ്റുള്ളവർ ഇന്ന് നോക്കുന്നത്. ഭ്രാന്തൻ, ജീവിക്കാനറിയാത്തവൻ എന്നും പറഞ്ഞേക്കാം. പക്ഷെ നിങ്ങൾ ഇപ്പോൾ ശരിയെന്ന് തോന്നുന്നത് ചെയ്തുകൊണ്ട് പൊയ്ക്കോളൂ.

അംബരചുംബികളായ പ്രതിമകൾ പ്രതിഷ്ഠിക്കപ്പെടുന്നു. ഇനിയും വരും, പലതും പണിപ്പുരയിലാണ്. പ്രതിമകൾ ഉണ്ടാക്കിയും തകർത്തും കാലം കഴിക്കാം. മരിച്ചശേഷവും മാറ്റും അവരുടെ ജാതിയും മതവും രാഷ്ട്രീയ പാർട്ടിയും. ജീവിച്ചിരുപ്പുണ്ടായിരുന്നുവെങ്കിൽ എല്ലാത്തിനേയും അടിച്ച് ഓടിച്ചേനേ, പക്ഷെ മരിച്ചു പോയില്ലേ? മരിച്ചാലും വിടില്ലല്ലോ മനുഷ്യൻ. പഴയ ആദർശധീരരെയാണ് ഇന്ന് വേണ്ടത്. അവരുടെ പടം ഫ്ളക്സിൽ അടിച്ച് അവരെയെല്ലാം സ്വന്തമാക്കാൻ നോക്കും. സാധിക്കുമെങ്കിൽ പ്രതിമകളുണ്ടാക്കി സ്ഥാപിക്കും. അവർ ജീവിച്ചിരിക്കുമ്പോൾ പറഞ്ഞവയെ, പ്രവൃത്തിച്ചവയെ കുറിച്ചൊന്നും അറിയാതെയും അറിയാൻ ശ്രമിക്കാതെയും ജീവിതത്തിൽ പകർത്താതെയും ജീവിക്കുന്നവർക്ക് ഇപ്പോൾ പ്രതിമയും ഫോട്ടോയും വേണം. ഈ പറഞ്ഞ കാര്യവും രാഷ്ട്രീയത്തിൽ മാത്രമായി ഒതുങ്ങുന്ന ഒന്നല്ല. ഓരോ വീട്ടിലും വാർദ്ധക്യാവസ്ഥയിൽ ഇരിക്കുന്നവരെ ജീവിച്ചിരിക്കുമ്പോൾ ആർക്കും വേണ്ടല്ലോ. മരിച്ചശേഷം ക്രിയയും ചടങ്ങുകളും മുടങ്ങാതെ നടത്താൻ ഇവരെ വേണം. മരിച്ചെന്ന് അറിയുകയേ വേണ്ടു ചടങ്ങുകൾ തുടങ്ങുകയായി. അത്തരം ചടങ്ങുകളിലാണ് വിശ്വാസം. അത് തെറ്റിച്ചാൽ ശരിയാവില്ല. പക്ഷെ ജീവിച്ചിരിക്കുമ്പോൾ ആരേയും വേണ്ട, എപ്പോഴും തിന്നും കുടിച്ചും ആഘോഷിക്കാൻ വേണം കുറേ കാരണങ്ങൾ. അങ്ങനെത്തന്നെ പൊയ്ക്കോളൂ ആരു പറഞ്ഞതും ശ്രദ്ധിക്കേണ്ട. എല്ലാം അനുഭവിച്ചു പഠിക്കാനാണല്ലോ ഇഷ്ടം.

ചരിത്രവും മഹത്വ്യക്തികളുടെ മഹത്കൃതികളും വായിക്കാൻ മെനക്കെടാതെ, പഠിക്കാൻ ശ്രമിക്കാതെ, ആരെല്ലാമോ പറയുന്നതുകേട്ട് പ്രതികരിക്കുകയാണ് പലരും. കൈയിൽ പിടിച്ച, കരുതിയ മതവേദഗ്രന്ഥങ്ങളിൽ തന്നെയുണ്ട് നമ്മുടെ വിവരമില്ലായ്മയ്ക്കുള്ള മറുപടി. നമ്മൾ ആരാധിച്ചു കൊണ്ടുനടക്കുന്ന മൺമറഞ്ഞുപോയ നേതാക്കളുടെ ജീവിതത്തിലും ആഹ്വാനങ്ങളിലും പ്രസംഗത്തിലുമെല്ലാം തന്നെയുണ്ട് നമ്മളീ ചെയ്തുകൊണ്ടിരിക്കുന്ന വൃത്തികേടുകൾക്കുള്ള മറുപടി. പക്ഷെ സ്വന്തം വാക്കുകളെ പോലും ശ്രദ്ധിക്കാറില്ലല്ലോ. അവരെക്കുറിച്ചറിഞ്ഞാൽ പിന്നെ നിങ്ങൾക്ക് ചിലപ്പോൾ അവരെ ആരാധിക്കാൻ തോന്നില്ല. അത് ഒരു ദൈവസങ്കല്പത്തെ തന്നെയായാലും ശരി. അവരെല്ലാം നമ്മളേക്കാളും വളരെ ഉയർന്ന തലങ്ങളിലുള്ളവരായിരുന്നു. അതുകൊണ്ടുതന്നെ നമ്മളിൽ ചിലർക്ക് അവരെക്കുറിച്ച് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകും.

നാം വളരെ സങ്കുചിതരാണ്, മടിയന്മാരാണ്, കലഹപ്രിയരാണ്. സുഖമായിരിക്കുന്ന അവസ്ഥയിലാണ് നിങ്ങൾക്കിങ്ങനെ മറ്റുള്ളവരുടെ സമാധാനം കെടുത്താൻ തോന്നുന്നത്. അതുകൊണ്ടാണ് ദൈവം ബഹുഭൂരിപക്ഷം ആളുകൾക്കും ദുഃഖത്തേയും ദുരിതത്തേയും നല്കിയിരിക്കുന്നത്. പക്ഷെ അപ്പോഴും സമയം കിട്ടിയാൽ നിങ്ങൾ ദൈവത്തിന്റെ പണിക്കിറങ്ങി പുറപ്പെടും, കഷ്ടം !

യഥാർത്ഥ ദൈവം സ്വയം സംരക്ഷിക്കപ്പെടും. നമ്മളായി സംരക്ഷിക്കേണ്ടത് നമ്മൾ നിർമ്മിച്ച ദൈവങ്ങളേയാണ്. അങ്ങനെയെങ്കിൽ നിങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് ശരിയാണ്. നിങ്ങൾ നിർമ്മിച്ച ദൈവത്തെ, വിശ്വാസത്തെ സംരക്ഷിക്കാനുള്ള ശ്രമത്തിലാണ്. എന്നാൽ യഥാർത്ഥ പ്രപഞ്ച സൃഷ്ടാവ് നിങ്ങളെ നിരന്തരം വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. നിങ്ങളുടെ അറിവില്ലായ്മയെ ക്ഷമിക്കാറുണ്ട്. ചില വിട്ടുവീഴ്ചകൾ ചെയ്യുന്നുണ്ട്, പൊറുക്കുന്നുണ്ട്. പക്ഷെ അതിന് ഒരു പരിധിയുണ്ട്. ഒരു കാറ്റ് ശക്തിയായി ഒന്ന് വീശിയാൽ തന്നെ മതി മലയുമില്ല, പുഴയുമില്ല, നിങ്ങളുടെ ആരാധനാലയങ്ങളും, ദൈവങ്ങളുമില്ലാതാകും. പ്രളയം വന്നപ്പോൾ നാമെല്ലാവരും ഒന്നായതുപോലെ നമ്മൾ വീണ്ടും ഒന്നായിത്തീരും.

മതത്തിന്റെ ഗ്രന്ഥമാണ് എന്ന് മാത്രമേ അറിയു. അതിലെന്താണ് എഴുതിയിരിക്കുന്നത് എന്ന് പലർക്കുമറിയില്ല. അതുപോലെ ഭരണഘടനയുണ്ടിവിടെ. അത് വായിക്കണം, എവിടെയെങ്കിലും തുറന്നുപിടിച്ചുവായിച്ചാൽ മനസ്സിലായെന്നുവരില്ല. മുഴുവനായി തന്നെ വായിക്കണം. നിയമപുസ്തകങ്ങളുൾപ്പടെ എല്ലാ പുസ്തകങ്ങളും മുഴുവനായി വായിക്കണം. മുഴുവനായി വായിച്ചാൽ തന്നെ പലതും മനസ്സിലാകണമെന്നില്ല. നമ്മുടെ അറിവും വിവരവും അതിനൊത്ത് വളർന്നിട്ടുണ്ടാവണം. ഇല്ലെങ്കിൽ പല തെറ്റിദ്ധാരണകളും ദുർവ്യാഖ്യാനങ്ങളും ചെയ്യാൻ സാധ്യതയുണ്ട്. നൂറ്റാണ്ടുകളുടെ അനുഭവത്തിൽ നിന്ന് ഊറിവന്ന ഭരണഘടനയെ ചോദ്യം ചെയ്യാൻ എന്തുയോഗ്യതയാണ് നൂറുവർഷം പോലും ജീവിക്കാനാവാത്ത ഒരു സാധാരണ മനുഷ്യനുള്ളത് ?

പോലീസ് കള്ളന്റെ പണി ചെയ്യരുത്, ഡോക്ടർ കാലന്റെ പണി എടുക്കരുത്, മന്ത്രി തന്ത്രിയുടെ പണിയും. എന്താണോ ഇഷ്ടപ്പെട്ട പണി അതുചെയ്യുക. ഇഷ്ടപ്പെടാത്ത

പണി വേണ്ടെന്ന് വെക്കുക. മത്സര പരീക്ഷ പാസായാൽ ജോലി കിട്ടും. അറിവുണ്ട് എന്ന് പറഞ്ഞിട്ട് കാര്യമില്ല. മറ്റുള്ളവർക്ക് പറഞ്ഞ് മനസ്സിലാക്കി കൊടുക്കുവാനുള്ള കഴിവുണ്ടാവണം. എങ്കിലേ ഒരദ്ധ്യാപകനായിട്ട് കാര്യമുള്ളു എന്നതുപോലെ ജീവിതമാർഗ്ഗമായി തിരഞ്ഞെടുക്കുന്ന പണികൾ താല്പര്യപൂർവ്വം ചെയ്യാനാകണം എങ്കിലേ അതിന്റെ ഗുണം തന്നെപ്പോലെത്തന്നെ മറ്റുള്ളവർക്കും കിട്ടുകയുള്ളു. അങ്ങനെ കിട്ടുന്നുണ്ടോയെന്ന് ഇടക്കെല്ലാം പരിശോധിക്കണം. പക്ഷെ ആര് ചെയ്യാൻ ? എന്തുകൊണ്ടോ കിട്ടിയ പണിയിൽ അഹങ്കരിച്ച് പണിയെടുക്കാതെ വരുമാനമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ നഷ്ടപ്പെടുന്നത് പലരുടേയും സമാധാനമാണ്. അത് വീണ്ടെടുക്കാൻ ഭക്തിമാർഗ്ഗത്തിലേക്ക് തിരിയും. പക്ഷെ അപ്പോഴും ചെയ്തുകൊണ്ടിരിക്കുന്ന തെറ്റുകൾ തിരുത്താതെ മുന്നേറും. പിന്നെ എങ്ങിനെ ശാന്തിയും സമാധാനവും ലഭിക്കും ?

അങ്ങിനെ അവിചാരിതമായി കിട്ടുന്ന ഒരു പണി മാത്രമാണ് പലർക്കും അമ്പലത്തിലും പള്ളിയിലും അതുപോലുള്ള ഭക്തികേന്ദ്രങ്ങളിലേയും ജോലികൾ. അവരും അത് പണസമ്പാദനത്തിന് മാത്രമായി ചെയ്ത് മുന്നേറും. അവർക്കും വരും ദുഃഖങ്ങളും, ദുരിതങ്ങളും. പക്ഷെ അവർക്ക് നമ്മളെ പോലെ ദൈവത്തിൽ വിശ്വാസമുണ്ടാവില്ല. കാരണം ഭക്തിയുടെ മറവിൽ ചെയ്തുപോരുന്ന പ്രവൃത്തികൾ ദൈവം എന്നൊന്നുണ്ടെങ്കിൽ ഇതിനോടകം തന്നെ അവരെ ഇല്ലാതാക്കേണ്ടതായിരുന്നു എന്നതാവും അവരുടെ ചിന്ത. ആരാധനാലയങ്ങളോട് ചേർന്ന് നില്ക്കുന്നവരെക്കുറിച്ച് ഒരു പഠനം നടത്തുക. നമ്മൾ കരുതുന്നതുപോലൊരു ഭക്തിയൊന്നും അവരിൽ പലർക്കും ഉണ്ടാവില്ല എന്ന് നമുക്ക് തിരിച്ചറിയാനാവും. നമ്മുടെ വിവരം കെട്ട കാഴ്ചപ്പാടുകളേയും ആചാരങ്ങളേയും വിശ്വാസങ്ങളേയും ചൂഷണം ചെയ്താണ് അവരിൽ പലരും ജീവിക്കുന്നതുതന്നെ എന്ന് മനസ്സിലാക്കാനാകും. പലകുറി പലവിധത്തിൽ ഞാൻ പലപ്പോഴായി ആവർത്തിച്ചത് വീണ്ടും പറയുന്നു. ദൈവത്തിനുവേണ്ടി നിങ്ങളൊന്നും ചെയ്യേണ്ടതില്ല. നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങളുടെ കൂടെനില്ക്കുന്ന ഒരാളെയെങ്കിലും സംതൃപ്തിപ്പെടുത്താൻ കഴിയുന്നുണ്ടോ എന്ന് നോക്കുക. അപ്പോൾ പിടികിട്ടും പലതും. ഈ ശരീരം തന്നിരിക്കുന്നത് ദൈവത്തിനെ ആരാധിക്കാനല്ല. മറ്റുള്ളവരെ ശരീരം കൊണ്ടും മനസ്സുകൊണ്ടും സഹായിക്കാനാണുതാനും. നിങ്ങൾ ചെയ്തു കൊടുക്കുന്ന സഹായം കൊണ്ട് മറ്റൊരാൾ ജീവിതത്തിൽ മുന്നേറുമ്പോൾ അയാൾ ചിലപ്പോൾ നിങ്ങൾക്കുവേണ്ടി ദൈവത്തിനോട് പ്രാർത്ഥിക്കുമായിരിക്കും. അപ്പോഴും നിങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കരുത്. മറ്റുള്ളവരുടെ മനസ്സിൽ നമ്മളെക്കുറിച്ചൊരു നല്ല ചിന്ത ഉണരുമ്പോഴേ നമ്മളിൽ നല്ല മാറ്റം ഉണ്ടാവുന്നു. അല്ലാത്തപക്ഷം മറിച്ചും നമ്മളിൽ നന്മതിന്മകൾ സംഭവിച്ചുകൊണ്ടേയിരിക്കും.

ശരിയും തെറ്റും മാറിക്കൊണ്ടിരിക്കും. ഇന്നലകളിലെ ശരി ഇന്ന് തെറ്റായിത്തീരും. ഇന്നാണല്ലോ നമ്മൾ ജീവിക്കുന്നത്. ഇന്നത്തെ ശരിയുടെ കൂടെ നീങ്ങണം. മാറ്റം പ്രകൃതി നിയമമാണല്ലോ. മഹാത്മാഗാന്ധിജിയെ, വിവേകാനന്ദനെ, മദർ തെരേസയെ എല്ലാം നമ്മൾ ഇഷ്ടപ്പെടുമ്പോഴും ഇന്ന് ഇതുപോലെ ജീവിക്കുന്ന പലരേയും നമുക്ക് ഇഷ്ടമില്ലതാനും. ചിന്തിക്കേണ്ടതുണ്ട്. നിങ്ങൾ എന്താണോ അതിന് വിപരീതമായതിനോടാവും നിങ്ങൾക്ക് താത്പര്യം. ഇവിടെ ഇല്ലാത്തതിനോട് ഇഷ്ടം കൂടും, ഉള്ളതിനോട് മറിച്ചും തോന്നും.

ബഹുഭൂരിപക്ഷം ആളുകൾക്കും ലഭിക്കുക ചെയ്യാനിഷ്ടമില്ലാത്ത ജോലികളാവും. അതുപോലെത്തന്നെ നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരെയാണ് ദൈവം നിങ്ങൾക്കു ചുറ്റും വിന്യസിപ്പിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കി അവരെ സ്നേഹിക്കുക. മറ്റുള്ളവരെ ഉപദ്രവിക്കാതിരിക്കുക. മാറേണ്ടതും മാറ്റം വരേണ്ടതും നമ്മളിലാണ്. അത് നല്ലതിനാകട്ടെ.

ഒരു പീഡ ഉറുമ്പിനും കൂടി വരുത്തരുതെന്ന് പറഞ്ഞ ഗുരുവിനെ ആര് അറിയുന്നു ? അതുപോലെ ആര് പ്രവൃത്തിക്കുന്നു ? പ്രാർത്ഥിച്ചാൽ മാത്രം പോരല്ലോ, പ്രവൃത്തിയും നല്ലതാകേണ്ടേ ?

ദൈവമുണ്ട്. എനിക്ക് ദൈവത്തിൽ വിശ്വാസമുണ്ട്, ഭക്തിയുണ്ട് എന്നെല്ലാം കരുതുന്നവർക്കുള്ള ഒരു പരീക്ഷണമാണ് ഇവിടെ നടക്കുന്നത്. നിങ്ങൾ ഇഷ്ടപ്പെടുന്നവരെ മാത്രമല്ല നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരേയും സൃഷ്ടിച്ചിരിക്കുന്നത് ദൈവമാകുമ്പോൾ നിങ്ങൾ ഏതുഭാഗത്താണ് ? ദൈവത്തിന്റെ ഭാഗത്താണെങ്കിൽ ഈ പ്രശ്നം ഉൾപ്പടെ പല പ്രശ്നങ്ങളും നിങ്ങളെ ഒരുതരത്തിലും ബാധിക്കുകയില്ല. ദൈവവിശ്വാസിയാണെങ്കിലും നിങ്ങൾ ദൈവത്തിനോടൊപ്പമല്ലല്ലോ. നിങ്ങൾ നിങ്ങൾക്ക് ശരിയെന്ന് തോന്നുന്ന പക്ഷത്തോടൊപ്പമാകുമ്പോൾ ദൈവത്തിന്റെ മറുപകുതിയോടാണ് നിങ്ങൾ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത്. അങ്ങനെ നിരവധി തവണ ഇരുപുറത്തുമായി മാറി മാറി യുദ്ധം ചെയ്ത് ഒടുവിൽ ലഭിക്കുന്നത് ഒരു വലിയ തിരിച്ചറിവായിരിക്കും. അതുവരേയും ഒന്നും നിങ്ങൾക്ക് മനസ്സിലാവില്ല, ആർക്കും മനസ്സിലാക്കിത്തരാനുമാവില്ല.

ഈ ചെറിയ ജീവിതത്തിൽ നമ്മുടെ സാന്നിദ്ധ്യം അറിയിക്കാനായി പിറന്നുവീണതും കരയുന്നു. പിന്നെ ചിരിക്കുന്നു, സംസാരിക്കുന്നു, ശരിയെന്നു തോന്നിയത് ചെയ്യുന്നു, തെറ്റായി ഭവിച്ചതിൽ ഖേദിക്കുന്നു, കിട്ടിയ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നു. നാളെ ഇന്നത് ചെയ്യണം മറ്റന്നാൾ അയാളെ പോയൊന്നു കാണണം എന്നെല്ലാം ചിന്തിച്ചിരിക്കുമ്പോൾ മരണം വന്ന് ഇന്നേ കൂട്ടിക്കൊണ്ടുപോകുന്നു. കർമ്മം തീരും വരെ ഉറങ്ങാനായില്ല. നാളെക്കുറിച്ചുള്ള ചിന്തകളും ആവലാതികളും ഉറക്കത്തെ പലപ്പോഴും തടസ്സപ്പെടുത്തും. കർമ്മം തീർന്നപ്പോൾ ഉറങ്ങിയതുമറിഞ്ഞില്ല. എന്തിനാണോ ഈ ഭൂമിയിൽ വന്നെത്തിയത് അത് ചെയ്തുതീർന്നപ്പോൾ അറിയാതെ ഉറങ്ങിപ്പോയി, മരിച്ചുപോയി. ഇത്രയേ ഉള്ളൂ ജീവിതം. കലപില കൂട്ടാനായി വന്നവർ, മറ്റുള്ളവരുടെ സമാധാനം കെടുത്താനായി വന്നവർ ആ പണിയും. സമാധാനവും സന്തോഷവും അറിവും നല്കാനായി വന്നവർ ആ പണിയും ഇവിടെ ഭംഗിയായിത്തന്നെ ചെയ്യും. വീക്ഷണം ഉയരങ്ങളിൽ നിന്നുമാകുമ്പോൾ ഈ രണ്ടുകൂട്ടരേയും കാണാം. അവരിലെ ശരിയേയും പ്രവൃത്തികളുടെ അനിവാര്യതകളേയും നമുക്ക് തിരിച്ചറിയാനാകും. ആവുന്നത്ര അറിവുകൾ സ്വായത്തമാക്കി വാസം എന്നും ദൈവത്തോടൊപ്പമാക്കാം.

# കാലം മാറുമ്പോൾ ആചാരങ്ങളും മാറേണ്ടേ ?

**ഏ**താണ്ട് 40 വർഷങ്ങൾക്കുമുൻപ് ഞങ്ങളുടെ അടുത്തുണ്ടായിരുന്ന ഒരു മുസ്ലീം സുഹൃത്ത് കുറി തൊട്ട് ഗുരുവായൂരമ്പലത്തിൽ പോകാറുണ്ടായിരുന്നു. ആരും അദ്ദേഹത്തിനെ തടഞ്ഞില്ല. ആർക്കും ഒരു പ്രശ്നവും ഉണ്ടായില്ല. ഞാൻ ഇതു പറഞ്ഞത് ശബരിമല പ്രശ്നപശ്ചാത്തലത്തിലാണ്. സ്ത്രീ പുരുഷസമത്വത്തിനുവേണ്ടി പൊരുതുന്നവർ ഒരു 50 വർഷം മുമ്പത്തെ സ്ത്രീ സ്വാതന്ത്ര്യവും വിശ്വാസ സ്വാതന്ത്ര്യവും ആരാധനാ സൗകര്യങ്ങളും ഇന്നത്തെ വ്യത്യാസങ്ങളും താരതമ്യം ചെയ്യേണ്ടതാണ്. പണ്ടത്തെ സ്ത്രീ വിദ്യാഭ്യാസവും ഇപ്പോഴത്തെ സ്ത്രീ വിദ്യാഭ്യാസവും (പ്രത്യേകിച്ച് മുസ്ലീം സ്ത്രീകൾ) ഒന്നു താരതമ്യം ചെയ്യുക. ഒരു യഥാർത്ഥ വിശ്വാസി, മനസ്സും ശരീരവും ശുദ്ധമാണെങ്കിൽ മാത്രമേ ഏത് ആരാധനാലയത്തിലും പോകാവൂ. അല്ലാത്തവരൊന്നും യഥാർത്ഥ വിശ്വാസികളല്ല. പണ്ട് മാലയിട്ടാൽ ഒരു സ്വാമീ ആർത്തവമുണ്ടാവാൻ പ്രായമുള്ള ഒരു സ്ത്രീയേയും കാണാൻ കൂട്ടാക്കാറില്ല. അതുകൊണ്ട് പുറത്തുപോകുന്നതുപോലും വളരെ ശ്രദ്ധിച്ചാണ്. പക്ഷെ ഇപ്പോഴോ ? കയറുന്ന ബസിലും, ട്രെയിനിലുമൊക്കെ എത്രയോ യുവതികളുണ്ടാവും ! വല്ല കുഴപ്പവുമുണ്ടോ ? അതുകൊണ്ട് എല്ലാ സ്ഥലങ്ങളിലും പുരോഗമനം വരുമ്പോൾ ശബരിമലയിലും എല്ലാവർക്കും ആരാധനക്കുള്ള സൗകര്യം ചെയ്തു കൊടുക്കുകയല്ലേ വേണ്ടത്. എല്ലാവർക്കും താമസിക്കാനും, ഭക്ഷണം കഴിക്കാനും, ശുദ്ധമായി അമ്പലത്തിൽ പോകാനും, സുരക്ഷയും അടക്കമുള്ള സൗകര്യം ഏർപ്പെടുത്തുകയല്ലെ വേണ്ടത്. അതിനല്ലെ വളർച്ച എന്നുപറയുന്നത്. ശബരിമല ഒരു സോഷ്യലിസ്റ്റ് ക്ഷേത്രമാണെന്നോർമ്മ വേണം.

പണ്ട് യുവതികൾ പോവാതിരുന്ന കാലവും അന്നത്തെ യാത്രാ, താമസ, സുരക്ഷാ സൗകര്യങ്ങളുമൊക്കെ നാം ആലോചിയ്ക്കണം. കാൽനടയായി, വിരിവെച്ച്, കരിമലയും, നീലിമലയും അഴുതയും ചവിട്ടി, പുരുഷന്മാരെ പോലെ വഴിവക്കിൽ മൂത്രമൊഴിച്ച്, അഴുതയിൽ കുളിച്ച് പോകാൻ യുവതികൾക്കാവില്ല. ഇതുകൂടാതെ വഴുവഴുത്ത വഴി. ആനയടക്കമുള്ള കാട്ടുമൃഗങ്ങൾ. ഇവയെ നേരിടാൻ പുരുഷനെ പോലെ സ്ത്രീക്കാവില്ല. അപ്പോൾ ചോദിയ്ക്കും 10 വയസ്സുവരെയുള്ള പെൺകുട്ടികളും, 50 വയസ്സുകഴിഞ്ഞ സ്ത്രീകളുമോ ? 10 വയസ്സ് വരെയുള്ള കുട്ടിയെ പിതാവോ, ജ്യേഷ്ഠനോ ആണ് കൊണ്ടുപോകുന്നത്. പലപ്പോഴും എടുത്താണ് അവർ കുട്ടിയെ കൊണ്ടുപോകുന്നത്. 10 വയസ്സുവരെയുള്ള ആൺകുട്ടികളും പെൺകുട്ടിയും തമ്മിൽ വലിയ വ്യത്യാസമുണ്ടാവില്ലല്ലോ. വയസ്സായ അമ്മമാർ പോകുന്നതും ഭർത്താവിന്റെയോ മക്കളുടേയോ കൂടെയാകും. അവരിൽ ഭക്തിയായിരിയ്ക്കും 100 ശതമാനവും. അവർക്ക് ശരീരക്ഷീണം മാത്രമാവും ഒരു പ്രശ്നം. അത് അവർ ഭക്തികൊണ്ട് മറികടക്കുകയും ചെയ്യും. പക്ഷെ ഇക്കാര്യങ്ങളൊക്കെ പറഞ്ഞാൽ ആരും പണ്ട് കേട്ടെന്നിരിയ്ക്കില്ല. അതുകൊണ്ട് അത് ദൈവത്തിനിഷ്ടമല്ല എന്നുപറഞ്ഞാൽ പ്രശ്നം തീർന്നു. ദൈവത്തിനിഷ്ടമല്ലാത്ത ഒന്നും അന്ന് ആരും ചെയ്യില്ല. എല്ലാ ആചാരങ്ങൾക്ക് പിന്നിലും ഭൗതികമായ ഒരു കാരണമുണ്ടാവും. പക്ഷെ ഭൗതിക കാരണം എല്ലാവരും അംഗീകരിയ്ക്കില്ല. അതുകൊണ്ട് അതിൽ ഒരു ദിവ്യകാരണം സിമന്റായി ചേർക്കുന്നു എന്നു മാത്രം. അത് സത്യത്തിൽ ആ കാലത്ത് ഏറ്റവും നല്ലതുമായിരുന്നു. ഇന്നങ്ങിനെയല്ല. തീർത്ഥാടകർക്ക് എല്ലായിടത്തും താമസ, ഭക്ഷണ, സുരക്ഷയൊരുക്കാം ദർശനത്തിനും തിരക്കു കുറക്കാനും നടപടികളെടുക്കണം. സ്ത്രീകൾക്കും, പുരുഷനും വേറെ വേറെ ക്യൂ ആയാലും ചിലപ്പോൾ ഒറ്റപ്പെടും. അതിനൊക്കെയുള്ള പരിഹാരം കാണണം. ആവശ്യമില്ലെങ്കിൽ പുതിയ പടികൾ നിർമ്മിയ്ക്കണം. ശബരിമല എല്ലാദിവസവും തുറന്നാൽ പ്രശ്നം തീരും. അല്ലാതെ സമരം കൊണ്ട് ഇത്തരം കാര്യങ്ങളെ, നേരിടുന്നത് ശരിയല്ല. എപ്പോഴും പരിഹാരം കാണേണ്ടത് അടിസ്ഥാന കാരണങ്ങൾക്കാണ്. ശബരിമലയെ എന്തുകൊണ്ട് തിരുപ്പതി പോലെ കണ്ടുകൂടാ. കാലം മാറുമ്പോൾ ആചാരങ്ങളും മാറേണ്ടേ ? ഗുരുവായൂരിൽ ഇപ്പോൾ ചുരിദാറിടാമല്ലോ. പണ്ട് കറണ്ടുണ്ടായിരുന്നോ ? ഇന്നോ? നിവേദ്യം പാകം ചെയ്യുന്നത് പലയിടത്തും ഗ്യാസ് സ്റ്റൗവിലല്ലേ ? കാണിയ്ക്കയിട്ടിരുന്നത് 25 ഓ 50 ഓ പൈസയല്ലേ ? ഇന്നോ ? പണ്ട് കുളിച്ചിരുന്നത് അമ്പലക്കുളത്തിൽ. ഇന്നോ കുളിമുറിയിൽ അല്ലേ ?

ഇത് ഒരവസരമാണ് ശബരിമലയ്ക്കും പരിസര പ്രദേശങ്ങൾക്കും വളരാൻ വികസിയ്ക്കാൻ അത് നഷ്ടപ്പെടുത്തരുത്.

സുപ്രീം കോടതി വിധി ഒരു ഭാഗ്യമായി കാണണം. വിശ്വാസമുള്ള എല്ലാവർക്കും ജാതിമതവർഗ്ഗ ലിംഗവ്യത്യാസമെന്യേ (സർവലോകർക്കും) എല്ലാവിധ സൗകര്യങ്ങളോടേയും എല്ലാദിവസവും ദർശനം സാധ്യമാക്കി, ക്ഷേത്ര കീർത്തി ലോകം മുഴുവൻ എത്തിയ്ക്കുകയാണ് വേണ്ടത്. അതിനാലാണ് നമ്മൾ ഇതിനെ സഹായിയ്ക്കുന്ന നിലപാടെടുക്കണമെന്ന് തോന്നാൻ കാരണം. സ്വാർത്ഥത ഇക്കാര്യത്തിൽ അപകടം വരുത്തും. ഇത് എല്ലാ മതങ്ങൾക്കും ബാധകമാണ്.

വായനക്കാരേ
ഏക തത്ത്വയുടെ വരിക്കാരാവൂ...

# കേരള നവോത്ഥാന ചരിത്രത്തിലെ സമരങ്ങൾ

1949 നവംബർ 26ന് നമ്മുടെ ഭരണഘടന തയ്യാറാക്കുന്നതിന് മുമ്പുതന്നെ, അന്നത്തെ കേരളത്തിലെ (തിരുവിതാംകൂർ - കൊച്ചി, മലബാർ, അന്നത്തെ മദ്രാസ് സംസ്ഥാനത്തിലെ ചില ഭാഗങ്ങൾ ഉൾപ്പെട്ടപ്രദേശം) സാമൂഹ്യപരിഷ്ക്കർത്താക്കളും, എല്ലാവരേയും ലിംഗ, ജാതി, മതഭേദങ്ങൾക്കതീതമായി മനുഷ്യരായ് മാത്രം കണ്ടിരുന്ന സുമനസ്സുകളും ചേർന്ന്, സാമൂഹ്യ അസമത്വങ്ങൾക്കെതിരെ, പോരാടിയ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. ഇന്ന് ഭരണഘടന അനുസരിച്ച് മൗലിക അവകാശങ്ങൾ ഭാരതത്തിലെ എല്ലാ പൗരന്മാർക്കും ഒരേപോലെ അനുവദിച്ചു തന്നിട്ടുകൂടി, അത് പ്രകാരം, പാലിക്കാൻ ആഗ്രഹിക്കുന്നവരെ അതിൽ നിന്ന് വിലക്കുന്ന സാഹചര്യം ഉടലെടുക്കുന്നത് കാണുമ്പോഴാണ്, ഇന്നത്തേതിൽ നിന്നും വ്യത്യസ്തമായി, രാജഭരണമായിരുന്നെങ്കിലും, അന്നത്തെ ഭരണാധികാരികളുടെ പ്രതിബദ്ധതയും, ജനസേവനതല്പരതയും മനസ്സിലാവുന്നത്. മേൽപറഞ്ഞ ഭരണഘടനാപുസ്തകത്തെ ഇന്ത്യയിലെ ഏറ്റവും, ബൃഹത്തായതും, മഹത്തരമായതുമായ ഒരു ഗ്രന്ഥമായി തന്നെ കണക്കാക്കാമെന്ന് തോന്നുന്നു. വായനക്കാരുടെ അറിവിലേക്കായി ഇതിന്റെ മുഖക്കുറിപ്പ് താഴെ കൊടുക്കുന്നു. ഇതിൽ പറഞ്ഞിട്ടുള്ള 'Al l its citizen' എന്ന വാക്ക് ഉള്ളേടത്തോളം വ്യക്തിപരമായ സ്വാതന്ത്ര്യത്തെക്കുറിച്ചും അതുൾപ്പെടുന്ന മൗലികാവകാശത്തെക്കുറിച്ചും പരമോന്നത നീതിപീഠമായ സുപ്രീം കോടതിക്ക്, ഇതിന്റെ അടിസ്ഥാനത്തിലെ എന്തെങ്കിലും നിഗമനങ്ങളിലെത്താൻ പറ്റൂ.



**ടി. വി. നാരായണൻ കുട്ടി**
**9446030344**

### The Constitution of India

WE, THE PEOPLE OF INDIA having solemnly resolved to Constitute India into a SOVEREIGN DEMOCRATIC REPUBLIC and to secure to all its citizen JUSTICE, Social economic and political LIBERTY of thought, Expression belief faith and worship.

EQUALITY of status and of opportunity and to promote among them all FRATERNITY, assuring the dignity of the individual and the unity of the Nation.

IN OUR CONSTITUENT ASSEMBLY this twenty sixth day of November 1949, do HEREBY, ADOPT, ENACT, AND GIVE TO OURSELVES THIS CONSTITUTION.

### മലയാള പരിഭാഷ

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും, ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും, സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതി ചിന്ത, ആശയാവിഷ്ക്കാരം, വിശ്വാസം, മതനിഷ്ഠ, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പ് വരുത്തുന്നതിനും, വ്യക്തിയുടെ അന്തസ്സും, രാഷ്ട്രത്തിന്റെ ഐക്യവും, അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം. എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽ വെച്ച് ഇന്ന് 1949 നവംബർ ഇരുപത്തിയാറാം തിയതി ഈ ഭരണഘടന അംഗീകരിക്കുകയും, നിയമമാക്കുകയും, നമുക്കായി തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.

സ്വാതന്ത്ര്യത്തിന് മുമ്പുനടന്ന
നവോത്ഥാന സമരങ്ങൾ
(സംക്ഷിപ്ത വിവരണം)

**1. ചാന്നാർ ലഹള**

തെക്കൻ തിരുവിതാംകൂർ ഭാഗത്തെ ചാന്നാർ വിഭാഗത്തിൽ പെട്ട സ്ത്രീകൾ തന്നെ നേതൃത്വം നൽകി നടത്തിയ സമരമാണിത്. അവർക്ക് സ്വന്തം മാറ് മറയ്ക്കാനുള്ള അവകാശം നേടിയെടുക്കാനായിരുന്നു ഈ സമരം. 1813ൽ തുടങ്ങിയ ഈ സമരം ദീർഘകാലം നീണ്ടുനിന്നെങ്കിലും 1859ൽ വിജയം കണ്ടു. ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം ലഭിച്ചു.

**2. അച്ചിപ്പുടവ സമരം**

ചാന്നാർ ലഹള അവസാനിക്കുന്നതിന് ഏകദേശം ഒരുവർഷം മുമ്പ് 1858ൽ നടന്ന സമരമാണിത്. ഈ പുടവ നെയ്യുന്നത് ഈഴവരാണെങ്കിലും അവർക്കിത് ധരിക്കാനുള്ള അവകാശം നിഷേധിച്ചിരുന്നു. മാത്രമല്ല മുട്ടിന് താഴെ യാതൊന്നും ധരിക്കാനും പാടില്ലായിരുന്നു. ഇങ്ങിനെ ചെയ്യുന്നവർക്കെതിരെ സവർണ്ണർ അക്രമം അഴിച്ചുവിട്ടു. ഇതിന്നെതിരെ ആറാട്ടുപുഴ വേലായുധ പണിക്കരുടെ നേതൃത്വത്തിൽ അവർണ്ണരെ സംഘടിപ്പിച്ച് നടത്തിയ സമരമാണ് 'അച്ചിപ്പുടവസമരം' (ഉയർന്ന നിലവാരത്തിലുള്ള പുടവ). ഈ സമരവും താമസിയാതെ വിജയം കണ്ടു.

**3. അരുവിപ്പുറം പ്രതിഷ്ഠ**

ദേവപ്രതിഷ്ഠ നടത്താൻ 'ബ്രാഹ്മണർക്ക് മാത്രമേ അധികാരമുള്ളു' എന്ന വെല്ലുവിളിക്കെതിരെ ശ്രീനാരായണ ഗുരു തന്നെ രംഗത്തെത്തി. തന്റെ അവർണ്ണരായ ശിഷ്യന്മാരോടൊത്ത് 1888ൽ അരുവിപ്പുറത്ത് ശിവലിംഗ പ്രതിഷ്ഠ നടത്തി. ഇതിന്നുശേഷം തൃശ്ശൂരിന്നടുത്ത് കൂർക്കഞ്ചേരി, കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലെ ജഗന്നാഥ ക്ഷേത്രം, കോഴിക്കോട് ശ്രീകണ്ഠേശ്വര ക്ഷേത്രം, മണ്ണാറശ്ശാല, കുളത്തൂർ തുടങ്ങി 90 ഓളം ക്ഷേത്രങ്ങളിൽ ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ വിഗ്രഹ പ്രതിഷ്ഠ നടന്നെന്നാണ് പറയപ്പെടുന്നത്.

### 4. മൂക്കുത്തിസമരം

അവർണ്ണ സ്ത്രീകളെ, സ്വർണ്ണ, വെള്ളി മൂക്കുത്തിയോ, ആഭരണങ്ങളോ അണിയുന്നതിൽ നിന്ന് സവർണ്ണർ വിലക്കേർപ്പെടുത്തി. പന്തളം ചന്തയിൽ പൊന്നിൻ മൂക്കുത്തി അണിഞ്ഞെത്തിയ ഒരു അവർണ്ണ സ്ത്രീയുടെ മൂക്കുത്തി പറിച്ചെടുത്ത് സവർണ്ണർ പകരം വീട്ടി. ഇതിൽ പ്രതിഷേധിച്ച് ആറാട്ടുപുഴ വേലായുധ പണിക്കർ കുറേ അവർണ്ണ സ്ത്രീകൾക്ക്, പൊന്നിൻ മൂക്കുത്തി വാങ്ങി അണിയാൻ കൊടുത്തു. ഇതോടെ സമരം പൊളിഞ്ഞു. 1860ലാണിത് നടന്നത്.

### 5. വില്ലുവണ്ടി സമരം

അന്നത്തെ ഏറ്റവും വില കൂടിയതും പ്രൗഢമായതുമായ വാഹനമായ വില്ലു വണ്ടിയിൽ അവർണ്ണർക്ക് സഞ്ചാരസ്വാതന്ത്ര്യം നിഷിദ്ധമായിരുന്നു. തമ്പ്രാക്കളുടെ പ്രമാണിക്ക് മാത്രമേ ഇതുപയോഗിക്കാനവകാശമുണ്ടായിരുന്നുള്ളു. 'അയ്യങ്കാളി' ഇതിന്നെതിരെ പ്രതികരിക്കുകയും വില്ലുവണ്ടിയിൽ സ്വയം കയറി യാത്ര നടത്തി പ്രതിഷേധിക്കുകയും ചെയ്തു. ഇതേ തുടർന്ന് താഴ്ന്ന ജാതിക്കാർക്കും പൊതുവഴിയിൽ സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ച് തിരുവിതാംകൂർ മഹാരാജാവ് ഉത്തരവ് പുറപ്പെടുവിക്കാൻ നിർബന്ധിതനായി (1893ൽ).

### 6. തൊണ്ണൂറാമത് ലഹള

കർഷകത്തൊഴിലാളികളെ സംഘടിപ്പിച്ച് 'അയ്യങ്കാളി'യുടെ നേതൃത്വത്തിൽ നടന്ന ഈ സമരം കേരളചരിത്രത്തിലെ ആദ്യത്തെ തൊഴിൽസമരമെന്ന പേര് നേടി. ഈസമരം ഏകദേശം ഒരുവർഷം നീണ്ടുനിന്നതായി പറയുന്നു. വേതനവർദ്ധനയോടൊപ്പം, ദളിത് കുട്ടികളുടെ പള്ളിക്കൂട പ്രവേശനവും മുഖ്യആവശ്യങ്ങളായിരുന്നു. ഈ സമരം ഇംഗ്ലീഷ് വർഷം 1914ന് തുല്യമായ മലയാള വർഷം (കൊല്ല വർഷം) 1090ൽ നടന്നതിനാൽ ഇതിന് 'തൊണ്ണൂറാമത് ലഹള' എന്നും പറയുന്നു.

### 7. കല്ലുമാല ബഹിഷ്കരണ സമരം

പുലയസമുദായാംഗങ്ങൾക്ക് കല്ലുമാലയും കുപ്പിമാലയുമല്ലാതെ പൊന്നും വെള്ളിയും അണിയാനുള്ള അവകാശ നിഷേധത്തിനെതിരെ അയ്യങ്കാളിയുടെ നേതൃത്വത്തിൽ പീരങ്കി മൈതാനിയിൽ നടന്ന സമ്മേളനത്തിൽ ഈ അവകാശം സ്ഥാപിച്ചുകിട്ടാനുള്ള സമരാഹ്വാനം പുറപ്പെടുവിച്ചു. മാത്രമല്ല അണിഞ്ഞ കല്ലുമാല, അവിടെവെച്ച് തന്നെ അറുത്തെറിയാനും, ഈ സമ്മേളനത്തിൽ തീരുമാനമായി. ഇതനുസരിച്ച് അവിടെ കൂടിയവരെല്ലാം ഈ സമരാഹ്വാനത്തിനനുസരിച്ച് പ്രവർത്തിച്ചു. ഒടുവിൽ സമരം വിജയിച്ചു. ഇത് 'പെരിനാട് ലഹള' എന്ന പേരിലും അറിയപ്പെട്ടിരുന്നു (1915).

### 8. തളിക്ഷേത്രസമരം

1917ൽ മിതവാദി സി. കൃഷ്ണൻ വക്കീലും, അഡ്വക്കേറ്റ് മഞ്ചേരി രാമയ്യരും നേതൃത്വം നൽകിയ സമരമാണിത്. സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി നിയമം ലംഘിച്ച് ആ വിവരം അധികാരികളെ അറിയിക്കുകയും, നടപടിയെടുക്കാൻ അവരെ വെല്ലുവിളിക്കുകയും ചെയ്യുക എന്നതായിരുന്നു സമരരീതി. കോഴിക്കോട്ട് തളിക്ഷേത്രത്തിലേക്ക് താഴ്ന്ന ജാതിക്കാർക്ക് പ്രവേശനം നിഷേധിച്ചതിന്നെതിരെയായിരുന്നു ഈ സമരം. ഒടുവിൽ ഈ സമരവും വിജയിച്ചു.

### 9. നെടുമങ്ങാട് ചന്തലഹള

നെടുമങ്ങാട് ചന്തയിൽ അക്കാലത്ത് സവർണ്ണർക്ക് മാത്രമേ കച്ചവടം ചെയ്യാൻ അവകാശമുണ്ടായിരുന്നുള്ളു. അവർണ്ണർക്ക് ചന്തയ്ക്ക് പുറത്തായിരുന്നു സ്ഥാനം; മാത്രമല്ല വിലപേശി സാധനങ്ങൾ വില്ക്കാൻ അനുവാദവുമില്ലായിരുന്നു. ഇതിനുപുറമെ ഇവരിൽ നിന്ന് അന്യായപിരിവും നടത്തുമായിരുന്നു. അയ്യങ്കാളിയുടെ നേതൃത്വത്തിൽ ഇതിന്നെതിരെ ശക്തമായ പ്രതിഷേധ സമരം നടന്നു. തുടർന്ന് ചന്തയിൽ പ്രവേശനം അനുവദിക്കുകയും സ്വതന്ത്രമായി കച്ചവടം നടത്താനുള്ള സാഹചര്യം ഒരുക്കാനും തീരുമാനമാവുകയും ചെയ്തു (1931–32).

### 10. പാലിയം സത്യാഗ്രഹം

ചേന്ദമംഗലം ക്ഷേത്രത്തിന് സമീപത്തുകൂടിയുള്ള പാലിയം റോഡിൽ അഹിന്ദുക്കൾക്ക് അനുവദിച്ച സഞ്ചാരസ്വാതന്ത്ര്യം, താഴ്ന്ന ജാതിക്കാരായ പുലയർക്ക് നിഷേധിച്ചു. ഇതിന്നെതിരെ പുലയമഹാസഭയും, എസ്. എൻ. ഡി. പി.യും സംയുക്തമായി നടത്തിയ സമരത്തിൽ ഇവർക്കൊപ്പം ഭൂരിഭാഗം രാഷ്ട്രീയ പാർട്ടികളും അണിചേർന്നു. തുടർന്ന് എല്ലാവർക്കും സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കാൻ അധികാരികൾ നിർബന്ധിതരായി (1947ൽ നടന്നു).

### 11. ഗുരുവായൂർ സത്യാഗ്രഹം

1931–32 കാലത്താണ് പ്രസിദ്ധമായ ഗുരുവായൂർ സത്യാഗ്രഹം നടന്നത്. എല്ലാ വിഭാഗത്തിലും പെട്ട ഹിന്ദുക്കൾക്ക് അമ്പലത്തിൽ പ്രവേശനമനുവദിക്കണമെന്നാവശ്യപ്പെട്ടായിരുന്നു സത്യാഗ്രഹസമരം. സ്വാതന്ത്ര്യസമരസേനാനി ശ്രീ. കെ. കേളപ്പന്റെ നേതൃത്വത്തിലാണിത് ആരംഭിച്ചത്. ഇതിൽ പങ്കെടുത്ത വളന്റിയർമാരുടെ ക്യാപ്റ്റൻ ശ്രീ. എ. കെ. ഗോപാലനായിരുന്നു. സമരവളന്റിയർമാരും, നേതാക്കന്മാരും ധാരാളം പീഡനങ്ങൾക്കിരയായ ശേഷം ഒടുവിൽ സാമൂതിരിപ്പാട് ക്ഷേത്രപ്രവേശനം അനുവദിച്ചുത്തരവായി. ●

# പൊങ്ങച്ചക്കൊട്ടാരത്തിലെ റാണി

**ചെറിയാൻ തോട്ടുങ്കൽ**
**8281343742**



**നാ**ല് സെന്റിലെ റാണി എന്നറിയപ്പെടുന്ന നുണച്ചിയുടെ നുണക്കഥകൾ കേട്ടാൽ ആരും അമ്പരന്നുപോകും അത്ര കഴിവുണ്ട് റാണിയുടെ പൊങ്ങച്ചത്തിന്. സാധാരണ കലയെന്ന് പറയുമ്പോൾ സാഹിത്യം, ചിത്രം, വര, പ്രതിമ സൃഷ്ടി ഇങ്ങനെ പലതിനേയും കലയായി കാണുന്നു. അതുപോലെ പൊങ്ങച്ചവും നുണയും ഒരു പ്രത്യേക കലയായി കാണണം. മറ്റുള്ള കലകളെ കവച്ചു വെക്കുന്ന രീതിയാണ് നുണയും പൊങ്ങച്ചവും. സീറോയിൽ കൂടി വന്നവരാണെങ്കിലും പൊങ്ങച്ചം പറച്ചിലിൽ മേത്തരക്കാർ. ജനിച്ചപ്പോൾ തന്നെ ഉന്നതന്മാരാണെന്നും കോടീശ്വരന്മാരാണെന്നും നാടുമുഴുവനും സ്വന്തത്തിൽ ആയിരുന്നുവെന്നും തട്ടിവിടും. പഴയകാലം മുതലേ ചേരുവകൾ ഇല്ലാത്ത ഒരു കൂട്ടമാണ് അമ്മായിഅമ്മയും മരുമക്കളും. ഇഷ്ടമില്ലാത്ത മരുമകൾ ആണെങ്കിൽ തൊട്ടതിനെല്ലാം കുറ്റം. ഇവരുടെ പോര് മുറുകുമ്പോഴാണ് ചിലപ്പോൾ മരുമകൾ കിണറ്റിൽ ചാടുന്നതും കയറെടുക്കുന്നതും. ഇത് ഒരു തരത്തിൽ പകപോക്കലാണ്. അമ്മായി അമ്മ ഒരുകാലത്ത് മരുമകൾ ആയിരുന്നു വല്ലോ. അന്ന് അനുഭവിച്ചതെല്ലാം പകരം വീട്ടുന്നത് തനിക്ക് വന്ന മരുമകളോടാണ്. യൗവ്വനത്തിൽ തന്നെ ഭർത്താവ് മരിക്കുകയോ മറ്റോ ചെയ്താൽ വിധവയായ അമ്മായിഅമ്മ മരുമകളുടെ ജീവിതത്തിലെ കട്ടുറുമ്പാണ്. മകനോട് പെരുമാറുന്നത് ഇഷ്ടപ്പെടുകയില്ല. ഇത് ഒരുതരം ഹിസ്റ്റീരിയ രോഗം പോലെയാണ്. വിദ്യാഭ്യാസമില്ലാത്ത മകന്റെ ഭാര്യയാകാൻ വരുന്നവൾ ഡോക്ടറായിരിക്കണം അല്ലെങ്കിൽ എഞ്ചിനീയറാകണം ഇതൊന്നും അല്ലെങ്കിൽ പെണ്ണിന്റെ അച്ഛൻ കോടീശ്വരനായിരിക്കണം ഇതാണ് അമ്മായിഅമ്മമാരുടെ തീരുമാനം. മറ്റുള്ളവരെ ചൂണ്ടിക്കാണിച്ചുകൊണ്ട് കുറ്റവും കുറവുകളും പറഞ്ഞ് പീഡിപ്പിക്കുന്നത് ചില അമ്മായിഅമ്മമാരുടെ ഹോബികളിൽപെട്ടതാണ്. എന്നാൽ ഇത്തരം അമ്മായി അമ്മമാർക്കും പെൺകുട്ടികൾ ഉണ്ടെങ്കിൽ അവരുടെ ഭർത്താക്കന്മാരുടെ വീട്ടിലും ഇത്തരം പീഡനം ഉണ്ടാകും എന്ന് ഓർമ്മിക്കുന്നത് നല്ലതാണ്. മകളെ പോലെ കാണാതെ പ്രവർത്തിക്കുന്നവരിൽ ഒരു പാഠമാണ് തന്റെ പെൺമക്കളും ഒരുപക്ഷേ പീഡിപ്പിക്കപ്പെടുന്നത്. മരുമകളുടെ വീടുകളിൽ നിന്നും അത് കിട്ടണം ഇത് കിട്ടണം എന്ന് നിർബന്ധം പിടിക്കുന്നവരും ഉണ്ട്. കിട്ടിയില്ലെങ്കിൽ മരുമകളെ നിർത്തി പൊരിച്ചു കളയുന്ന അമ്മായിഅമ്മമാരും ഉണ്ട്. പെറ്റുവളർത്തിയ മകൻ എന്തായാലും വേണ്ടുകയില്ല മരുമകളുടെ കണ്ണുനീർ കാണണം. കറുത്ത മകനാണെങ്കിലും മരുമകൾ വെളുത്തതായിരിക്കണം. ഇത് നിർബന്ധം ഉള്ളവരും ഉണ്ട്. നാട്ടിൽ ജീവിച്ച രീതികളെല്ലാം മറന്ന് പാശ്ചാത്യ രീതിയിലായി കഴിഞ്ഞാൽ നാട്ടിലെ വ്യവസ്ഥകളെ പുച്ഛിക്കുകയും കുറ്റം പറഞ്ഞും അന്തസ്സിന് ചേർന്നതല്ലെന്നും അതുകൊണ്ട് ജനിച്ച നാട്ടിൽ കഴിയാൻ ആഗ്രഹിക്കുന്നില്ലെന്നും സ്വന്തക്കാരും ബന്ധുക്കളും ഒരു ശല്യം പോലെ ആയി തീരുമെന്നും കണക്കുകൂട്ടുന്നവർ ഉണ്ട്. നാട്ടിൽ ജീവിച്ച താൻ ജീവിച്ച പഴയ രീതികൾ ഇന്ന് ഒരുപക്ഷേ മോശമായിപ്പോയി എന്ന് കരുതും. മറുനാട്ടിലാകുമ്പോൾ താൻ ജീവിച്ച രീതികൾ ആരും അവിടങ്ങളിൽ അറിയുകയില്ലല്ലോ. തന്റെ തരികിടകളും വിളവുകളും നാട്ടിൽ പോവുകയില്ലല്ലോ. പൂർവ്വ കഥകൾ ഒന്നും മറുനാട്ടിൽ അറിയുകയുമില്ലല്ലോ. അന്യനാട്ടിൽ ആകുമ്പോൾ എന്ത് വിടലുകൾ വിട്ടാലും കേൾക്കുന്നവർ ശരിവെച്ച് ഓഛാനിച്ച് നിന്നു എന്നുവരാം. എതിരുകൾ പറഞ്ഞാൽ, കണ്ടത് പറഞ്ഞാൽ കഞ്ഞിയില്ല എന്ന് പറഞ്ഞത് പോലെ. അതുകൊണ്ട് ആരും എതിർത്ത് പറയുകയില്ല. ക്ഷമയുടെ നെല്ലിപ്പലക ചവിട്ടി നിൽക്കും. ചിലരുടെ ഭർത്താക്കന്മാർ നല്ല വ്യക്തികളായിരിക്കും. പക്ഷേ അമ്മായിഅമ്മയുടെ ചെപ്പടിയിൽ നിൽക്കുന്നത് കൊണ്ട് മക്കൾക്ക് സ്വന്തം ഭാര്യയോട് തന്നെ സ്വതന്ത്രമായി പെരുമാറാൻ പറ്റാത്ത അവസ്ഥയാണ്. ഭാവി ഉന്നതിയിലെത്താൻ ഇന്ന് പട്ടിണി കിടക്കുന്ന കൂട്ടരാണ് പലരും. വകമാറി ചിലവ് ചെയ്യലില്ല. ഇത്തരക്കാർ നാട് കാണാൻ എന്ന മട്ടിൽ ജനിച്ചുവളർന്ന വീട്ടിലേക്ക് വരുന്നത് വരുമ്പോൾ തന്നെ പറയും എല്ലാം ഇട്ടെറിഞ്ഞ് പോന്നതാണ്. കുട്ടികളുടെ പഠിപ്പ് പോയിപ്പോകും ഇത്തരം കാരണങ്ങൾ പറഞ്ഞ് വേഗം മടങ്ങുന്നു. സ്വന്തപ്പെട്ടവരെ കാണാനോ അവരുടെ വീടുകളിൽ പോകാനോ സമയം ഇല്ല, ഇഷ്ടവുമില്ല. നാട്ടിലെ ഭക്ഷണം പിടിക്കുകയില്ല, വെള്ളം പിടിക്കുകയില്ല ആകെ ഒരു വെപ്രാളം, ഒരു തിരക്കുകൂട്ടൽ. തിരിച്ചു പോകാൻ റെയിൽവേ സ്റ്റേഷനിൽ എത്തുംവരെ ഒരു ശ്വാസംമുട്ടൽ മാതിരിയാണ്. എത്തേണ്ടിടത്ത് എത്തിക്കഴിഞ്ഞാൽ എത്തിയ വിവരത്തിന് ഫോൺ ചെയ്യും. പിന്നെ വിളികേൾക്കുന്നത് മാസങ്ങളോളം കഴിഞ്ഞാണ്. ആ വിളിക്ക് എന്തെങ്കിലും ഒരു കാരണമുണ്ടാകും. നാട്ടിലെ ബന്ധങ്ങൾ ഒരു ബന്ധനം പോലെയാണ്. തങ്ങളുടെ വീട്ടിൽ പ്രായം ചെന്നവർ ആരെങ്കിലും വല്ല സുഖക്കേടായി മരിച്ചാൽ പേരുദോഷം പാവം മരുമക്കൾക്കാണ്. അവൾ കാല് കുത്തിയതെ ഉള്ളൂ അപ്പോഴേക്കും നാശങ്ങൾ തുടങ്ങി. ഇത്തരം അന്തമായ വിശ്വാസങ്ങൾ കാരണം മരുമക്കളെ പീഡിപ്പിക്കുന്നു. പൊരുത്തം എന്ന ഏടാകൂടം

പലപ്പോഴും ബന്ധങ്ങളെ വേർപെടുത്തുന്നു ഇതിന് ഉത്തരവാദി അമ്മായിഅമ്മ തന്നെ. പെൺകുട്ടികൾക്ക് എന്തെങ്കിലും പോരായ്മ ഉണ്ടെങ്കിൽ അത് സാരമില്ല എന്നാൽ എനിക്ക് ഇന്നതെല്ലാം കിട്ടിയാൽ മാത്രമേ കല്യാണം കഴിക്കുകയുള്ളൂ എന്ന് പറയുന്നവർ ഉണ്ട്. ഇത് ഒരുതരം കച്ചവടവ്യവസ്ഥയാണ്. ഇതിന് കൂട്ട് നിൽക്കുന്ന ബ്രോക്കർമാർ ഉണ്ട്. മനഃപ്പൊരുത്തം ഉണ്ടെങ്കിലും വീട്ടുകാരുടെ സമ്മർദ്ദത്തിൽ ഭാര്യയെ ഉപേക്ഷിക്കേണ്ടി വരുന്നു. ചില അമ്മായിഅമ്മമാർ മറ്റുള്ളവരെ കാണിച്ചുകൊണ്ട് അവൾക്ക് നൂറുപവനാണ് കൊടുത്തത് പോരാഞ്ഞിട്ട് ഒരു കാറും. ആദ്യം വന്ന് കയറിയ അമ്മായിഅമ്മയുടെ സ്ഥിതി പാടെ മറന്നു. താൻ വന്നത് വലിയ വീട്ടിൽ നിന്നാണ് അന്ന് കിട്ടിയ സ്വത്താണ് ഇപ്പോൾ നീയും കൂടി അനുഭവിക്കുന്നത് എന്ന് തട്ടിവിടും. ഈ പൊങ്ങച്ചം പറച്ചിലിൽ മരുമകൾ തീ തിന്നുപോകുന്നു. അച്ഛനമ്മമാരുടെ നിർബന്ധത്തിന് സ്വന്തം ഭാര്യയെ ഉപേക്ഷിക്കേണ്ട ഗതികേട്, വീട്ടിലെ കലഹം പല നാശങ്ങൾ സൃഷ്ടിക്കുന്നു. ഓമനിച്ചു വളർത്തിയ മക്കൾ ഇക്കാരണത്താൽ നാട് വിടുന്നു. ഒന്നു ചിന്തിക്കുക നിങ്ങളുടെ മക്കൾ എവിടെ ജീവിക്കുന്നു. അതുപോലെ നിങ്ങളുടെ അടുത്തെത്തുന്ന മക്കൾ നിങ്ങളുടേതായി കാണുക. ഇത് ഇല്ലാത്തിടത്തോളം കാലം നിങ്ങൾക്ക് ഒരിക്കലും സ്വസ്ഥത ലഭിക്കുകയില്ല. ജാതിയും മതവും നോക്കുന്നവരുണ്ട്. ഇഷ്ടപ്പെട്ട വ്യവസ്ഥകൾ എല്ലാം പാലിച്ചുകൊണ്ട് വിവാഹിതരായാലും പിന്നീട് ഇടയ്ക്കിടെ ജാതിപ്രശ്നങ്ങളും മറ്റും പറഞ്ഞ് പീഡിപ്പിക്കുന്നവർ ഉണ്ട്. ഈ പീഡിപ്പിക്കുന്നവരുടെ ബന്ധുക്കളും മറ്റും ജാതിയിൽ നിന്നും അങ്ങോട്ടും ഇങ്ങോട്ടും വിവാഹം കഴിച്ചവർ ആയിരിക്കും. പക്ഷേ അത് മൂടിവെച്ചുകൊണ്ട് സ്വന്തം അനുഭവത്തിലുള്ളത് ആരും അറിയരുത് എന്ന് കാണുന്നവരും ഉണ്ട്. പൊങ്ങച്ചവും നുണയും ആദ്യം ഗുണം ചെയ്യുമെങ്കിലും പിന്നീട് അത് തനിക്ക് തന്നെ ദോഷമായി മാറും എന്ന് ഓർക്കുക.

# ഉത്സവങ്ങളും ആഘോഷങ്ങളും



**ഏഴംകുളം മോഹൻകുമാർ**
9447743242

ഉത്സവങ്ങളുടേയും ആഘോഷങ്ങളുടേയും നാടാണ് കേരളം. ആഘോഷങ്ങളും ആചാരങ്ങളും ഏതൊരു പ്രദേശത്തിന്റേയും സാംസ്കാരിക ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. മതങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ ആഘോഷങ്ങൾ അനവധിയാണ്. എന്നാൽ ആചാരങ്ങൾ മതം, ദേശം എന്നിവയുമായി ഇഴുകിച്ചേർന്നതാണ്. അതിനാൽ ഒരു ആചാരം തന്നെ ദേശത്തിനനുസരിച്ച് വ്യത്യസ്തരീതിയിൽ ആഘോഷിക്കുന്നുണ്ട്. ഓണമായാലും വിഷുവായാലും ദീപാവലിയായാലും, ക്രിസ്തുമസ്, ഈദ് ഉൽഫിത്തർ എന്നിവയായാലും തെക്കും വടക്കും തമ്മിൽ പ്രകടമായ വ്യതിയാനങ്ങൾ ആഘോഷങ്ങളിൽ കാണാറുണ്ട്.

ആഘോഷങ്ങൾ സാംസ്കാരികമായി മാത്രമല്ല പൈതൃകത്തിന്റേയും വെളിപ്പെടുത്തലായാണ് നിലകൊള്ളുന്നത്. ദേശീയ ഉത്സവങ്ങൾക്കും മതപരമായ ആഘോഷങ്ങൾക്കുമൊപ്പം ഗ്രാമീണ ഉത്സവങ്ങളുമുണ്ട്. എല്ലാം ഏതെങ്കിലും തരത്തിൽ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതായത് മിക്ക കർമ്മങ്ങളും പ്രകൃതി, ഈശ്വരൻ ഇവയുടെ സ്വാധീനത്തിൽപ്പെട്ടിരിക്കുന്നു എന്നർത്ഥം.

ആഘോഷങ്ങൾക്ക് കാലവുമായുള്ള ബന്ധം പ്രധാന ഘടകമാണ്. വസന്തകാലാഗമനം കുറിക്കുന്നതാണ് വിഷുവെങ്കിൽ ഓണം കാർഷികവൃത്തിയുടെ ബന്ധം വെളിപ്പെടുത്തുന്നു. ആദ്യത്തേത് വിളവിറക്കുത്സവമാണെങ്കിൽ രണ്ടാമത്തേത് വിളവെടുപ്പുത്സവമാണ്. ഒരുകാലഘട്ടത്തിന്റെ ഓർമ്മകൾ ഗൃഹാതുരമായി നിലകൊള്ളുകയാണിവിടെ. ആഘോഷങ്ങൾക്ക് പിന്നിലെല്ലാം ഐതിഹ്യമോ ചരിത്രപരമോ ആയ കഥകൾ ഉണ്ടാകും.

ക്രിസ്ത്യൻ വിഭാഗത്തിന്റെ മതപരമായ ആഘോഷങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ക്രിസ്തുമസ്സിന് എല്ലാ വിഭാഗക്കാരും പങ്കുചേരുന്നു. നക്ഷത്രവിളക്കുകൾ തൂക്കുകയും ക്രിസ്തുമസ് ട്രീ അലങ്കരിക്കുകയും മറ്റും ചിലയിടങ്ങളിൽ കൂട്ടായി ചെയ്യാറുണ്ട്. ലോകമെമ്പാടുമുള്ള മുസ്ലീങ്ങൾ ആഘോഷിക്കുന്ന ചെറിയ പെരുന്നാളായ ഈദ് ഉൽ ഫിത്തർ പരിശുദ്ധിയുടെ പ്രതീകമായി നിലകൊള്ളുന്നു.

ഉത്സവങ്ങളും ആഘോഷങ്ങളുമെല്ലാം വൈകാരിക പരിണാമങ്ങളുടെ ചരിത്രരേഖകളാണ്. മാനവ പരിവർത്തനത്തിനുള്ള മുഖ്യപങ്ക് ഇത്തരം ആഘോഷങ്ങളും മറ്റുകലകളും വഹിക്കുന്നുണ്ട്. മഹത്തായ സന്ദേശങ്ങൾ ഇവ പ്രദാനം ചെയ്യുന്നു. വർത്തമാനകാലത്തിനപ്പുറം പിന്നിട്ട കാലത്തിന്റെ ഓർമ്മകളും ആഘോഷങ്ങളിലൂടെ നാം അയവിറക്കുന്നു. നന്മകൾ പലതും പിൻവാങ്ങിക്കൊണ്ടിരിയ്ക്കുന്ന കാലഘട്ടത്തിൽ ഒരു ഒത്തുചേരൽ, കൂട്ടായ പ്രവർത്തനം, ആത്മസംതൃപ്തി, സ്നേഹം പങ്കുവയ്ക്കൽ, ആത്മീയമായ ഉണർവ്വ് ഇവയെല്ലാം ആഘോഷങ്ങളിലൂടെ കരഗതമാകുന്നുണ്ട്. ഗ്രാമനന്മയും കാർഷികവൃത്തിയും മറന്നുകൊണ്ടുള്ള ആഘോഷങ്ങളാണ് സമീപ കാലത്ത് നടമാടുന്നത്. ആഘോഷാവസരങ്ങളിലെ വിഭവസമൃദ്ധി കാണുമ്പോൾ നമ്മൾ ഓർക്കേണ്ട ഒന്നുണ്ട്. ഈ മണ്ണിലെ വിളവുകൊണ്ടല്ല നാം സമൃദ്ധമായി ഉണ്ണുന്നത്. പലരേയും ആശ്രയിക്കേണ്ടിവരുന്നു. എങ്കിലും ഉത്സവങ്ങളും ആഘോഷങ്ങളും നമുക്ക് ആഹ്ലാദം നൽകുന്നു. അത് എന്നും സത്യമായി നിലകൊള്ളുകയും ചെയ്യും.

# ചിരിക്കാൻ കഴിഞ്ഞെങ്കിലല്ലേ കരയാതിരിക്കാനാവൂ !



അശോപ്പി ചേർത്തല
9388909583

**ചി**ല കുടുംബങ്ങൾ മോർച്ചറി പോലെയാണ്. വല്ലപ്പോഴും മാത്രമേ മിണ്ടാട്ടമുള്ളൂ. കുട്ടിയൊരു സംശയം ചോദിച്ചാൽ "വാർത്ത കാണാൻ സമ്മതിക്കില്ലേ, ഒന്നു മിണ്ടാതിരി..." ഭാര്യ കുശലത്തിനു വന്നാൽ "ഫോൺ ചെയ്യാനും സമ്മതിക്കത്തില്ല, നീയൊന്നടങ്ങ്." ചിലയിടത്ത് നേരേ തിരിച്ചാണ്. ഭാര്യയോടൊത്ത് കൊഞ്ചാൻ ചെന്നാൽ നാണമില്ലേ മനുഷ്യാ... ഇവിടുത്തെ അലക്കും അടുക്കളപ്പണിയുമൊക്കെ പിന്നാരു ചെയ്യും ?

ഇരട്ടക്കുഞ്ഞുങ്ങളെ ഇരു കൈകളിലും തൂക്കി നടക്കും പോലെ രണ്ടു കൈയിലും ഫോണുമായിട്ടാണ് ചില ഭർത്താക്കൻമാർ വീട്ടിലേക്ക് കയറിവരാറുള്ളത്. രണ്ടു ഫോണിനേയും മാറി മാറി തലോടും, സ്നേഹിക്കും. ഇതുകണ്ട് ഒന്നും മിണ്ടാനാവാതെ രണ്ടു മക്കളും നിസ്സഹായരായി ഇടതും വലതും നിൽക്കും. ഭാര്യ അടുക്കളയിലെ തിരക്കിലും.

ഒരിക്കൽ പള്ളിയിലെ കുർബ്ബാന കഴിഞ്ഞ് പ്രസംഗത്തിനിടയിൽ സരസനായ അച്ചൻ കുറച്ച് കുട്ടികളോട് ഒരു ചോദ്യം ചോദിച്ചു. 'മക്കളേ, ദൈവം എവിടെയാണ് ഇരിക്കുന്നത് ? നിഷ്കളങ്കമായ ഉത്തരങ്ങൾ ഓരോന്നായി വരാൻ തുടങ്ങി. പൂജാമുറിയിൽ, കുരിശിനുമേൽ, ആരാധനാലയത്തിൽ... പക്ഷേ, ഒരുത്തൻ പറഞ്ഞ ഉത്തരം ഇതായിരുന്നു. "അച്ചോ... ദൈവം ബാത്റൂമിലാണ് !"

അച്ചനൊന്നു ഞെട്ടി. അതുവരെ ആരും അങ്ങനൊരുത്തരം പറഞ്ഞിട്ടില്ല. ആ കുഞ്ഞിനെ അടുത്തുവിളിച്ച് അച്ചൻ കാര്യം തിരക്കി. അവന്റെ അമ്മ പറയുന്നതാണത്രേ ഇത്. അച്ഛൻ രാവിലെ ബ്രഷും പേസ്റ്റും മൊബൈലുമെടുത്ത് ബാത്റൂമിൽ കയറും. ഒരു മണിക്കൂർ കഴിയുമ്പോൾ അമ്മ ഉറക്കേ ചോദിക്കും, "എന്റെ ദൈവമേ ഇനിയും ഇറങ്ങിയില്ലേ...?" പിന്നേയും കാണാഞ്ഞപ്പോൾ അടുത്ത ചോദ്യം. "ദൈവമേ എന്തൊരു ഇരിപ്പാണിത്. ഒന്നുവേഗം ഇറങ്ങ്..."

അവനെ കുറ്റം പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ ? കൊച്ചിന്റെ വിചാരം ദൈവം ബാത്റൂമിലാണെന്നാ... വീട് ഒരു മൗനസമരവേദിയാക്കരുത്. അതൊരു സ്നേഹാലയ മാണ്, പൂങ്കാവനമാണ്. കിളികളെപ്പോലെ ദമ്പതികൾ. അണ്ണാറക്കണ്ണൻമാരെപ്പോലെ കുട്ടികൾ. തണൽ മരങ്ങളെപ്പോലെ മുതിർന്നവർ...

ദമ്പതിമാർക്കിടയിൽ പരസ്പരം തുണയായിരിക്കുക എന്നതാണ് പ്രധാനം. ഒരാളുടെ കുറവ് മറ്റെയാൾ പരിഹരിക്കുമ്പോഴാണ് ചേർന്ന തുണയായി തീരുന്നത്. തെറ്റുകുറ്റങ്ങൾ ഊതിവീർപ്പിക്കാതെ പരസ്പരം മറന്നും പൊറുത്തും പ്രശ്നങ്ങളെ ലഘൂകരിച്ച് താങ്ങും തണലുമായി ഒന്നിച്ച് മുന്നേറണം.

ഒരുപാട് സംസാരിക്കുന്നവന് മിതഭാഷിയായ ഭാര്യയെ കിട്ടിയാൽ അത് ഈശ്വരനിശ്ചയമെന്ന് കരുതാം. മറിച്ചായാൽ ഉടൻ സാത്താൻ രംഗപ്രവേശം ചെയ്യും. മുൻകോപമുള്ളവന് ശാന്തശീലക്കാരിയെ ദൈവം നല്കും. പിശുക്കനായ ഭർത്താവിന് ധൂർത്തടിക്കുന്നവളെ ലഭിക്കും. പ്രാർത്ഥനയില്ലാത്തവന് പ്രാർത്ഥനക്കാരിയെ കിട്ടും. ഇതൊക്കെ പരസ്പര പൂർത്തീകരണത്തിനായി ദൈവം നല്കുന്ന അടയാളങ്ങളാണ്. ഒത്തൊരുമിച്ചുപോയാലേ കുടുംബം രക്ഷപ്പെടുകയുള്ളൂ. കുറ്റങ്ങളും കുറവുകളും തിരിച്ചറിഞ്ഞ് പരസ്പരം ബലപ്പെടുത്തിയാലേ ദാമ്പത്യ ജീവിതം സുഖകരമാകുകയുള്ളൂ.

ഒരു കഥകൂടി പറഞ്ഞ് ഈ ലേഖനം ചുരുക്കാം. മൂന്ന് കുട്ടികൾ ചേർന്ന് വീട്ടിലെ വിശേഷങ്ങൾ പറയുകയായിരുന്നു. ഒന്നാമൻ പറഞ്ഞു, "എന്റെ വീട്ടിൽ ആടുണ്ട്, കോഴിയുണ്ട്, താറാവുണ്ട്. പാലിനും മുട്ടയ്ക്കും ഒരുക്ഷാമവുമില്ല." രണ്ടാമൻ പറഞ്ഞു, "എന്റെ വീട്ടിൽ പശുവുണ്ട്, പട്ടിയുണ്ട്, പൂച്ചയുണ്ട് പിന്നെ കാടയുമുണ്ട്. ഞാനും മുട്ടയും പാലും ദിവസവും കഴിക്കും." മൂന്നാമൻ ഒന്നും മിണ്ടാതെ ഇരിക്കുന്നതുകണ്ട് അവർ കാര്യം അന്വേഷിച്ചു. അപ്പോൾ വളരെ വിഷമത്തോടെ പതുക്കെ അവൻ പറഞ്ഞു, "എന്റെ വീട്ടിൽ ഇതൊന്നുമില്ല. പക്ഷേ, ഏത് നേരവും വഴക്കടിക്കുന്ന ഒരു കീരിയും പാമ്പുമുണ്ട്. കുട്ടികൾ വളരെ ആശ്ചര്യത്തോടെ അതുങ്ങളെ എവിടുന്ന് കിട്ടി എന്ന് തിരക്കി. അവൻ പറഞ്ഞു, എവിടുന്നു കിട്ടാൻ. ഞാനും പെങ്ങളും ഉണ്ടാകും മുൻപേ അവരുണ്ടായിരുന്നതല്ലേ ? അച്ഛൻ കുടിച്ച് പാമ്പായി വരുമ്പോൾ അമ്മ കീരിയെപ്പോലെ ചീറിയടുത്ത് കയർത്തുസംസാരിക്കും. ഏതു നേരവും വഴക്കും ബഹളവും തന്നെ. ഒരു സ്വസ്ഥതയുമില്ല.

കുട്ടികളുടെ മുന്നിൽവച്ച് അരുതാത്ത പദപ്രയോഗങ്ങളും സംഭാഷണങ്ങളും കഴിവതും ഒഴിവാക്കണം. അവർക്ക് പറയാനുള്ളത് കേൾക്കാൻ കൂടി സൻമനസ്സുള്ള നല്ല മാതാപിതാക്കളായിരിക്കണം. ശാന്തവും സമാധാനപൂർണ്ണവുമായ അന്തരീക്ഷത്തിലേ വളരാനും അവരുടെ അഭിരുചികൾ അനുസരിച്ച് അവർക്ക് ഉയരാനും സാധിക്കുകയുള്ളൂ. കുടുംബം ഒരുദേവാലയമാണ്. ചിരിയും കളിതമാശകളുമായി അവിടം പ്രഭാപൂരിതമാക്കുവാൻ വിളക്ക് തെളിക്കേണ്ടത് സ്നേഹസമ്പന്നരായ മാതാപിതാക്കളാണ്.





# എന്റെ അഭിനയ സ്മരണകൾ

ഭാഗം 23

മുക്കം ഭാസി
9846138693

# മൂവി ക്യാമറയ്ക്ക് മുമ്പിൽ ചില രാപ്പകലുകൾ

**1978**ൽ മൊയ്തീൻ എന്നോട് പറഞ്ഞു, "ഭാസി, ഞാൻ ജയനെ വെച്ച് ഒരു സിനിമയെടുക്കുന്നു. ഭാസിയ്ക്ക് നല്ലൊരു റോൾ കണ്ടുവെച്ചിട്ടുണ്ട്. ഒരു ക്ലബ്ബ് സെക്രട്ടറിയുടെ റോൾ !"

"കൊള്ളാം; വരട്ടെ..." ഞാൻ പ്രതിവചിച്ചത് ഇങ്ങനെയായിരുന്നു. കാരണം മൊയ്തീന്റെ 'നാമൂസ്' ഞാനെത്ര കേട്ടതാണ്. എടുത്താൽ എടുത്തു. ആകാശക്കോട്ട കെട്ടുന്നതിൽ അതിവിദഗ്ദ്ധനാണ് മൂപ്പർ. 1960 ലോ മറ്റോ ആണ്. 'കറുത്ത പെണ്ണ്' എന്നൊരു സിനിമയുമായി ചങ്ങാതി കുറേ നടന്നു. തിക്കോടിയനാണ് തിരക്കഥാകൃത്ത്. ബാബുരാജ് സംഗീതസംവിധായകൻ. ബേബിയാണെന്ന് തോന്നുന്നു സംവിധായകൻ. നിർമ്മാണം മൊയ്തീനും. വാലില്ലാതെ പശു എങ്ങനെ ഈച്ചയെ ആട്ടും? ഒരു കാശുമില്ലാതെ ഈ 'പാപ്പർസൂട്ട്' പടമെടുക്കുകയോ ഞങ്ങളൊക്കെ അത്ഭുതപ്പെട്ടു.

അതാ വരുന്നു മാതൃഭൂമിയിൽ വാർത്ത. മൊയ്തീന്റെ 'കറുത്ത പെണ്ണ്' അണിയറയിൽ ഒരുങ്ങുന്നു. പി. എം കാസിം ചില ഗാനങ്ങളെഴുതി. പാവം ബാബുരാജ് സംഗീതവും നല്കി. പക്ഷെ, എവിടെ ? കുറേ കാലത്തേയ്ക്ക് ഒരു വിവരവുമില്ല. അബോർഷനായി എന്ന് പറഞ്ഞാൽ മതിയല്ലോ !

തോൽക്കാൻ മനസ്സില്ല. അവൻ വെറുതെ ഇരിയ്ക്കുമോ ? എം. എൻ. കാരശ്ശേരിയെ പിടിച്ച് അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിൽ ഒരു കഥ മെനഞ്ഞുണ്ടാക്കാൻ ആവശ്യപ്പെട്ടു. എം. എൻ. അന്ന് ഇത്ര പ്രശസ്തനല്ല. മൊയ്തീൻ ആവശ്യപ്പെട്ടാൽ ഒഴിഞ്ഞുമാറാൻ നിവൃത്തിയില്ല. സ്ക്രിപ്റ്റ് റൈറ്റിംഗിനൊന്നും ഒരു ചില്ലി മൊയ്തീൻ കൊടുക്കില്ല. കൊടുക്കാൻ വേണ്ടെ കൈയിൽ ചില്ലി ?

ഏതായാലും എം. എൻ. 'നിഴലെ നീ സാക്ഷി' എന്ന ഒരു സിനിമക്കഥ തയ്യാറാക്കി. ആന്ധ്ര സർക്കാരിന്റെ ഒരു സബ്സിഡി എങ്ങനെയോ ഒപ്പിച്ചെടുത്തു. ഷൂട്ടിംഗ് ഹൈദ്രബാദിൽ നിന്ന് വേണം. എന്നാലെ സബ്സിഡി കിട്ടൂ. കാസർക്കോടുകാരൻ ഒരു കോളേജുകുമാരനെ നായകനാക്കി. സീമ നായികയും. സീമയെ ആദ്യമായി സിനിമയിലഭിനയിപ്പിക്കുന്നത് മൊയ്തീൻ – അത് ചരിത്രം !

ഒരുദിവസം അതാ വരുന്നു സീമ മടക്കത്ത് ഒരു കട ഉദ്ഘാടനം ചെയ്യാൻ. ഒരു സ്റ്റേഷനറിക്കട ! അതും മൊയ്തീൻ തട്ടിക്കൂട്ടിയത് ! സീമയുമൊത്ത് മുക്കം അങ്ങാടിയിൽ ഒന്ന് വിലസി ജനങ്ങളെ അമ്പരപ്പിച്ചു കളഞ്ഞു ഈ 'ധിക്കാരി' ! തൊടുത്തപ്പോൾ തന്നെ കടലിൽ വീണ മിസൈലുപോലെ മൊയ്തീന്റെ സിനിമയും വെറും നിഴലായി. മൂന്നാമത്തെ സിനിമയിലാണ് എനിയ്ക്ക് റോളുണ്ടെന്ന് പറഞ്ഞത്. സാധാരണഗതിയിൽ അക്കാലത്തൊക്കെ ഒരു സിനിമാനടനാവുക എന്നുപറഞ്ഞാൽ ചില്ലറയാണോ ? ഭൂമിയിലെ ദൈവങ്ങളല്ലേ സിനിമാനടന്മാർ ! മൊയ്തീന്റെ സിനിമയായതുകൊണ്ട് ഞാൻ വലിയ താല്പര്യമൊന്നും കാണിച്ചില്ല. അവന്റെ ഉണ്ടയില്ലാത്ത വെടികൾ എത്ര കണ്ടവനാണ് ഞാൻ!

ഇടയ്ക്കിടെ മൊയ്തീന്റെ ഭാർഗ്ഗവി നിലയത്തിൽ 'പോവും'. ബാപ്പ കുത്തി മലർത്തിയതിനുശേഷം സൗജന്യമായി മൊയ്തീനും ഉമ്മയ്ക്കും നൽകിയതാണ് സുൽത്താൻ ഈ ഭാർഗ്ഗവി നിലയവും പറമ്പും. മുക്കത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ വീടാണ് പിൽക്കാലത്ത് കാഞ്ചന ബി. പി. മൊയ്തീൻ സേവാ മന്ദിരാക്കിയത്. കേസും കൂട്ടവും പഞ്ചായത്തും ഒക്കെയായി ആ വിശാലമായ പറമ്പിൽ മൂന്ന് സെന്റ് സ്ഥലം സേവാമന്ദിറിന് ലഭിച്ചതിൽ ഒരു മൂന്നുനില കെട്ടിടം മറ്റൊരു ഭാർഗ്ഗവി നിലയമായി ഇപ്പോൾ നിലകൊള്ളുന്നു.

മൊയ്തീൻ, ഒരു കുരങ്ങ്, സീത എന്ന ഒരു പട്ടി, രണ്ടു മൂന്നു ഭ്രാന്തന്മാർ പിന്നെ ഞങ്ങളെ പോലുള്ള ചില കലാഭ്രാന്തന്മാർ, ഉമ്മ... കുടുംബം പൂർത്തിയായി. നാടക റിഹേഴ്സൽ ചിലതൊക്കെ ഭാർഗ്ഗവി നിലയത്തിലായി. ട്രാൻസ്ഫറായി നാട്ടിൽ എത്തിയത് കൊണ്ട് മൊയ്തീനുമായി മിക്ക ദിവസവും സന്ധിയ്ക്കും. ഒരൊഴിവുദിവസം വീട്ടിൽ ഏതോ മരാമത്ത് പണി നടക്കുന്നു. ഒരു കള്ളിമുണ്ടും ബനിയനുമിട്ട് ഞാൻ മുറ്റത്ത്. അതാ വരുന്നു ഒരു ജീപ്പ് കുതിച്ചുകൊണ്ട്. മുറ്റത്തെത്തിയതും

എം. എൻ. കാരശ്ശേരിയുടെ ജ്യേഷ്ഠൻ സലാം നടുക്കണ്ടിയും അസ്സൈൻ മാസ്റ്ററും ജീപ്പിൽ നിന്ന് ചാടിയിറങ്ങി ഒരു വെടിപൊട്ടിക്കലാണ്.

"ഭാസി മാഷേ, ഡ്രസ്സ് മാറൂ. കാരശ്ശേരിയിൽ സലാം കാരശ്ശേരിയുടെ 'പതിന്നാലാം രാവ്' എന്ന സിനിമയുടെ ഷൂട്ടിങ്ങ് നടക്കുന്നു. നിങ്ങളെ കൊണ്ടുചെല്ലാൻ പറഞ്ഞു സലാം ഹറിയപ്പ്... ഹറിയപ്പ്..."

എന്താപ്പാ ഇത് ? ഞാനന്തം വിട്ട് മിഴിച്ചുപോയി. അപ്പോൾ അസ്സൈൻ മാഷ് പറഞ്ഞു, "ഭാസി മാഷേ, അന്തം വിടണ്ട സത്യമാണ്. ജുബ്ബയെടുത്തിടൂ...പെട്ടെന്ന്."

മുണ്ടും ജുബ്ബയുമിട്ട് ഞാൻ അവരോടൊത്ത് ജീപ്പിൽ കയറി ലൊക്കേഷനിലെത്തി. വമ്പിച്ച ജനക്കൂട്ടം ഷൂട്ടിങ്ങ് കാണാൻ എത്തിയിരിയ്ക്കയാണ്. എന്നെ അടുത്തുള്ള ആളൊഴിഞ്ഞ വീട്ടിലെത്തിച്ചു. മേക്കപ്പ്മാന്റെ മുമ്പിൽ. ഒരു കള്ളി മുണ്ടും വട്ടക്കഴുത്തുള്ള ബനിയനും. മീശ അൽപ്പം നരപ്പിച്ചു. ഒരു തലേക്കെട്ടും!

അപ്പോഴേയ്ക്കും സലാം കാരശ്ശേരിയെത്തി. അയാൾ നിർമ്മാതാവാണ്, നടനും. ചുഴി, ക്രിമിനൽസ്, ചുവന്ന വിത്ത്, സംഘഗാനം എന്നീ പടങ്ങളൊക്കെ നിർമ്മിച്ചും അഭിനയിച്ചും പ്രശസ്തി നേടിയ ധനികപുത്രൻ. ഞങ്ങൾ പരസ്പരം അറിയും. പക്ഷെ വലിയ അടുപ്പം കാണിയ്ക്കാറില്ല. അവരൊക്കെ വലിയ പണക്കാർ ! അദ്ദേഹത്തിന്റെ 'വൈരൂപ്യങ്ങൾ' എന്നൊരു നാടകം ഞങ്ങള വതരിപ്പിച്ചിട്ടുണ്ട്. അത് സംവിധാനം ചെയ്തത് സലാമായിരുന്നു !

സലാം പറയുകയാണ് "ഭാസി, ഒരു വഷളനെയിട്ട് ഇതുവരെ കളിപ്പിയ്ക്കയായിരുന്നു. കാലത്ത് മുതൽ 2 മണിവരെ. സംഗതി ഇത്രയേയുള്ളു. നായകൻ കാളവണ്ടിയുടെ പിറകിലിരിയ്ക്കുന്നു. മൂപ്പരുടെ നിക്കാഹ് ഉറപ്പിച്ചിരിയ്ക്കുന്നു. അത്തറ് വില്പ്പനക്കാരനാണ് നായകൻ. നാട്ടിൽ പോയി മഹറുമായി വരാമെന്ന് ഉറപ്പിച്ച് കാളവണ്ടിയിൽ അങ്ങാടിയിലേയ്ക്ക് പുറപ്പെട്ടിരിയ്ക്കയാണ്. നായകനെ സ്നേഹപൂർവ്വം പരിഹസിച്ചുകൊണ്ട് വണ്ടിക്കാരൻ പാടുന്നു; വണ്ടി തെളിച്ചുകൊണ്ട്. അതാണ് ഭാസിയുടെ റോൾ !"

എനിയ്ക്ക് മുമ്പ് ചെയ്ത ആൾക്ക് വണ്ടി തെളിയ്ക്കുമ്പോൾ പാട്ടുപാടാനാവുന്നില്ല. പാട്ടു പാടുമ്പോൾ വണ്ടി തെളിയ്ക്കാനും. അപ്പോഴേയ്ക്കും എം. എൻ. കാരശ്ശേരിയും സംവിധായകൻ ശ്രീനിയും എത്തി. എം. എൻ. എക്കാലത്തും എന്റെ സുഹൃത്തുകൂടിയാണ്. "ഭാസി ധൈര്യമായി ചെയ്തോളൂ. ഭാസിയ്ക്കതിന് കഴിയും."

ഞാൻ പറഞ്ഞു, "അതിന് പാട്ട് ഞാൻ പഠിച്ചിട്ടില്ലല്ലോ. എം. എൻ. എനിയ്ക്ക് പാട്ടുതന്നു. ഓഡിയോ കേൾപ്പിച്ചു. ഒരു മാപ്പിളപ്പാട്ട്... അഞ്ചുമിനിറ്റ് സമയം. എനിയ്ക്ക് പാടാൻ കഴിയുന്ന ട്യൂൺ. രാഘവൻ മാസ്റ്ററുടേതാണ് സംഗീതം. ഞാനാവരികളെ നെഞ്ചിലിട്ട് ലാളിച്ചു. ഒരുവിധം ഒപ്പിയ്ക്കാമെന്നായി. ഡയറക്ടർ റെഡിയായി. ക്യാമറ, ലൈറ്റ്, ഒക്കെ ഓ. കെ. ഞാൻ കാളവണ്ടിയിൽ കയറി. സകല ദൈവങ്ങളേയും പ്രാർത്ഥിച്ചു. അച്ഛനമ്മമാരെ ധ്യാനിച്ചു. എന്റെ പിന്നിൽ അത്തറുവില്പ്പനക്കാരൻ രവി മേനോൻ ഒരു തുർക്കി തൊപ്പി ധരിച്ചിട്ടുണ്ട്. എം. ടി.യുടെ പ്രശസ്ത സിനിമ 'നിർമ്മാല്യ'ത്തിലെ നായകൻ രവി മേനോൻ. സുന്ദരൻ. അദ്ദേഹം എന്റെ പുറത്തുതട്ടി എനിയ്ക്ക് ധൈര്യം തന്നു.

ഉച്ച ഭാഷിണിയിൽ പാട്ടൊഴുകി. ഡയറക്ടർ പറഞ്ഞു, "ഒരു റിഹേഴ്സൽ". ഞാൻ 'ചമ്മട്ടി' കൈയിലെടുത്ത് കാളകളെ തെളിച്ചു പാടി –

*'ഖൽബ്ബിൽ തുടിയ്ക്കണ*
*തത്തമ്മപാട്ടിന്ന്*
*കേട്ടല്ലോ, പൂമോനെ...'*

"ഓ.കെ. ടെയ്ക്ക്" ഡയറക്ടർ. വണ്ടി തെളിച്ചുകൊണ്ട് ഞാൻ വീണ്ടും പാടി.

*'ഖൽബ്ബിൽ തുടിയ്ക്കണ*
*തത്തമ്മപാട്ടിന്ന്*
*കേട്ടല്ലോ, പൂമോനെ നിന്റെ*
*മുഹബ്ബത്തിൻ മുറ്റത്ത്*
*മുന്തിരി പൂത്തതും*
*കണ്ടല്ലോ, പൂമോനെ...*
*ഹൈ... ഹൈ... ഡർർർ...*
*ഹൈ... ഹൈ...'*

താളാത്മകമായി വണ്ടി തെളിച്ച് ചമ്മട്ടി കൊണ്ട് കാളകളെ അടിച്ച് എന്റെ ശകടം മുന്നോട്ട്...! എല്ലാവരും കൈയ്യടിച്ചു; സംവിധായക നടക്കം. ആദ്യത്തെ ഷോട്ട് തന്നെ ഓ. കെ. തുടർന്നുള്ള വരികളും രണ്ടുദിവസം കൊണ്ട് ഞാൻ പൂർത്തിയാക്കി. ഒരു അടി ഫിലിം പോലും വെയ്സ്റ്റാകാതെ ഞാനഭിനയിച്ചു എന്നുള്ളതിൽ നിർമ്മാതാവിന്ന് അഭിമാനം. എനിയ്ക്ക് ഹാർദ്ദമായ അഭിനന്ദനം...

ഷൂട്ടിങ്ങ് പൂർത്തിയായി തിരിച്ചുപോരുമ്പോൾ ഞാൻ മൊയ്തീന്റെ ഭാർഗ്ഗവീനിലയത്തിൽ കയറി. മൊയ്തീനോട് പറഞ്ഞു. "മൊയ്തീനെ, ഞാനിതാ ഒരു സിനിമാ നടനായിരിയ്ക്കുന്നു, സലാമിന്റെ പതിന്നാലാം രാവിൽ." മൊയ്തീന്റെ മുഖം അൽപമൊന്ന് മങ്ങിയോ ?

(തുടരും)

■ കവിത

# അറിവ്

നിഷ പരമേശ്വരൻ
8714487381

കുഞ്ഞേ വെറും അറിയാനായി
മാത്രം അറിവരുത്
അറിവിനായ് നീ അറിവിനെ തേടുക
നിനക്ക് ചുറ്റുമുള്ളതിനെ അറിയുക
ഇരുട്ടും വെളിച്ചവും അറിയുക
സുഖവും ദുഃഖവും അറിയുക
നന്മയും തിന്മയും അറിയുക
നേരും നെറികേടും അറിയുക
രാത്രിയും പകലും അറിയുക
മനുഷ്യനേയും മൃഗത്തേയും
അറിയുക
സൂര്യനേയും ഭൂമിയേയും
പ്രകൃതിയേയും അറിയുക
അമ്മയേയും അച്ഛനേയും
അറിയുക
കൂടപ്പിറപ്പുകളേയും
കൂടെ പിറക്കാതെ
പോയ സ്നേഹബന്ധങ്ങളേയും
അറിയുക
ഗുരുവിനെ അറിയുക ഗുരുവിലൂടെ
ഈശ്വരനെ അറിയുക
എല്ലാം അറിയുമ്പോഴും
നീ അറിയുക,
ഇനിയും അറിയാനായി
കടലോളമുണ്ട്
അറിഞ്ഞത് വെറും
കുന്നിക്കുരുവോളം മാത്രം...







മനോഹരി സി. ബി.
9400681668

# റെയിൽവേസ്റ്റേഷനിൽ വെച്ചുനടന്ന വിവാഹം

മദ്രാസിൽ ഒരു ഔദ്യോഗിക ആവശ്യത്തിനുവേണ്ടി പോയതായിരുന്നു ഞാനും സുഹൃത്തും. ഒരാഴ്ചത്തെ താമസമുണ്ടായിരുന്നു അവിടെ. ഡ്യൂട്ടിയ്ക്കുശേഷം വൈകീട്ടുള്ള സമയം ചിലവഴിക്കാനായി എല്ലാദിവസവും ചെന്നൈയുടെ ഓരോ ഭാഗങ്ങളിലായി അരിച്ചുപെറുക്കാൻ ഞങ്ങൾ തീരുമാനിച്ചു. അതുപ്രകാരമുള്ള ഓരോ ദിവസത്തിനും ഓരോ ഏരിയ ഞങ്ങൾ പ്ലാൻ ചെയ്തു. ആദ്യദിവസം തിങ്കളാഴ്ച വൈകീട്ട് സുഹൃത്ത് പറഞ്ഞു, "നീ ബർമബസാർ കണ്ടിട്ടില്ലല്ലോ ഇന്നു നമുക്ക് അങ്ങോട്ടുതന്നെ പോവാം." ആ സ്ഥലത്തെപ്പറ്റി എന്നോട് ഒരുപാട് വിശദീകരിക്കുകയും ചെയ്തു. എല്ലാത്തരം ഇലക്ട്രോണിക് വസ്തുക്കളും കിട്ടുന്ന സ്ഥലമാണിവിടം, വിശാലമായ ഏരിയ മുഴുവൻ ഇത്തരം കടകൾ വ്യാപിച്ചുകിടക്കുകയാണ്. ചീപ്പ് റേറ്റിൽ എല്ലാം കിട്ടും എന്നെല്ലാം. എനിക്കത്രമാത്രം താൽപര്യമില്ലാത്ത ഏരിയ ആയിരുന്നിട്ടും ഇലക്ട്രോണിക് ഐറ്റങ്ങളിൽ കമ്പക്കാരനായ സുഹൃത്തിന്റെ ആഗ്രഹം മാനിച്ച് ഞാനും ഒന്നു കണ്ടുകളയാം എന്നുകരുതി.

ആദ്യം പോയത് റിച്ചി സ്ട്രീറ്റ് എന്ന സ്ഥലത്തേക്കായിരുന്നു. അവിടെ എത്തുമ്പോഴേക്കും ഏകദേശം 5 മണി ആയിരുന്നു. അവിടുത്തെ പല തെരുവികളിലൂടേയും കടന്നുപോയെങ്കിലും നിറംകെട്ട തെരുവുകൾ എനിക്ക് ഒട്ടും ആകർഷകമായി തോന്നിയില്ല. തൊണ്ണൂറുശതമാനവും സ്പെയർ പാർട്സ് കടകളായിരുന്നു. സുഹൃത്ത് പലകടകളിലും കയറി പലതും വില ചോദിച്ചു തിരിച്ചുവന്നു. ക്ഷമ നശിച്ചപ്പോൾ ഞാൻ പറഞ്ഞു ഇവിടെനിന്നും പോകാം.

ബർമബസാറിൽ പോകുന്നതിനുവേണ്ടി ബീച്ച് സ്റ്റേഷനിലേക്കുള്ള ബസ് എവിടെ നിന്നു കിട്ടുമെന്ന് പലരോടായി അന്വേഷിച്ചു. ഓരോരുത്തരും വ്യത്യസ്തമായ മറുപടിയാണ് തന്നിരുന്നത്. കബളിപ്പിക്കപ്പെടുമോ എന്ന് സംശയത്താൽ ഒരു പോലീസിനോടുതന്നെ വഴി ചോദിച്ചു. അയാൾ പറഞ്ഞ ദിശയിൽ കുറച്ചു ദൂരം നടന്നെങ്കിലും അവിടെനിന്നും ബസ്സിൽ പോയാൽ കുറേദൂരം നടക്കേണ്ടിവരും എന്നറിയാൻ കഴിഞ്ഞു. വന്നവഴി നേരേ പിറകിലോട്ട് കാണിച്ച് മറ്റൊരു പോലീസുകാരൻ പറഞ്ഞു, ആ കാണുന്ന റെയിൽവേ സ്റ്റേഷനിൽ ചെന്നാൽ നേരെ ബീച്ച് സ്റ്റേഷനിലേക്കുള്ള ട്രെയിൻ കിട്ടും. സിന്താദിരിപേട്ടൈ ആയിരുന്നു ആ സ്റ്റേഷൻ. ഞങ്ങൾ ആ സ്റ്റേഷനിലേക്ക് ലക്ഷ്യമാക്കി നടന്നു. ബീച്ച് സ്റ്റേഷനിൽ ഇറങ്ങുമ്പോൾ സമയം ഏകദേശം ആറരയോടടുത്തിരുന്നു.

വളരെ നീണ്ടുകിടക്കുന്ന, ഇരുവശങ്ങളിലും സാധനങ്ങൾ അടുക്കിവെച്ച കൊച്ചു കൊച്ചു കടകളോടുകൂടിയ ഒരു തെരുവായിരുന്നു ബർമബസാർ. അടുക്കിയ സാധനങ്ങൾക്ക് നടുവിലൂടെ ഒരാൾക്ക് നടക്കാനുള്ള വീതിയേ ഉണ്ടായിരുന്നുള്ളു. അതിലേ ആളുകൾ തിക്കിത്തിരക്കി പോകുന്നുണ്ടായിരുന്നു. ലക്ഷക്കണക്കിന് സി.ഡി.കൾ ഓരോ കടലാസും ചേർത്ത് ഓരോ കടയിലും അടുക്കിവെച്ചിരിക്കുന്നത് കണ്ടു. കടലാസുകൾ മാത്രമേ പുറത്തേക്ക് കണ്ടിരുന്നുള്ളു. സുഹൃത്തിനോടു തിരക്കിയപ്പോൾ അതിൽ സി.ഡി. യുടെ ഉള്ളടക്കമാണെന്ന് പറഞ്ഞു. അതിനിടെ കടയിൽ നിന്നും ഇറങ്ങി വന്ന ഓരോ പയ്യന്മാർ സാർ പുതിയതുവേണോ, ഓൾഡുവേണോ, ഫിലിംസ്റ്റാർ വേണോ എന്ന് ചോദിച്ചുകൊണ്ടേയിരുന്നു.

എന്റെ മുഖത്തെ അതൃപ്തി സുഹൃത്തിനെ വളരെ വിഷമിപ്പിച്ചു. അദ്ദേഹം പറഞ്ഞു, "നമുക്ക് നേരേ മറീന ബീച്ചിലോട്ട് പോകാം."

"ഈ സന്ധ്യയ്ക്കാണോ ബീച്ചിലോട്ട് ?"

"അതൊന്നും കുഴപ്പമില്ലന്നേ. ഇപ്പോൾ തിരക്കെല്ലാം ഒരുവിധം കുറഞ്ഞുകാണും. അത്യാവശ്യം കുറച്ച് ഫാമിലീസ് മാത്രമേ കാണുകയുള്ളൂ. പിന്നെ ഇണക്കുരുവികളെപ്പോലെ ഇരുന്നു സംസാരിക്കുന്ന കുറച്ചുകപ്പിൾസും കാണും. അൽപനേരം വിശ്രമിച്ചശേഷം തിരിച്ചുപോകാം."

അവിടെനിന്നും കുറച്ചുനടന്നപ്പോൾ അൽപം വലിയ ഒരു ടൗണിൽ എത്തി. "ഇതാണ് പാരീസ്" സുഹൃത്ത് പറഞ്ഞു. രണ്ടടി കൂടി മുന്നോട്ടുപോയപ്പോൾ റോഡു സൈഡിലായി പ്രൗഢിയോടെ തലയുയർത്തിപ്പിടിച്ചുനിൽക്കുന്ന ഒരു കൂറ്റൻ ബഹുനിലക്കെട്ടിടം കണ്ടു. അതിന്റെ ഏറ്റവും മുകളിൽ Parry's എന്നെഴുതിയിരുന്നു. പഴയ Parry's ചോക്കലേറ്റിന്റെ കെട്ടിടം. അപ്പോഴാണ് ആ സ്ഥലത്തിന്റെ പേരിനെക്കുറിച്ച് ഐഡിയ കിട്ടിയത്. വിദേശ നഗരമായ പാരീസിന്റെ പേര് കടമെടുത്തതാണെന്നാണ് അതുവരെ കരുതിയിരുന്നത്.

അവിടെനിന്നും ട്രെയിനിൽ മറീനാ ബീച്ചിനടുത്തുതന്നെ ഇറങ്ങാൻ സൗകര്യമുണ്ട്. തിരുവെള്ളിക്കേണി എന്നായിരുന്നു ആ സ്റ്റേഷന്റെ പേര്. ട്രെയിനിറങ്ങി സൈഡിലേക്കുള്ള ചെറിയ ഇടവഴിയിലൂടെയാണ് പോകേണ്ടത്. ആ ഇടവഴി ശരിക്കും മറ്റൊരു ലോകം പോലെ ആയിരുന്നു. നിറയെ ഭിക്ഷാടകരും അലഞ്ഞുതിരിഞ്ഞുനടക്കുന്നവരും രാത്രിയിൽ തമ്പടിക്കുന്ന സ്ഥലം. റോഡ് സൈഡിൽ അവർ ആഹാരം പാകം ചെയ്യുകയും മറ്റും പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുകയുമായിരുന്നു. മുതിർന്നവർ കൂട്ടമായിരുന്നു സംസാരിക്കുകയും കുട്ടികൾ സ്വതന്ത്രരായി നടക്കുകയും ചെയ്തിരുന്നു. ബീച്ചിലേക്കുപോകാൻ ആ വഴി തിരഞ്ഞെടുത്തതിൽ ഞാൻ സുഹൃത്തിനോട് പരിഭവിച്ചു. എന്നാൽ ബാഗും മാലയും ശ്രദ്ധിച്ചുകൊള്ളാൻ അദ്ദേഹം എനിക്ക് മുന്നറിയിപ്പ് തന്നു. ആ പരിസരം മുഴുവൻ ഇരുട്ടായിരുന്നു. അടുപ്പുകത്തുന്നതിന്റെ അരണ്ട വെളിച്ചത്തിൽ ഞങ്ങൾ വേഗത്തിൽ നടന്നു. ഒരുപക്ഷേ ചെന്നൈ സിറ്റിയിൽ വൈദ്യുതി വിളക്കുകളില്ലാത്ത ഏക പരിസരം അതായിരിക്കും എന്നെനിക്കുതോന്നി. ഒരുകണക്കിന് അവിടെ വൈദ്യുതി പ്രകാശം ഇല്ലാത്തതാണ് നല്ലതെന്നും തോന്നും. അവരുടെ തുറന്ന ജീവിതത്തിന്റെ സ്വകാര്യതയ്ക്ക് ഒരു മറവായിരിക്കുമല്ലോ.

വളരെ വിസ്തൃതിയിൽ നീണ്ടുകിടക്കുന്ന ഒരു റോഡിലേക്കാണ് ഈ ചെറുവഴി എത്തുന്നത്. റോഡിന് സമാന്തരമായി വിശാലമായ കടൽത്തീരം ഞങ്ങൾ മണൽപ്പരപ്പിലൂടെ കടലിനെ ലക്ഷ്യമാക്കി ധൃതിയിൽ നടന്നു. ചൂടുള്ള മണലിൽ കാൽ പൂഴ്ന്നുപോകുന്നുണ്ടായിരുന്നെങ്കിലും ഏറ്റവും വേഗത്തിൽ കടൽ കാണണം എന്ന ലക്ഷ്യത്തോടെ നടന്നു. പക്ഷെ എത്തുന്നില്ല. സുഹൃത്ത് തിരിഞ്ഞുനിന്ന് ഇരുവശങ്ങളിലും ലൈറ്റോടുകൂടിയ റോഡിന്റെ ഒരു പടമെടുത്തു. കടൽ ആസ്വദിക്കാനും പടമെടുക്കാനുമൊന്നും നടക്കില്ല എന്നുതോന്നിയിരിക്കണം. ഒരുപക്ഷെ വെള്ളത്തിനടുത്തെത്തിയാലും വെള്ളത്തിന് കറുപ്പുനിറമായിരിക്കുമെന്ന് ഞാൻ ആശങ്കപ്പെട്ടു.

പെട്ടെന്ന് ബർമൂഡയും വെള്ള ടീ ഷർട്ടും ഇട്ട ഒരാൾ ഞങ്ങളുടെ അടുത്തേക്ക് വന്നു. "What is light seen from here?" എന്നുചോദിച്ചു ഫോട്ടോ എടുത്തതാണെന്ന് പറഞ്ഞപ്പോൾ "In Mobile ?" അതെ എന്നുപറഞ്ഞു. "Let me see the set" സുഹൃത്ത് ഫോൺ അയാളുടെ കൈയിൽ കൊടുത്തു. കാഴ്ച്ചയിൽ മാന്യനായിരുന്നുവെങ്കിലും അയാൾ ഒരു തട്ടിപ്പുകാരനായിരിക്കുമോ എന്നുഞാൻ ഭയന്നു. എന്നാൽ "I have seen this type" എന്നുപറഞ്ഞ് അയാളത് തിരിച്ചുതന്നു. പിന്നീട് "Sir, from where you are coming?" എന്നു ചോദിച്ചപ്പോൾ കേരളത്തിൽ നിന്നാണെന്ന് പറഞ്ഞു. അപ്പോൾ "Iam from costal police. You don't go their side, their is a prohibited area" എന്നു പറഞ്ഞ് ദൂരെ ധാരാളം ലൈറ്റുകൾ കത്തുന്ന ഒരു സ്ഥലം കാണിച്ച് അങ്ങോട്ട് പൊയ്ക്കൊള്ളാൻ പറഞ്ഞു. ഞങ്ങൾ പോയിരുന്ന പരിസരം അത്ര നല്ല പ്രദേശമായിരുന്നില്ല എന്നു തോന്നി. രാജ്യത്തെ പ്രധാന ടൂറിസ്റ്റു കേന്ദ്രമായതിനാൽ ഭീകരാക്രമണങ്ങളെ മണത്തറിയാൻ പോലീസ് ജാഗരൂകരാണെന്ന് തോന്നി. എന്നാൽ യാത്രാക്ഷീണം മൂലം ഞാൻ മടങ്ങാൻ വേണ്ടി നിർബന്ധിച്ചു. കടൽ തീരത്ത് നല്ലപോലെ ഇരുട്ട് പരന്നിരുന്നു. അവിടവിടെ ചിലർ കിടന്നിരുന്നു. മറ്റുചിലർ സംസാരിച്ചുകൊണ്ടിരുന്നു. അവിടേയും അരണ്ട പ്രകാശം മാത്രമേ ഉണ്ടായിരുന്നുള്ളു. ചുറ്റിനും കണ്ട കാഴ്ചകൾ ഇണപ്പാമ്പുകളെ അനുസ്മരിപ്പിക്കുന്നതായിരുന്നു.

ഞങ്ങൾ വേഗത്തിൽ റെയിൽവേസ്റ്റേഷനിലേക്ക് നടന്നു. നേരത്തേകണ്ട ഇടവഴിയിൽ അപ്പോൾ ആളുകൾ ആഹാരം കഴിക്കുന്നുണ്ടായിരുന്നു. കൊച്ചുകുഞ്ഞുങ്ങൾക്ക് അമ്മമാർ ആഹാരം വാരിക്കൊടുക്കുന്നുണ്ടായിരുന്നു. മറ്റുപലരും ഉറക്കമായിക്കഴിഞ്ഞിരുന്നു. സ്വന്തമായ വീടും സ്വത്തുക്കളും ഇല്ലാഞ്ഞിട്ടും അവരുടെ സന്തോഷപ്രദമായ ജീവിതം എന്നെ അത്ഭുതപ്പെടുത്തി.

ട്രെയിൻ പോകുന്നത് വളരെ ഉയരത്തിലുള്ള മേൽപ്പാലത്തിലൂടെയായിരുന്നു. അതുകൊണ്ട് ധാരാളം കോണിപ്പടികൾ കേറേണ്ടതുണ്ടായിരുന്നു. നിറയെ ആളുകൾ കയറിയിറങ്ങുന്നതിനിടയിലൂടെ കറുത്ത പാന്റ്സും വെള്ള ഫുൾക്കൈ ഷർട്ടുമിട്ട ഒരു പയ്യൻ ധൃതിയിൽ ഓടിക്കയറുന്നുണ്ടായിരുന്നു. അയാളുടെ ഒപ്പം പുള്ളികളുള്ള ചുരിദാർ ധരിച്ച ഒരു കൊച്ചു സുന്ദരിയും വേഗത്തിൽ പോകുന്നത് സുഹൃത്ത് എന്നെ കാണിച്ചു. "എങ്ങോട്ടാണാവോ വളരെ ധൃതിയിൽ" എന്നൊരു കമന്റും ഞങ്ങൾ പറഞ്ഞു. കോണി കയറിയെത്തിയപ്പോഴേയ്ക്കും ഞാൻ വളരെ ക്ഷീണിച്ചിരുന്നു. അടുത്തുകണ്ട ഒരു ചാരുബഞ്ചിൽ ഞങ്ങളിരുന്നു. ഞങ്ങൾക്ക് കുറച്ചകലെയായി ഒരു വൃദ്ധൻ മാത്രം ചാരിയിരുന്ന് ഉറങ്ങുന്നുണ്ടായിരുന്നു. ട്രെയിൻ വരുമ്പോൾ മാത്രമേ തിരക്കുള്ളു. വളരെ സ്പീഡിൽ പോകുന്ന കൊച്ചു ഇലക്ട്രോണിക് ട്രെയിനിനെ പ്രതീക്ഷിച്ച് ഇരിക്കുമ്പോഴതാ ഞങ്ങൾക്ക് നേരെ എതിർവശത്തുള്ള പ്ലാറ്റ് ഫോമിൽ നേരത്തെ കണ്ട യുവാവും പെൺകുട്ടിയും നിന്ന് പരുങ്ങുന്നു. അധികം ഉയരമില്ലായ്മയും പാകത്തിന് തടിയും തലയിലെ പിപ്പിരിമുടിയും അയാളെ മറ്റുള്ളവരിൽ നിന്നും പെട്ടെന്ന് തിരിച്ചറിയാനുള്ള അടയാളമായി.

ഞാൻ വീണ്ടും അവരെ ഇട

യ്ക്കിടെ ശ്രദ്ധിക്കാൻ തുടങ്ങി. ഇതിനിടെ പയ്യൻ ചെറിയ ഒരു പൊതി അവൾക്ക് കൊടുത്തു. അവൾ കാതിലെ ആഭരണം ഊരി ഹാന്റ്ബാഗിൽ വയ്ക്കുകയും വേറൊന്ന് കാതിൽ ഇടുകയും ചെയ്തു. അൽപസമയത്തിനുശേഷം അയാൾ ഒരു മാല പോലുള്ള വസ്തു എടുത്ത് അവളുടെ കൈയിൽ കൊടുത്തു. എന്നാൽ അവൾ പുഞ്ചിരിച്ചുകൊണ്ട് അത് അയാളുടെ കയ്യിൽ തന്നെ തിരികെ കൊടുക്കുന്നതായി കണ്ടു. ശേഷം അവർ രണ്ടുപേരും കിഴക്കുപടിഞ്ഞാറുദിശയിൽ കൃത്യമായി നിന്നു. അയാൾ ആ താലിമാല അവളുടെ കഴുത്തിൽ വൃത്തിയായി കെട്ടിക്കൊടുത്തു. പിറകിലെ മുടി മാറ്റിയപ്പോൾ അവൾ അയാൾക്കുമുന്നിൽ നമ്രശിരസ്കയായി നിന്നു. ശേഷം അവർ കൈകോർത്തുപിടിച്ചുകൊണ്ടുനിന്നു. ആളും അരങ്ങുമില്ലാതെ ആരവങ്ങളില്ലാതെ ഒരുവിവാഹം. ഒരു പക്ഷേ ആ വിവാഹത്തന്റെ ഏകസാക്ഷികൾ ഞങ്ങളായിരിക്കും. തങ്ങളുടെ മാതാപിതാക്കളേയും ഉറ്റവരേയും അവർ പോലും വിസ്മരിച്ച ആ സന്ദർഭത്തിൽ എന്റെ മാതൃഹൃദയം അവരെയോർത്ത് വ്യാകുലപ്പെട്ടു.

പറഞ്ഞറിയിക്കാനാവാത്ത വികാരവിക്ഷോഭത്താൽ മനസ്സിനെ നിയന്ത്രിക്കാൻ വളരെ ബദ്ധപ്പെട്ടു. ഇങ്ങനെയും വിവാഹം കഴിക്കാം എന്ന് സുഹൃത്ത് ഒരു കമന്റും പറഞ്ഞു. അപ്പോഴേയ്ക്കും കുതിച്ചെത്തിയ ട്രെയിനിൽ അവരിരുവരും കയറി. ഞങ്ങൾ നിൽക്കുന്നതിന് അഭിമുഖമായ കംപാർട്ടുമെന്റിൽ തന്നെയായിരുന്നു അവർ. പെൺകുട്ടിക്ക് സീറ്റ് കിട്ടി. പയ്യൻ അവൾക്കടുത്തിരിക്കാതെ ഒന്നു പരുങ്ങി. അഭിമുഖമായി ഇരിക്കാൻ ശ്രമിച്ച അയാളെ അവൾ സീറ്റിൽ സ്ഥലമുണ്ടാക്കി അടുത്തേക്ക് ക്ഷണിച്ചു. തൊട്ടുരുമ്മിയിരുന്ന അവർ അപ്പോഴും കൈകോർത്തു പിടിച്ചിരുന്നു. അവരുടെ കൂട്ടുകെട്ട് എന്നും നിലനിൽക്കട്ടെ എന്ന് ഞാനാഗ്രഹിച്ചുപോയി. ആ നിറസന്ധ്യയിൽ മറ്റൊരു താവളത്തിലേക്ക് ചേക്കേറുന്ന അവരെയും കൊണ്ട് കൊച്ചു ട്രെയിൻ കുതിച്ചു.

•

# ദേവഭൂമിയിലെ ദേവദാരുക്കൾ

ഈശ്വർകുമാർ തരവത്ത്
9946655277



## തെഹ്രിയിലെ വിഹ്വലത

**ര**സിച്ചും ഭ്രമിച്ചുമുള്ള ഉൾവിളികളുമായി കിഴക്കുണരുംമുമ്പേ, കേദാരയാത്രയാരംഭിച്ചു. അന്തരീക്ഷം മേഘാവൃതമായിരുന്നു - എപ്പോൾവേണമെങ്കിലും മഴ പെയ്യാമെന്ന അവസ്ഥ. ഗഢ്വാൾ ജില്ലയിലെ തെഹ്രിയിലേക്ക് കടക്കുമ്പോൾ തന്നെ, ഭൂപ്രകൃതിയിൽ മാറ്റങ്ങൾ കണ്ടുതുടങ്ങി - ഈ പ്രദേശത്തിന്റെ പഴമകൾക്ക്, കുറേ പ്രൗഢ ചരിത്രവും, പുതുമകൾക്ക് കുറേ പ്രായശ്ചിത്തങ്ങളുമുണ്ട്.

മഹാഭാരതത്തിൽ ഈ പ്രദേശത്തെ 'ഹിമവത്' എന്നും കേദാർഖണ്ഡ് എന്നുമുള്ള പേരുകളിലാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അളകനന്ദയുടെ പടിഞ്ഞാറുഭാഗത്തായി, ഭാഗീരഥിയും ഭിലംഗാനദിയും കൂടിച്ചേരുന്ന സ്ഥലമാണ് തെഹ്രി സമതലം. കാർഷികവൃത്തിയും കന്നുകാലിവളർത്തലും പ്രധാന ഉപജീവന മാർഗ്ഗം. കുന്നിൻചെരിവുകളെ തട്ടുതട്ടാക്കി നെല്ലും പച്ചക്കറികളും പഴവർഗ്ഗങ്ങളും കൃഷിചെയ്തുവരുന്നു. പരിസ്ഥിതിവാദികളുടെ കടുത്ത എതിർപ്പിനെ മറികടന്ന്, സർക്കാർ സ്ഥാപനമായ 'തെഹ്രി ഹൈഡ്രോ ഡവലപ്മെന്റ് കോർപ്പറേഷൻ' ഇവിടെ തെഹ്രി അണക്കെട്ടുണ്ടാക്കി. മഞ്ഞുകാലങ്ങളിലെ മലയിടിച്ചിലുകളും, വേനലിലെ വരൾച്ചയും ഇതുമൂലം നിയന്ത്രണാതീതമാകുമെന്ന് പരിസ്ഥിതിവാദികൾ ഇപ്പോഴും തർക്കിക്കുന്നു.

അണക്കെട്ട് നിർമ്മാണത്തിനായി വൻതോതിൽ വനനശീകരണമുണ്ടായപ്പോൾ ഉപരിതലമണ്ണ് ഒലിച്ചുപോയി, മലനിരകൾക്ക് ഉണ്ടായ ബലക്ഷയം അവർ ഇതിനു തെളിവായി നിരത്തുന്നു. എന്റെ കാഴ്ച്ചപ്പാടിൽ ജീവിതസുരക്ഷയെ സംബന്ധിച്ച ജാഗ്രതയുടെ, കാലികമായ പേരാണ്, പരിസ്ഥിതിബോധം. അതിന് മനുഷ്യന്റെ പ്രകൃത്യാവബോധത്തോളംതന്നെ പഴക്കവുമുണ്ട്. ഇവിടെ പരിമിതികൾ നിശ്ചയിക്കുന്നത് പാരമ്പര്യമോ പരിസ്ഥിതിയോ അല്ല, മറിച്ച് മുൻകൂട്ടി രൂപീകരിക്കുന്ന മനസുകളാണ്. എന്തായാലും കഴിഞ്ഞ കാലങ്ങളിൽ തീരങ്ങളെ തഴുകിയൊഴുകിയിരുന്ന ഭാഗീരഥി നദി, അണക്കെട്ടുണ്ടായശേഷം, പരിശുഷ്ക്കയായി ഇതിലൂടെയൊഴുകുന്നത്, ഭാവിദുരന്തങ്ങളുടെ വിഹ്വലതകളായി കാണേണ്ടതുണ്ട്.

ഞങ്ങൾ ഹിമവത് സമതലത്തിലൂടെ യാത്ര തുടർന്നു. മിന്നൽപിണരുകളോടെ മഴ ശക്തമായി പെയ്തുതുടങ്ങിയിരിക്കുന്നു. പാതയോരത്ത് ചെറിയ ചെറിയ വീടുകളും ഒറ്റമുറിക്കടകളും. വഴിയോരങ്ങളിൽ വായിക്കാൻ കഴിയാത്ത വഴിസൂചികകൾ. അല്ലെങ്കിലും സൂചികകളിൽ എന്തിരിക്കുന്നു? ഓരോന്നിനും അതിന്റേതായ വാസസ്ഥാനങ്ങളും നിയോഗസ്ഥലങ്ങളുമുണ്ട്. എല്ലാം എല്ലായിടത്തും കാണുകയും കിട്ടുകയുമില്ല. എന്തും എവിടേയും ചെയ്യാനുമാകില്ല. ഏറ്റവും യോജ്യവും യോഗ്യവുമായ സ്ഥലങ്ങളിലാകും ഓരോന്നും അതിന്റെ പൂർണ്ണത കണ്ടെത്തുക. ഒരുമണിക്കൂറിനുശേഷം ഗഡോലിയ എന്ന കവലയിലെത്തി. ചന്നംപിന്നം മഴ പാറുന്നു. ഇവിടെനി



*ഭാഗീരഥിക്കരയിലെ ഗസ്റ്റ് ഹൗസ്. ഗുപ്തകാശി*

ന്നാണ് കേദാരത്തേക്ക് തിരിയേണ്ടത്. മഴയിൽ നിറംവെച്ച് ദേവദാരുക്കൾ. സമയം പതിനൊന്നു കഴിഞ്ഞെങ്കിലും തണുപ്പിന് കുറവില്ല.

റോഡരികിലൊരു കടയിൽ നിന്ന് ചായയും ബിസ്ക്കറ്റും കഴിച്ചു. പത്തി കി.മീറ്റർ കൂടി പോയപ്പോൾ, ഗഢ്വാളിന്റെ പഴയ തലസ്ഥാനമായ ശ്രീനഗർ എന്ന ചെറുപട്ടണമായി. ചുറ്റും മലനിരകളും പുഷ്പങ്ങളും നിറഞ്ഞ ഒരു മനോഹര പ്രദേശം. പേരിനെ അന്വർത്ഥമാക്കിക്കൊണ്ട് വിദ്യോപാസനയുടെ ചിഹ്നമായ ''ശ്രീചക്രം'' ഇവിടെ നഗരമദ്ധ്യത്തിലെ ഒരു ശിലാപാളിയിൽ മനോഹരമായി കൊത്തിവെച്ചിരിക്കുന്നു.

ഗഢ്വാൾ യൂണിവേഴ്സിറ്റി, ജി. ബി. പാന്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിമാലയൻ എൻവയൺമെന്റ് & ഡെവലപ്മെന്റ്, ഹൈ ആൾട്ടിറ്റ്യൂഡ് ഫിസിയോളജിക്കൽ റിസർച്ച് സെന്റർ തുടങ്ങിയ പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെയാണ്. ആശുപത്രികളും, കുറച്ച് സർക്കാരാഫീസുകളും ഇവിടെ കണ്ടു. പതിനാലാം ശതകത്തിലെ പൻവാർ രാജവംശജരാണ് ഈ പട്ടണത്തിന്റെ സ്ഥാപകരെന്നു കരുതുന്നു.

നമ്മുടെ സ്വാതന്ത്ര്യസമരത്തിലും ഗഢ്വാളിന്റെ രാഷ്ട്രീയ ചരിത്രത്തിന് ഒരു വ്യത്യസ്ത സ്ഥാനമുണ്ട്. നിരന്തര സമരങ്ങൾക്കുശേഷം, സ്വാതന്ത്ര്യാനന്തരം 1949 ആഗസ്റ്റ് 1ാം തിയതിയാണ് ഈ പ്രദേശം ഉത്തർ പ്രദേശ് സംസ്ഥാനത്തിന്റെ ഭാഗമായി, ഇന്ത്യയിൽ ലയിച്ചത്. യാത്ര പിന്നിടുകയാണ്... മഴ വിട്ടിരിക്കുന്നു. പച്ചപ്പുല്ലുവളരുന്ന ചെറുകുന്നുകൾ, കുറ്റിച്ചെടികളിൽ നിറയെ കിന്നരിപ്പൂക്കൾ. ചെറിയ ചെറിയ പാറകൂട്ടങ്ങൾ, താഴ്വാരങ്ങളിൽ വൃക്ഷലതാദികൾ അവക്കിടയിൽ നിരവധി ചെറുതും വലുതമായ വെള്ളക്കെട്ടുകൾ. കൊച്ചു കൊച്ചു ക്ഷേത്രങ്ങൾ. ഇവയിലൊക്കെ ഗഢ്വാളിന്റെ മഹത്തായ പാരിസ്ഥിതിത്തനിമ നിറഞ്ഞുനില്ക്കുന്നു.

അളകനന്ദയുടെ തീരം ചേർന്നുള്ള ഈ യാത്ര ശരിക്കും മനസ്സിൽ ആത്മഹർഷം പ്രദാനം ചെയ്തു. ഈ പുണ്യനദിയുടെ തീരത്തുനിന്ന് അല്പമകലെയാണ് പുരാതനമായ കമലേശ്വർ ക്ഷേത്രവും കോടേശ്വർ ക്ഷേത്രവും സ്ഥിതി ചെയ്യുന്നത്.

## അളക-മന്ദാകിനി സംഗമം

ഉച്ചതിരിഞ്ഞപ്പോൾ ഞങ്ങൾ രുദ്രപ്രയാഗിലെത്തി. കേദാറിൽ നിന്നുള്ള മന്ദാകിനിയും, ബദരിയിൽ നിന്നുള്ള അളകനന്ദയും കൂടിച്ചേരുന്ന സംഗമസ്ഥലമാണ് രുദ്രപ്രയാഗ്. ഇവിടെ ചെറുതും വലുതുമായി മൂന്നുനാലു ആശ്രമങ്ങൾ കണ്ടു. ഞങ്ങൾ ചെറിയൊരാശ്രമത്തിൽ സാധനസാമഗ്രികളൊക്കെവെച്ച്, കുറച്ചുനേരം വിശ്രമിച്ചു.

ആശ്രമത്തിൽ നിന്നു കുറച്ചു നടന്നാൽ താഴേക്കിറങ്ങിപ്പോകുന്ന കുറേ കരിങ്കൽ പടവുകൾ. എത്തിപ്പെടുന്നത് പ്രയാഗിലെ നദിസംഗമത്തിൽ. നദിയിൽ ശക്തമാണൊഴുക്ക്. കൈയ്യും കാലും മുഖവും കഴുകി ദേഹശുദ്ധിവരുത്തി. സമീപത്തായി രുദ്രനാഥക്ഷേത്രമെന്നും, ജഗദാംബക്ഷേത്രമെന്നും രണ്ടുചെറിയ ക്ഷേത്രങ്ങൾ. സംഗമസ്ഥാനത്തിനു ചുറ്റും നിബിഢവനങ്ങൾ. പക്ഷികളുടെ കളകൂജനങ്ങൾ. താഴ്വരയിൽ തള്ളിനിൽക്കുന്ന കൂറ്റൻപാറക്കെട്ടുകൾ. ഇവയ്ക്കിടയിൽ ധ്യാനനിരതരായിരിക്കുന്ന നിരവധി യോഗികൾ. പരിസരമാകെ പവിത്രസംഗമത്തിന്റെ നാദലയങ്ങൾ ശ്രുതിമീട്ടിക്കൊണ്ടിരുന്നു. ഒരു മണിക്കൂർ നേരം എല്ലാം മറന്ന് ആ പവിത്രഭൂവിൽ നിന്ന ശേഷം, മഞ്ഞും മഴയും വെയിലും വീണ് വിടർന്ന വിശുദ്ധ തീരത്തേയും അതു തന്ന ഒരുപിടി നല്ലോർമ്മകളേയും നമിച്ചുകൊണ്ട്, ഞങ്ങൾ തിരിച്ചുപടവുകൾ കയറി.

* * * * *

വഴിയിൽ രുദ്രനാഥക്ഷേത്രത്തിലും പ്രകൃതി ചൈതന്യമാർന്ന ജഗദാംബക്ഷേത്രത്തിലും നമസ്കരിച്ച്, മന്ദാകിനിതീരത്തിലൂടെ കേദാർനാഥ് ലക്ഷ്യമാക്കി യാത്ര തുടങ്ങി. മന്ദാകിനി ഒരു കൊച്ചുനദിയാണ്. നീലിമയാർന്ന ഒഴുക്കോടെ, മന്ദമന്ദം ഹിമാലയസാനുക്കളിൽ നിന്ന് താഴേക്കൊഴുകുന്നു. രുദ്രപ്രയാഗിൽനിന്ന് ഏകദേശം 25 കി.മീറ്ററോളം കുത്തനെയുള്ള യാത്രക്കുശേഷം 'അഗസ്ത്യമുനി' എന്ന മനോഹര താഴ്വരയിലെത്തി.

പ്രകൃതിഭംഗികൊണ്ട് അനുഗ്രഹീതമായ ഇവിടെ ചെറിയ ചെറിയ കൃഷിസ്ഥലങ്ങളും അവയോടുചേർന്ന് കൊച്ചു കൊച്ചു വീടുകളും നിരനിരയായി നിൽക്കുന്നു. പച്ചപ്പുനിറഞ്ഞ കുന്നിൻചെരുവുകളിൽ ചെമ്മരിയാടുകൾ യഥേഷ്ടം മേഞ്ഞുനടക്കുന്നു.

ഭാരതീയ സംസ്കൃതിയെ സമഗ്രമായി കണ്ട അഗസ്ത്യമുനി

ഇവിടെയാണ് തപസ്സനുഷ്ഠിച്ചതെന്ന് വിശ്വസിക്കുന്നു. വ്യത്യസ്ത വീക്ഷണങ്ങളോടെ നിലനിന്നിരുന്ന, ഉത്തര-ദക്ഷിണ ഭാരത സംസ്ക്കാരങ്ങളെ ഏകോപിപ്പിച്ചത് ഇദ്ദേഹമത്രെ. ജ്യോതിഷം, വൈദ്യം, ദർശനം, നടനം, സംഗീതം, കാർഷികം, മൃഗശാസ്ത്രം എന്നിവയിലെല്ലാം, ഇദ്ദേഹത്തിന് അപാരപാണ്ഡിത്യം ഉണ്ടായിരുന്നുവെന്ന് പുരാണങ്ങൾ !

നമ്മുടെ മലയാളത്തിലും ഈ മുനി ഒരു ഇതിഹാസ കഥാപാത്രമാണ്. തിരുവനന്തപുരം ജില്ലയിലെ 'അഗസ്ത്യകൂട' മലയുമായി ഇത് ബന്ധപ്പെട്ടുനിൽക്കുന്നു. നീലാകാശത്തെ പ്രണയിക്കുന്ന മനോഹര താഴ്‌വരയേയും പ്രണമിക്കുന്ന ഗിരിശൃംഗങ്ങളേയും മനസാ നമസ്കരിച്ച് ഞങ്ങളുടെ വാഹനം വീണ്ടും കയറ്റം കയറാൻ തുടങ്ങി. ഉച്ചനേരമാണെങ്കിലും തണുപ്പിന് ഒട്ടും ശമനമില്ല.

## ഗുപ്തകാശി

പത്തുപതിനഞ്ചു കിലോമീറ്ററോളം യാത്ര ചെയ്തപ്പോൾ കേദാറിലേക്കും, ചമോലിയിലേക്കും വഴികൾ വേർപ്പെടുന്ന 'കുണ്ഡ്' എന്ന സ്ഥലമായി. മലകളെ പ്രദക്ഷിണം വെക്കുന്ന വഴികൾ, പരന്ന കൃഷിസ്ഥലങ്ങൾ, പെണ്ണുങ്ങളും ആണുങ്ങളും ഒരുമിച്ചു ജോലികളിൽ മുഴുകിയിരിക്കുന്നു, ആടുകളെ മേക്കുന്ന കുട്ടികൾ. മുകളിലെത്തിയപ്പോഴേക്കും എല്ലാവരും ക്ഷീണിതരായി കാണപ്പെട്ടു. ഒരു ചെറിയ ചായക്കടയിൽ നിർത്തി ചൂടു ചായ കഴിച്ചു. കുറേനേരം വിശ്രമിച്ചു. തുടർന്നുള്ള രാത്രിയിലെ യാത്ര അത്ര സുഖകരമല്ലെന്നുള്ള വികാരം അന്ന് രാത്രി 'ഗുപ്തകാശി' യിൽ തങ്ങാൻ ഞങ്ങളെ പ്രേരിപ്പിച്ചു. സാധാരണയായി അതിർത്തിക്കപ്പുറത്തേക്ക് യാത്ര ചെയ്യാൻ തീരുമാനിച്ചവർ മാത്രമാണല്ലോ അസാധാണമായ മുന്നൊരുക്കങ്ങളും ആകസ്മികതയെ നേരിടാനുള്ള തയ്യാറെടുപ്പുകളും നടത്തുക. ഇവിടെനിന്ന് അഞ്ച് കി.മീറ്റർ ദൂരെയാണ് ഗുപ്തകാശി. മലകളുടെ അറ്റങ്ങളിൽ സൂര്യൻ ചെഞ്ചായം പൂശി തുടങ്ങിയിരുന്നു. സമുദ്രനിരപ്പിൽ നിന്നും 1450 മീറ്റർ ഉയരത്തിലാണ് ഗുപ്തകാശിയെന്ന് അവിടെയൊരു ബോർഡിൽ എഴുതി കണ്ടു. ഇവിടെ ഒരുസർക്കാർ ഗസ്റ്റ് ഹൗസുണ്ട്. കൂടാതെ കുറച്ച് ടെന്റുകളും. സാമാന്യം വിശാലമായ ഗസ്റ്റ് ഹൗസിൽ ഞങ്ങൾ രാത്രി തങ്ങി.

പൂരിയും സബ്ജിയും അടങ്ങുന്ന അത്താഴം അവിടെ കിട്ടി. ശക്തമായ മഞ്ഞും തണുപ്പും ഉണ്ടായിരുന്നിട്ടും, ആ വന്യതയുടെ വരാന്തയിലിരുന്ന് ഞങ്ങൾ കുറേ സംസാരിച്ചു. പുണ്യവും, പാപവും, പുൽകൊടിയും തുടങ്ങി, പലതും പലരും പലവട്ടം... പത്തുമണിയോടെ ഉറങ്ങാനൊരുങ്ങി. ഇരുട്ടിലും മലകളിലെ മഞ്ഞിൻ കമ്പളം, വ്യക്തതയില്ലാതെ കാണാമായിരുന്നു.

* * * * *

അതിരാവിലെ കിഴക്കേ കിരണങ്ങൾക്കൊപ്പം ഞാനുമുണർന്നു. ചൂടുചായ നുണഞ്ഞുകൊണ്ട് ഞാൻ മലഞ്ചെരിവിലേക്ക് നോക്കി. പ്രകൃതി അവിടെ പ്രതിബിംബിക്കുന്നു. കഴിഞ്ഞദിവസം മഞ്ഞുവീണുകിടന്ന സ്ഥലം മുഴുവൻ പൂക്കൾ നിറഞ്ഞിരിക്കുന്നു. ഋതുഭേദങ്ങൾ ഒരു നിയമമാണ്. ഒന്നിനും സ്ഥായിയായ ഭാവമില്ല എന്ന് തെളിവുസഹിതം പഠിപ്പിക്കുന്ന അലിഖിത നിയമം. എല്ലാം മാറിയേ മതിയാകൂ; സന്തോഷമായാലും സങ്കടമായാലും! ആരംഭത്തിനൊരു അവസാനവുമുണ്ട്. ഉദയത്തിനൊരു അസ്തമയവും ! പഴയൊരു ഗാനം ഞാനറിയാതെ മൂളി.

*'പ്രഭാതം വിടരും...*
*പ്രദോഷം വിടരും...*
*പ്രദീചി രണ്ടും കണ്ടു നിൽക്കും*
*ഉദയമില്ലാതില്ല അസ്തമയം*
*ഉണരൂ മനസേ ഉണരൂ...'*

പലപ്പോഴും അത് ഭൂപ്രകൃതിയുടെ അതിരുകൾ ലംഘിച്ച് അനുഭവവും അനുഭൂതിയുമാകാറുണ്ട്. ആ നിമിഷങ്ങളിൽ എന്റെ ചിന്തകളും, ശൈലികളും, ഈണങ്ങളും എല്ലാം അതിൽ കടന്നുവന്നതായി തോന്നി. മുമ്പും ഇത്തരം സന്ദർഭങ്ങളിൽ അത് പലപ്പോഴും എന്നിൽ ഭൂപ്രകൃതിയുടെ അതിരുകൾ ലംഘിച്ച് അനുഭവവും അനുഭൂതിയുമാകാറുണ്ട്. പ്രപഞ്ച സമസ്യയുടെ ചില ദുരൂഹതകൾ !! അങ്ങുദൂരെ, ഭാഗീരഥി ഒരു നേർരേഖപോലെ ഒഴുകുന്നു. പ്രാതൽ കഴിഞ്ഞ്, ഏഴുമണിയോടെ യാത്രക്കൊരുങ്ങി. കുറേ ഗ്രാമങ്ങളും ചന്തകളും പിന്നിട്ട് വാഹനം മുന്നോട്ടു പൊയ്കൊണ്ടിരുന്നു. കഠിനമായ വളവുകളും കയറ്റിറക്കങ്ങളും ഒരു മലക്കപ്പുറം മറ്റൊന്നായി അതങ്ങനെ നീണ്ടുനീണ്ടു കിടക്കുന്നു.

താഴ്‌വരകളിൽ പച്ചപ്പിന്റെ സമൃദ്ധി. ചുവന്നു തുടുത്ത ഹിമാലയൻ ആപ്പിളുകൾ മരങ്ങളിൽ നിറഞ്ഞുതൂങ്ങുന്നു. രണ്ടുമണിക്കൂർ കഴിഞ്ഞ്, സമുദ്രനിരപ്പിൽനിന്ന് 1850 മീറ്റർ ഉയരത്തിലുള്ള സോണപ്രയാ



*മന്ദാകിനി നദി*

ഗിലെത്തി. ഹിമാലയത്തിലെ മഞ്ഞുരുകിയ നിരവധി കൊച്ചരുവികളും മന്ദാകിനിയും ചേർന്ന് ഇവിടെ സോണാഗംഗയാകുന്നു. സർക്കാർ സൗകര്യമൊരുക്കിയിരിക്കുന്ന ഒരു ചെറു കുന്നിൻമുകളിൽ നിന്ന്, ഈ നദികളുടെ സംഗമ സൗന്ദര്യങ്ങളും, താഴ്‌വരയുടേയും വെള്ള ചാട്ടങ്ങളുടേയും മനോഹര ദൃശ്യങ്ങളും ആസ്വദിക്കാം.

ഇവിടംവരെ മാത്രമെ, കുറച്ചുകാലം മുമ്പുവരെ കേദാരയാത്രികർക്ക് റോഡ് സൗകര്യമുണ്ടായിരുന്നുള്ളുവത്രെ. വഴിമദ്ധ്യേയുള്ള ത്രിയുഗ് നാരായൺ എന്ന ഗ്രാമത്തിൽ അതേ പേരിൽ ഒരു ക്ഷേത്രവും സദാ എരിഞ്ഞു കത്തുന്ന ഒരു അഗ്നികുണ്ഡവുമുണ്ട്. ശിവപാർവ്വതി വിവാഹം നടന്നതിവിടെയെന്ന് പറയുന്നു. ഹിമാലയം പോലെതന്നെയാണ്, അതിന്റെ വിസ്തൃത വിശ്വാസങ്ങളും! അഞ്ചു കി.മീറ്റർ കൂടി മുന്നോട്ടുപോയാൽ മന്ദാകിനി തീരത്തുള്ള ഗൗരീ കുണ്ഡിലെത്തും. കേദാർയാത്രക്ക് ഇപ്പോൾ അവിടംവരെ മാത്രമെ റോഡ് സൗകര്യമുള്ളു.

* * * * *

സമയം ഉച്ചകഴിഞ്ഞിരിക്കുന്നു. 14 കി. മീറ്റർ കൂടി പോകേണ്ട കേദാരയാത്രക്ക്, കുതിരകളും ഡോലികളും, ഇവിടെ യാത്രക്കാരെ സ്വാഗതം ചെയ്ത് നിൽക്കുന്നു. ആരുടെയൊക്കെയോ കരുതലും സഹായവും കൊണ്ടാണ് എല്ലാവരും ആരൊക്കെയോ ആയിത്തീരുന്നത്. ആരെങ്കിലുമൊക്കെ കൈപിടിക്കുന്നതു കൊണ്ടാണ് തനി വഴികൾ രൂപപ്പെടുത്താൻ ശേഷിയുണ്ടാകുന്നത്. സമുദ്രനിരപ്പിൽ നിന്ന് 1980 മീറ്റർ ഉയരത്തിലുള്ള ഗൗരികുണ്ഡിൽ 'ഗൗര മാൽ' എന്നൊരു പാർവ്വതീക്ഷേത്രമുണ്ട്. ശിവനെ പ്രാപിക്കുവാൻ, നൂറുകണക്കിനു വർഷങ്ങൾ പാർവ്വതി തപസ്സുചെയ്തത് ഇവിടെയെന്ന് പറയപ്പെടുന്നു. ഇതിനു തൊട്ടടുത്തായി, ഓരോ ഉഷ്ണജലപ്രവാഹവും ശീതജലപ്രവാഹവും കാണുന്നുണ്ട്. ഇതുകൊണ്ടാണത്രെ, ഇവിടേക്ക് ഗൗരീകുണ്ഡ് എന്ന് പേര് വീണത്.

ഏകദേശം ഒരു കി.മീറ്റർ അകലത്തിൽ 'സിർകാട്ടാ മന്ദിർ' പിതാവായ പരമശിവനാൽ തലയറക്കപ്പെട്ട ഗണേശൻ, പിതാവിനാൽ തന്നെ ആനത്തലയുള്ള ഗണപതിയായി തീർന്നത് ഇവിടെവെച്ചാണെന്ന് പറഞ്ഞു വരുന്നു. എല്ലാവർക്കും ചില കദന കഥകളുണ്ടല്ലോ. തോറ്റതിന്റേയും ഒറ്റപ്പെട്ടതിന്റേയും ശിക്ഷകൾ ഏറ്റുവാങ്ങിയതിന്റേയുമെല്ലാം... ഇവിടത്തെ പ്രതിഷ്ഠ ഗണപതി തന്നെ. മഴക്കോട്ടുകൾ, സഞ്ചികൾ, ഊന്നുവടികൾ തുടങ്ങി അത്യാവശ്യ സാധനങ്ങൾ ഇവിടെ വില്പനക്ക് കണ്ടു. ചിലപ്പോൾ മുകളിൽ ഓക്സിജൻ ലഭ്യത കുറയുമെന്നതിനാൽ ചിലർ ഓക്സിജൻ സിലിണ്ടറുകൾ കൂടി കരുതിയിരിക്കുന്നു.

കേദാർനാഥിലേക്ക് ഇവിടെ നിന്നുള്ള യാത്രയുടെ തീവ്രത അറിയാവുന്നതിനാൽ, അവശ്യസാധനങ്ങൾ മാത്രം കൈയിൽ കരുതി, മറ്റു ബാഗുകൾ വാഹനത്തിൽ ത്തന്നെ വെച്ച്, ഡ്രൈവറെ ചുമതലപ്പെടുത്തി. ലക്ഷ്യസാധൂകരണത്തിനുവേണ്ടിയുള്ള ഘടകങ്ങളുടെ അന്വേഷണവും കണ്ടെത്തലുമാണല്ലോ ജീവിതം. എല്ലാമുഖങ്ങളിലും ചെറിയ തോതിൽ ഉൽക്കണ്ഠയുടെ ലാഞ്ഛനകൾ കണ്ടു. ഭക്ഷണം കഴിച്ച്, കുറച്ചുനേരം ഇരുന്ന്, മാനസികമായും ശാരീരികമായും യാത്രക്കു തയ്യാറായി.

■ കഥ

# രണ്ടുകഥകൾ



ടി. വി. ഹരികുമാർ
9446118387

## വീതംവെയ്പ്

**ഇ**ടിഞ്ഞുപൊളിയാറായ കുടുംബ വീട്ടിൽ ഇളയമകനോടൊപ്പം താമസിച്ചിരുന്ന അച്ഛന്റെ മരണമറിഞ്ഞ് ബോംബെയിൽനിന്ന് മൂത്തമകൻ ഗോപാലകൃഷ്ണനും ബാംഗ്ലൂരുനിന്ന് രണ്ടാമത്തെ മകൻ പ്രസന്നനും എത്തിയിരുന്നു. മരണാനന്തരചടങ്ങിനുശേഷം കുടുംബയോഗം ചേർന്നു സ്വത്ത് വീതം വയ്പുനടന്നു. മൂത്ത മകൻ ഗോപാലകൃഷ്ണൻ പറഞ്ഞു – "ഞാനും പ്രസന്നനും നാട്ടിലില്ലല്ലോ ആയതിനാൽ കുടുംബവീട് അനുജനെടുത്തോട്ടെ. വീടുവിട്ടുപോകാൻ അമ്മക്കിഷ്ടമുണ്ടാവുകയില്ല ആയതിനാൽ അമ്മ അവനൊപ്പം നിൽക്കട്ടെ. പുറത്തുള്ള വസ്തുക്കൾ ഞങ്ങളുടെ പേരിൽ തന്നാമതി."

"അപ്പോൾ അച്ഛന്റെ അസ്ഥി നിമഞ്ജനവും അച്ഛന്റെ ചികിത്സക്കായി വാങ്ങിയ പണത്തിന്റെ കടവും ?"

അനുജൻ പറഞ്ഞുനിർത്തിയതും രണ്ടാമത്തെ മകൻ പ്രസന്നൻ പറഞ്ഞു, "ചേട്ടൻ പറഞ്ഞ പോലെ വീടുനോക്കി നടത്തി നാട്ടിൽ നിൽക്കുന്നത് അനുജനല്ലെ. അസ്ഥിനിമഞ്ജനവും കടംവീട്ടലും നിന്റെ കടമതന്നെയാണ്. ഇനി അതിനെക്കുറിച്ച് ചർച്ചയുടെ ആവശ്യമില്ല. രണ്ടു ചേട്ടന്മാരും കുടുംബസമേതം യാത്രയാകുന്നത് കണ്ടപ്പോൾ അറിയാതെ അനുജൻ പറഞ്ഞുപോയി, "ബോംബേക്കോ ബാംഗ്ലൂരിനോ പോവുന്നതായിരുന്നു ഉചിതം."

## പഴമയുടെ സുഗന്ധം

**ക**ഥാകൃത്തിനെ വഴിയിൽ വച്ചുകണ്ടപ്പോൾ സഹൃദയനായ സുഹൃത്ത് ചോദിച്ചു, "എന്തുപറ്റി കഴിഞ്ഞ സാഹിത്യസംഗമത്തിന് എത്താതിരുന്നതെന്താ?" കഥാകൃത്ത് ചിരിച്ചുകൊണ്ട് പറഞ്ഞു, "ഞാൻ എന്റെ ശേഖരത്തിലുള്ള പഴയ കുറേ മാസികകൾ പൊടിതട്ടി വച്ചപ്പോൾ പൊടി അടിച്ചിട്ടാണെന്നു തോന്നുന്നു ഒരു പനി. അലർജിയാവാം. ചുമയും പനിയും മൂലം കഷ്ടപ്പെട്ടുപോയി." സഹൃദയനും ചിരി വന്നു. ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു, "ശരിയാണ്. എനിക്ക് തോന്നിയിരുന്നു. ഈയിടെയായി താങ്കളുടെ രചനകൾക്കെല്ലാം പഴമയുടെ സുഗന്ധമുണ്ടെന്ന്." സുഹൃത്ത് നടന്നുപോയി. കഥാകൃത്ത് ഒന്നുകൂടി ചിരിച്ച് താടി തടവി. ●

**അശോകൻ രാജീവം**
**9447533850**



# നടുക്ക് യതി പാദാദി...

**അ**ഷിത ടീച്ചറുടെ മലയാള വ്യാകരണ ക്ലാസ്സാണ് അവരെക്കുറിച്ചോർക്കുമ്പോഴൊക്കെ ഓർമ്മയിൽ തെളിഞ്ഞുവരാറുള്ളത്. അലങ്കാരങ്ങളും വൃത്തലക്ഷണങ്ങളും പഠിപ്പിക്കാൻ അഷിത ടീച്ചറെ കഴിച്ചേ ആരുമുള്ളൂ. ഓരോ വാക്യങ്ങളും ബന്ധിപ്പിച്ചിരിക്കുന്നത് സന്ധികളും, സമാസങ്ങളും കൊണ്ടാണെന്ന് അവർ പറയുമ്പോൾ വ്യാകരണം എന്നത് യന്ത്രങ്ങളിലെ നട്ടുകളും ബോൾട്ടുകളും പോലെയാണ് ഭാഷയിൽ എന്ന് തോന്നിപ്പോകും.

സ്കൂൾ കലോത്സവത്തിന് ഒരു നാടകം ചെയ്യണമെന്ന് ജോണി മാഷ് പറഞ്ഞപ്പോൾ അഷിത ടീച്ചറെ തന്നെ ആശ്രയിക്കുവാൻ കുഞ്ഞൂട്ടൻ തീരുമാനിച്ചു. കുഞ്ഞൂട്ടന്റേത് സർക്കാർ ഹൈസ്കൂളാണ്. അവിടുള്ള അധ്യാപകർ ഓരോ പിരീഡുകളും ഉന്തിത്തള്ളി നീക്കാൻ ബുദ്ധിമുട്ടുന്നതുകൊണ്ടാണ് തൊട്ടടുത്തുള്ള ട്യൂട്ടോറിയൽ കോളേജിൽ കുഞ്ഞൂട്ടനും കൂട്ടുകാരും ചേക്കേറിയത്. അവിടുത്തെ അധ്യാപികയാണ് അഷിത. മലയാളസാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും, ബി. എഡും ഒക്കെ ഉണ്ടായിരുന്നിട്ടും അഷ്ടിക്കു വകയില്ലാത്ത ഒരു പാവം നമ്പൂതിരി കുടുംബത്തിൽ ജനിച്ചുപോയതുകൊണ്ടുമാത്രം കോഴ കൊടുത്ത് ജോലിവാങ്ങാൻ കഴിയാതെ പോയ ഹതഭാഗ്യയാണ് ടീച്ചർ.

കുഞ്ഞൂട്ടന്റെ അച്ഛൻ കഥകളി ആശാനായതുകൊണ്ട് അച്ഛനില്ലാത്ത ദിവസങ്ങളിൽ കുഞ്ഞൂട്ടനാണ് മറ്റുകുട്ടികൾക്ക് ചുവടുകൾ ചൊല്ലിക്കൊടുക്കാറുള്ളത്. പദാനുസരണം ചുവടുവെയ്ക്കുമ്പോൾ അഷിത ടീച്ചറുടെ വൃത്തലക്ഷണങ്ങളും അലങ്കാര പ്രയോഗങ്ങളും ഇടയ്ക്കിടെ വന്ന് എത്തിനോക്കി പോകാറുണ്ട്. പഞ്ചപാണ്ഡവരെ ചൂതിനു ക്ഷണിക്കുവാൻ ശകുനി ധൃതരാഷ്ട്രരെ മൂർച്ച കൂട്ടുമ്പോൾ ഭാവങ്ങളിൽ, മുദ്രകളിൽ ഒക്കെ കഥകളി വൃത്തത്തിന്റെ ലക്ഷണം പകിട ഉരുട്ടിക്കൊണ്ട് ചുവട് വെയ്ക്കും.

*മാത്രയഞ്ചക്ഷരം മൂന്നിൽ*
*വരുന്നോരു ഗണങ്ങളെ*
*എട്ടുചേർത്തുള്ളോരീരടിക്ക്*
*ചൊല്ലാം കാകളിയെന്നുപേർ...*

കളരിയിലേക്ക് പെട്ടെന്നു കയറിവരുന്ന അച്ഛൻ തറപ്പിച്ചുവിളിക്കും, "കുഞ്ഞൂട്ടാ..."

നോട്ടമൊന്നു പിഴച്ചാൽ, ചുവടൊന്നിടറിയാൽ എത്ര ആൾക്കൂട്ടത്തിലും അച്ഛൻ തിരിച്ചറിയും – കാൽമുട്ടിന്റെ ചിരട്ട ഇളകിത്തെറിക്കും ചൂരലിന്റെ ചൂടിൽ...!

"ഇങ്ങട്ട് വര്ാ, എന്തായിരുന്നു ഓർത്തോണ്ടിരുന്നത് ?"

"ഒന്നുംല്യാ"

"ഉം... ?"

..............

"ഉം..."

ആ തറപ്പിച്ചൊരു മൂളൽ മതി ഉടുമുണ്ട് നനഞ്ഞൂന്ന് തോന്നിപ്പോകും. പിറ്റേന്ന് ക്ലാസ്സ് കഴിഞ്ഞ് ടീച്ചറെ തനിച്ചുകണ്ടപ്പോൾ ചോദിച്ചു, "നാടകത്തിന്റെ കാര്യം...?"

"കുഞ്ഞൂട്ടനെന്താ പ്ലാൻ ?"

"ഒരു നല്ല നാടകം വേണംന്നുണ്ട്. സ്ഥിരം ശൈലിയിലല്ല. അൽപ്പം വ്യത്യസ്തമായിട്ട്..."

ടീച്ചർ ചിരിച്ചുകൊണ്ട് ചോദിച്ചു, "ന്ന് വച്ചാ ? കുഞ്ഞൂട്ടനെന്താ മനസ്സിൽ കാൺണത് ? അത് പറയ്യ്യാ"

"ഒന്നുംല്യ. ചെറിയ ഐഡിയ തോന്ന്വാണേയ്. അബദ്ധാവുംച്ചാ കളിയാക്കരുത് ടീച്ചർ."

"ഏയ്, എന്താദ് ? കളിയാക്ക്വോ... ഇല്ല്യാട്ടോ."

"അതേയ്, ഒരു നല്ല കഥ തെരഞ്ഞെടുക്കണം. എന്നിട്ട് അതിലെ സംഭാഷണങ്ങൾക്ക് പകരം നമുക്ക് മലയാള വ്യാകരണം ചേർക്കാ – അലങ്കാരങ്ങളും വൃത്തലക്ഷണങ്ങളും ഒക്കെ. ഭയങ്കര രസായിരിക്കും ല്ലേ ടീച്ചർ ?"

"കുഞ്ഞൂട്ടാ..." അതൊരു താക്കീതായിരുന്നു.

"എന്താദ് ? എത്ര പ്രാവശ്യം പറഞ്ഞിരിക്കുന്നു ? ഇങ്ങനെ സംസാരിക്കരുതെന്ന് ? ഭയങ്കര രസോ ? അങ്ങനൊരു രസംണ്ടോ ? ശ്ശോ – നിക്കിത് കേട്ടു കേട്ടു മടുത്തു. ആർക്കും ഒരു നിശ്ചയില്ല്യാ എല്ലാറ്റിലും ചേർക്കെന്നെ ഭയങ്കര ഇഷ്ടം, ഭയങ്കര സ്നേഹം, ഭയങ്കര രസം... !"

"സോറി ടീച്ചർ"

"പോട്ടെ, സാരംല്യ... കുഞ്ഞൂട്ടന് മനസ്സിലായാൽ മതി, ഞാ പിന്നെ, തന്റെ ഐഡിയ കൊള്ളാട്ടോ. ഒരു പുതുമയിണ്ടാവും. ഞാനൊന്ന് ആലോചിക്കട്ടെ. നാളെ പറയാംന്തേ...?"

നാട്ടുവഴി ഒരു പച്ച ഈർക്കിലി നെടുകായിപിളരും പോലെ ഒരു മുക്കിൽ വെച്ച് പിരിഞ്ഞപ്പോൾ ഒരു പകുതിയിൽ കൂടെ അഷിത ടീച്ചറും മറുപകുതിയിൽ കൂടെ കുഞ്ഞൂട്ടനും നടന്നുപോയി. കുഞ്ഞൂട്ടൻ വീടെത്തുമ്പോൾ മുറ്റത്ത് അവനേയും കാത്ത് അച്ഛനും കളി സംഘവും നിൽപ്പുണ്ടായിരുന്നു.

"കുഞ്ഞൂട്ടനിങ്ങ് വര്ാ" അച്ഛൻ മടിച്ചു മടിച്ചു വിളിച്ചപ്പോൾ അവൻ വലതു പുരികമുയർത്തി അമ്മയോട് "എന്തേ" യെന്ന് ചോദിച്ചു. അമ്മ മിഴികൾ പാതിയടച്ചുകൊണ്ട് ചെല്ലാൻ പറഞ്ഞു.

"കുഞ്ഞൂട്ടന് നാളെ പരീക്ഷയോ മറ്റോ ണ്ടോ?"

"ഇല്ല്യ"

"ഹാവൂ രക്ഷയായി. ന്നാ വേഗം കുളിച്ച് പുറപ്പെട്ടാ. ഭക്ഷണോ

ക്കെ അവിടെ ചെന്നിട്ടാവാം. ഇന്ന് കുഞ്ഞൂട്ടനാണ് ദ്രൗപതി ന്തേ ഷാര ടീ...?''

''അസ്സലാവും സംശയില്ല്യാ.''

ഓ അപ്പോൾ അതാണ് കാര്യം. അപ്പുണ്ണിയേട്ടനാണ് സ്ഥിരം ദ്രൗപതി വേഷം. ഇന്ന് പുള്ളിക്കാരന്റെ ബന്ധത്തിലാരോ മരിച്ചൂത്രേ. പുലയുണ്ട്. അടുത്ത ഗ്രാമത്തിലെ ക്ഷേത്രത്തിലാണ് കളി. തീണ്ടാൻ പാടില്ല. അല്ലേലും തലയിൽ പുലയുള്ളവർ ആട്ടവിളക്ക് കൂടി തൊടരുതെന്നാ ശാസനം.

''അമ്മേ ഞാൻ ശര്യാവോ ?''

''എന്തേ, എന്റുണ്ണി ശര്യാവേണ്ടേ? ശോഭിക്കില്ലേ ? കുന്നത്തു വെച്ച വിളക്കുപോലെ...! സാക്ഷാൽ ദ്രൗപതി കണ്ടാൽ നാണിച്ചു പോകും. ധൈര്യായിട്ട് പുവ്വാ. ഉണ്ണീടച്ചൻ ഒന്നും കാണാതെ പറയ്യോ...?''

ദ്രൗപതി സ്വയംവരമായിരുന്നു കളി. സ്വയംവര ഹാരവുമായി ആട്ടവിളക്കിനുമുന്നിൽ നിന്നപ്പോൾ, വേദിയിലിരിക്കുന്ന രാജാക്കൻമാരുടെ കൂട്ടത്തിൽ അഷിത ടീച്ചറേയും കണ്ടു. ടീച്ചർ ഇമവെട്ടാതെ ദ്രൗപതിയെത്തന്നെ നോക്കിയിരിപ്പാണ്. ഇത് ഞാനാ ടീച്ചറെ... കുഞ്ഞൂട്ടൻ എന്നുറക്കെ വിളിച്ചുപറയുവാൻ കുഞ്ഞൂട്ടന് തോന്നിയതാണ്.

സഭാവന്ദനം അനിയൻ ചേട്ടൻ പാടി വിസ്തരിക്കുമ്പോൾ കുഞ്ഞൂട്ടന്റെ മനസ്സ് ടീച്ചർ പഠിപ്പിച്ചു കൊടുത്ത വൃത്തലക്ഷണമാണ് മൂളിയത്.

*ചൊല്ലാം വസന്ത തിലകം*
*തഭജം ജഗംഗം...*

പിറ്റേന്ന് നല്ല ക്ഷീണമായിരുന്നതിനാൽ കുഞ്ഞൂട്ടൻ സ്കൂളിൽ പോയില്ല. ഉച്ചവരെ കിടന്നുറങ്ങി. ഉച്ചയ്ക്ക് എഴുന്നേറ്റ് കുളിച്ച് ഭക്ഷണം കഴിച്ചശേഷം വായനശാലയിലേക്ക് പോയി. പുസ്തകമെടുത്ത് തിരിച്ചു വരുമ്പോൾ ടീച്ചറുടെ വീടിന്റെ മുമ്പിലൂടെയാണ് അവൻ സൈക്കിളോടിച്ചത്. ടീച്ചറെ കണ്ടാൽ ചോദിക്കാനൊരു ചോദ്യം അവന്റെ കയ്യിലുണ്ടായിരുന്നു.

ഇന്നലത്തെ എന്റെ ദ്രൗപതി എങ്ങനുണ്ടാർന്നു. അതുകേട്ട് ടീച്ചർ വാപൊളിച്ചു നിൽക്കും. അപ്പോൾ ഊറിച്ചിരിച്ചുകൊണ്ട് ചോദിക്കണം.

*നനമയയുഗമെട്ടിൽ*
*തട്ടിയോ മാലിനിക്ക് ?*

ടീച്ചർ ശരിക്കും അന്തംവിട്ടുകൊണ്ട് ചോദിക്കും, ''കുഞ്ഞൂട്ടാ സത്യം ?''

''പിന്നല്ലാണ്ട്?''

എന്നിട്ട് ടീച്ചറുടെ ചുറ്റിലും സൈക്കിൾ കൊണ്ട് പൂക്കളമിടും.

''ആരാണ്ടാ അവിടെ കിടന്ന് സൈക്കിൾ യജ്ഞം നടത്തിണത് ? ങേ ?''

പെട്ടെന്നൊരു ശബ്ദം കേട്ട് കുഞ്ഞൂട്ടൻ ഞെട്ടി സൈക്കിൾ പിടിവിട്ടു. ഇവനേതാ ഒരു രാക്ഷസൻ ?

മന്ദാക്രാന്താ മഭനതതംഗം
നാലുമാറേഴുമായ്ഗം –

എന്നുച്ചത്തിൽ വിളിച്ചുപറയാൻ തോന്നിയതാണ്. അപ്പോഴേക്കും ഒരു പൂച്ചക്കുട്ടിയെ തൂക്കിയെടുക്കും പോലെ അയാൾ അവനെ തൂക്കിയെടുത്തു. പാറിപ്പറക്കുന്ന ചെമ്പൻ മുടിയും, ചോര നിറമുള്ള കണ്ണുകളും, കുറ്റിത്താടിയും, ഒതുക്കമില്ലാത്ത മേൽമീശയും അയാളുടെ മുഖത്തെ ഭയാനകമാക്കി. കുടുക്കിടാത്ത കുപ്പായവും വലിച്ചു വാരിച്ചുറ്റിയ ലുങ്കിയും നിലയുറയ്ക്കാത്ത ചുവടുകളും അയാളെ ഒരു രാക്ഷസനെപ്പോലെ തോന്നിപ്പിച്ചു.

ഇതാണോ ടീച്ചർ ഇന്നാളൊരിക്കൽ പറഞ്ഞ ആ കീചകൻ ? ടീച്ചറുടെ അച്ഛൻ അകാലത്തിൽ മരിച്ചതിനുശേഷം അമ്മയ്ക്ക് പറ്റിപ്പോയ അബദ്ധം ? പതിനഞ്ചു വയസ്സുമുതൽ ടീച്ചറാടുന്ന സൈരന്ധ്രീ വേഷം...

''ഏതടാ നീ ?'' അയാളുടെ ശബ്ദം ഓട്ടുകിണ്ണത്തിൽ തല്ലിയതുപോലെ ചിലമ്പിച്ചു.

''കുഞ്ഞൂട്ടൻ'' കുഞ്ഞൂട്ടന്റെ ചങ്കിടിച്ചു.

''എന്ത് ? ഒറക്കെപ്പറയെടാ. ആരെടാ നീ ?''

''ഞാൻ കുഞ്ഞൂട്ടൻ. അഷിത ടീച്ചറെ കാണാൻ ?''

''കണ്ടിട്ട്...?''

അയാൾ അവനെ ആ ചോരക്കട്ട കണ്ണുകൾ കൊണ്ട് അടിമുടി അളന്നു. കാലുകൾ നിലത്തുറയ്ക്കാതെ അയാൾ ആടുന്നുണ്ടായിരുന്നു. ഒരുനിമിഷം അയാൾ വാതിൽപ്പടിയിൽ നിന്നും അവന്റെ മുന്നിലേക്ക് നീങ്ങിയപ്പോൾ ഉള്ളിലേക്കുള്ള അവന്റെ പേടിച്ചരണ്ട കാഴ്ചയിൽ അഷിത ടീച്ചർ താഴെ വെറും നിലത്ത് ചവിട്ടിക്കുഴച്ച കളിമണ്ണുപോലെ നരച്ച ഇരുട്ടിൽ തളർന്നുകിടക്കുന്നത് കണ്ടു. കീറിപ്പറിഞ്ഞ ഇളം നീല അടിപ്പാവാട സ്ഥാനം തെറ്റി കിടക്കുന്നുണ്ടായിരുന്നു.

അയാളുടെ കനത്ത കൈ കുഞ്ഞൂട്ടന്റെ തോളത്ത് പതിഞ്ഞു – ''നീ ആൺകുട്ട്യാണോടാ ? അതോ പെണ്ണോ ?''

കുഞ്ഞൂട്ടന്റെ ഉള്ളിലൊരു വൃത്തലക്ഷണം കിടന്നു മുരണ്ടു കൊണ്ടിരുന്നു. ഈ കീചകൻ ചവിട്ടിക്കുഴച്ച സൈരന്ധ്രിയാണ് ആ ഇരുട്ടിൽ ചതഞ്ഞു കിടക്കുന്നത്. ടീച്ചർക്ക് ചുറ്റും ഒരു മൃതഗന്ധം തളം കെട്ടി നിൽക്കുന്നുണ്ടായിരുന്നു. അവന്റെ മസൃണമായ തോളിലൂടെ അയാളുടെ പരുപരുത്ത വിരലുകൾ ഇഴയവേ ഉള്ളിൽ പരതിനടന്ന വൃത്തലക്ഷണം കുഞ്ഞൂട്ടന് തിരികെ കിട്ടി – കേക...! കേക തന്നെ...!

*മൂന്നും രണ്ടും രണ്ടും മൂന്നും*
*രണ്ടും രണ്ടെന്നെഴുത്തുകൾ...*
*പതിന്നാലിന്നാറുഗണം*
*പാദം രണ്ടിലുമൊന്നുപോൽ*
*ഗുരു ഒന്നെങ്കിലും വേണം*
*മാറാതോരോഗണത്തിലും*
*നടുക്ക് യതി പാദാദി*
*പൊരുത്തമിതു കേകയാം...*

അടുത്ത നിമിഷം ഒരു അലർച്ചയോടെ അയാൾ അയാളുടെ മദ്ധ്യസ്ഥാനം രണ്ടു കൈകളാൽ പൊത്തിപ്പിടിച്ചുകൊണ്ട് മുറ്റത്തേക്ക് തെറിച്ചുവീണു. ഒരു കിതപ്പോടെ കുഞ്ഞൂട്ടൻ തിരിഞ്ഞുനിന്നു. മലർന്നടിച്ചുവീണ അയാളുടെ പലകപോലുള്ള നെഞ്ചത്ത് ചാടിക്കേറി ഇരുന്നു കൊണ്ട് മുഷ്ടി ചുരുട്ടി കേകയുടെ ലക്ഷണം ഒരു നൂറാവർത്തിയെങ്കിലും പ്രയോഗിച്ചുകാണും.

*മൂന്നും രണ്ടും രണ്ടും മൂന്നും*
*രണ്ടും രണ്ടെന്നെഴുത്തുകൾ...*

●



ടി. കെ. ഉണ്ണികൃഷ്ണൻ
0491-2578098, 9447972209

# എനിക്കൊരു കുട്ടി വേണം

എനിക്കൊരു കുട്ടി വേണം. മൂന്നു കൊല്ലമായില്ലേ വിവാഹം കഴിഞ്ഞിട്ട്. ഇന്നുവൈകുന്നേരം ഡോക്ടറെ കാണണം. വല്ല കുഴപ്പവും മറ്റോ ഉണ്ടെങ്കിൽ ചികിത്സിക്കണം. തങ്കമണി അടുക്കളയിലേക്ക് പോയി.

മുകുന്ദൻ കസേരയിൽ ചാരിയിരുന്ന് കഴിഞ്ഞ മൂന്നുവർഷത്തെപ്പറ്റി അയവിറക്കാൻ തുടങ്ങി. തങ്കമണിയെ ആദ്യം കണ്ടത് സ്ഥലംമാറ്റം കിട്ടിവന്ന് പുതിയ ഓഫീസിൽ ജോയിൻ ചെയ്തപ്പോഴാണ്. തങ്കമണി ഓഫീസിൽ കസ്റ്റമർ കെയർ മാനേജരായിരുന്നു. ഒരു വാടകവീട് തരപ്പെടുത്തി തന്നത് തങ്കമണിയാണ്. പാൽക്കാരനേയും പച്ചക്കറിക്കാരനേയും മീൻകാരനേയും പരിചയപ്പെടുത്തിത്തന്നതും തങ്കമണി തന്നെ. പിന്നെ ഓഫീസിൽ പോക്കും വരവും ഒപ്പമായി. ഞായറാഴ്ച സിനിമയ്ക്ക് പോക്ക് ഒപ്പമായി. മഴ പെയ്യുമ്പോൾ ഒരു കുടക്കീഴിലായി. അങ്ങോട്ടും ഇങ്ങോട്ടും വീട്ടുവിവരങ്ങൾ പങ്കിടലായി. മനസ്സിൽ പ്രണയത്തിന്റെ തുടക്കമായി. ഒരു ദിവസം മുകുന്ദൻ തുറന്നു ചോദിച്ചു, "നമുക്ക് വിവാഹം കഴിച്ചാലോ ?"

"വീട്ടുകാർ സമ്മതിക്കുകയാണെങ്കിൽ." തങ്കമണിയുടെ ഉത്തരം അവൾക്ക് സമ്മതമെന്ന് മനസ്സിലായി. വീട്ടുകാരോട് വിവരം പറഞ്ഞു. അവർക്ക് വിരോധമൊന്നും ഇല്ലായിരുന്നു. സാമ്പത്തികമായി രണ്ടു വീട്ടുകാർക്കും തരക്കേടില്ല. രണ്ടുപേർക്കും ജോലിയുണ്ട്, പഠിപ്പുണ്ട്. അങ്ങിനെ വിവാഹം ഉറച്ചു. കാണാൻ സുന്ദരനായ മുകുന്ദന് ചേർന്ന സുന്ദരിയായ തങ്കമണി. നല്ല ജോഡി. വിവാഹത്തിനു വന്നവർ കമന്റ് പാസ്സാക്കി.

ദിനങ്ങളും മാസങ്ങളും വർഷങ്ങളും കടന്നുപോയി. അവരുടെ ജീവിതം അതിസുന്ദരമായിരുന്നു. അവർ തമ്മിലുള്ള സ്നേഹം മറ്റുള്ളവർക്ക് മാതൃകയായിരുന്നു. ഒരുദിവസം പോലും അവർക്ക് പിരിഞ്ഞിരിക്കാൻ വിഷമമായിരുന്നു. അവധി ദിവസങ്ങളിൽ അവർ പലയിടങ്ങളിലും സഞ്ചരിച്ചു. ഇന്നേവരെ ഒന്നു വഴക്കിട്ടതായി മുകുന്ദന് ഓർമ്മയില്ല.

അപ്പോഴാണ് ഈ പ്രശ്നം വന്നിരിക്കുന്നത്. തങ്കമണിയോട് ഒന്നും മറച്ചുവയ്ക്കാറില്ല. ഒരുകാര്യം മാത്രം ഇന്നേവരെ മറച്ചുവെച്ചു. പറയാൻ ഭയമായിരുന്നു. ജീവിതം എങ്ങോട്ട് തിരിയുമെന്ന ചിന്ത. പക്ഷേ ഇന്ന് അത് പറഞ്ഞേ തീരൂ. രണ്ട് കപ്പ് കാപ്പിയുമായി തങ്കമണി വന്നു. ഒന്ന് അയാൾക്ക് കൊടുത്ത് ഒരു കപ്പ് കാപ്പിയുമായി അവൾ അടുത്ത കസേരയിൽ ഇരുന്നു. അവൾ കാപ്പി കുടി തുടങ്ങിയപ്പോൾ അയാൾ പതുങ്ങിയ സ്വരത്തിൽ പറഞ്ഞു, "തങ്കമണി ഒരു കാര്യം സത്യം പറയട്ടെ. ഇനി അത് ഒളിച്ചുവയ്ക്കാൻ എനിക്കുവയ്യ. എന്നിൽ നിന്ന് ഒരു കുട്ടിയുണ്ടാവില്ല."

ഒരുനിമിഷം അവൾ അന്തംവിട്ടിരുന്നു. കാപ്പി കപ്പ് താഴെ വീണു. പിന്നെ അവൾ ചോദിച്ചു, "ഇത് നിനക്ക് എങ്ങിനെ അറിയാം ?"

"രണ്ടുകൊല്ലം മുമ്പ് ഞാൻ ഡോക്ടറെ കൊണ്ട് ചെക്കപ്പ് നടത്തിയിരുന്നു. ചില ടെസ്റ്റുകളും നടത്തി."

അല്പനേരം ആരുമൊന്നും മിണ്ടിയില്ല. പിന്നെ ഒരു പൊട്ടിത്തെറിയായിരുന്നു. "നിങ്ങൾ ചതിയനാണ്. ഇതുവരെ ഈ കാര്യം ഒളിച്ചുവെച്ചുനടന്നു. നീചൻ." അവൾ മുറിയിലേക്കോടി. ബാഗുകളിൽ സാധനങ്ങൾ ഒതുക്കുമ്പോൾ മുകുന്ദൻ സമാധാനപ്പെടുത്താൻ ശ്രമിച്ചു.

"തങ്കമണി നമുക്ക് ഒരു കുട്ടിയെ ദത്തെടുക്കാം."

"മിണ്ടിപ്പോകരുത്. ചതിയൻ." അവളുടെ ഉച്ചത്തിലുള്ള അലർച്ച മുറിയിൽ മുഴങ്ങി. അവൾ ടാക്സി പിടിച്ച് പോകുന്നത് നോക്കിയിരിക്കാനേ മുകുന്ദന് കഴിഞ്ഞുള്ളു. ഹൃദയം പൊട്ടുകയായിരുന്നു. ജീവിതം തകരുകയായിരുന്നു. തങ്കമണി ഓഫീസിൽ നിന്ന് സ്ഥലം മാറ്റം വാങ്ങിപ്പോയി. വിവാഹ മോചനവും വാങ്ങി. മാസങ്ങൾ കഴിഞ്ഞപ്പോൾ പത്രത്തിൽ അവളുടെ വിവാഹ ഫോട്ടോ കണ്ടു.

കൊല്ലം എട്ടു കഴിഞ്ഞിരുന്നു. തങ്കമണി രാവിലെ ഗുരുവായൂർ ക്ഷേത്രത്തിൽ തൊഴുതു മടങ്ങി ഹോട്ടലിലെ മുറിയുടെ വാതിൽ തുറക്കുകയായിരുന്നു. ബാൽക്കണിയിൽ നിൽക്കുന്ന ഒരു ആൺകുട്ടി അവളെ ഉറ്റു നോക്കുന്നതുകണ്ടു. അവളൊന്ന് ചിരിച്ചു. പെട്ടെന്നാണ് കുട്ടി ഓടിവന്ന് അവളെ കെട്ടിപ്പിടിച്ചത്. "നിങ്ങൾ എന്റെ അമ്മയല്ലേ ?" കുട്ടിയുടെ ചോദ്യം അവളെ അമ്പരപ്പിച്ചു.

"എങ്ങിനെ?" അവളുടെ ചോദ്യത്തിന് അവന്റെ മറുപടി. "എന്റെ വീട്ടിൽ നിങ്ങളുടെ ഫോട്ടോ ഉണ്ട്. അച്ഛൻ പറയാറുണ്ട് ഇത് നിന്റെ അമ്മയാണ് എന്ന്".

തങ്കമണിക്ക് തല കറങ്ങിയ പോലെ തോന്നി. മനസ്സിലെ ഓളങ്ങൾ ഒതുക്കി അവന്റെ റൂം നമ്പർ ചോദിച്ച് നടന്നു. കതകു മുട്ടിയപ്പോൾ അകത്തേക്ക് വരാൻ വിളി വന്നു. അകത്ത് കടന്നപ്പോൾ കണ്ടത് മുകുന്ദനെയാണ്. രണ്ടുപേരും അങ്ങോട്ടുമിങ്ങോട്ടും നോക്കി സ്തംഭിച്ചുനിന്നുപോയി. നിശബ്ദത അകറ്റി മുകുന്ദൻ പറഞ്ഞു, "തങ്കമണി നീയോ ഇരിക്കൂ." തങ്കമണി സോഫയിൽ ഇരുന്നപ്പോൾ അയാളും ഇരുന്നു.

"ഗുരുവായൂർ തൊഴാൻ വന്നതാകുമല്ലേ ?"

അവൾ മൂളി.

“നിന്റെ ഭർത്താവ് വന്നിട്ടില്ലേ ?”

തല താഴ്ത്തി അവൾ പറഞ്ഞു, “ഏത് ഭർത്താവ് ? വിവാഹം കഴിഞ്ഞ് മാസങ്ങൾക്കുള്ളിൽ തന്നെ മനസ്സിലായി അയാൾ കള്ളക്കടത്തുകാരനും ഒരു സിനിമാനടിയുടെ കാമുകനുമാണ് എന്ന്. ഞാൻ ആ വിവാഹം ഒഴിവാക്കി.”

നിശബ്ദത പിന്നേയും തളം കെട്ടി. പിന്നെ അവൾ ചോദിച്ചു, “നിന്റെ ഭാര്യ ?”

“ഞാൻ വിവാഹം കഴിച്ചിട്ടില്ല. ഒരു കുട്ടിയെ ദത്തെടുത്തു. നിന്റെ ഫോട്ടോ കാട്ടി പറയാറുണ്ട് അവന്റെ അമ്മയാണ് എന്ന്.”

അതുപറയുമ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി, അവളുടേയും. അയാളുടെ ആത്മാർത്ഥ സ്നേഹം അവൾ മനസ്സിലാക്കുകയായിരുന്നു. അപ്പോഴേക്കും കുട്ടി വന്ന് അവളുടെ മടിയിൽ ഇരുന്നു. അവൾ അവന് ഒരുപാട് ഉമ്മ കൊടുത്തു പറഞ്ഞു, “നീ എന്റെ മോനാണ്.”

●

■ കവിത

## വിശപ്പ്

എം. അൽഖാഫ്
7736685246

ഭർത്താവിന് വിശപ്പ്,
അത്താഴം വിളമ്പിയുറക്കി.
ഭാര്യക്ക് വിശപ്പ്,
വൈകി വന്ന കാമുകന്
വിരി വിരിച്ചു !
വിശപ്പു തീർന്നുറങ്ങുന്ന
കഴുത്തിൽ പാതിരാ-
കഠാര വിശപ്പകറ്റി.
കഴഞ്ചു സ്വർണ്ണവും
ബാക്കിയായില്ല !
നിഴലുകൾ പിന്നിലാക്കി
അവന് വിശപ്പായിരുന്നു.
ഭർത്താവും മക്കളും
പരിഹാസ്യമായി.
ഇപ്പോൾ
നാട്ടുകാർക്കാണ് വിശപ്പ് !

# മുട്ടുകൾ

മംഗളൻ തൈയ്ക്കൽ
9895503427



**ജീ**വിതപ്രാരാബ്ധങ്ങൾ ഭാഗീരഥിയമ്മയെ കുറച്ചൊന്നുമല്ല കഷ്ടപ്പെടുത്തുന്നത്. വയസ്സ് 70 കഴിഞ്ഞുവെങ്കിലും എല്ലാ സ്ഥലത്തും ഭാഗീരഥിയമ്മ തന്നെ പോകണം. പഞ്ചായത്തിലും വില്ലേജിലും കയർ തൊഴിലാളി ക്ഷേമനിധി ആഫീസിലും റേഷൻ കടയിലും പലചരക്ക് കടയിലും ഹോ! എണ്ണിയാൽ തീരില്ല. ഇതിനിടയിൽ വേലയെടുക്കാൻ എവിടെയാ സമയം. വിശ്രമിക്കാൻ എവിടെയാ സമയം. ഓടാൻ തുടങ്ങിയിട്ട് വർഷങ്ങൾ ഒത്തിരിയായി. പെൺമക്കൾ രണ്ടെണ്ണം പുര നിറയാൻ തുടങ്ങിയപ്പോഴായിരുന്നു കെട്ടിയോൻ ഭാഗീരഥിയമ്മയേയും മക്കളേയും വിട്ടുപോയത്. പെട്ടെന്നുള്ള വിയോഗമായിരുന്നു. ഒരസുഖവും ഇല്ലായിരുന്നു. എല്ലാവരും കൂടി അത്താഴവും കഴിഞ്ഞ് കിടന്നതാ. പാതിരാത്രി ആയപ്പോൾ ഒരു നെഞ്ചുവേദന. ആശുപത്രിയിലെത്തും മുൻപേ അദ്ദേഹം പോയി. എന്തു ചെയ്യണമെന്നറിയാതെ ജീവിത വഴിത്താരയിൽ പകച്ചുനിന്നുപോയി ഭാഗീരഥിയമ്മ. പിന്നെ പിന്നെ എല്ലാമായിട്ടൊന്നു പൊരുത്തപ്പെടാൻ കാലങ്ങളേറെയെടുത്തു. പെൺമക്കൾ രണ്ടിനേയും നല്ല നിലയിൽ തന്നെ കെട്ടിച്ചയച്ചു. അവരുമായി വഴക്കൊന്നുമില്ലെങ്കിലും ആരുടേയും വീട്ടിൽ ഒരന്തി താമസിക്കാൻ ഭാഗീരഥിയമ്മ ഇതുവരെ കൂട്ടാക്കിയിട്ടില്ല. മക്കളെക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ അവർ പറയും, “അവരൊക്കെ ഓരോ കുടുംബമായി കഴിയുകയല്ലേ മക്കളേ. അമ്മയാണെന്നും പറഞ്ഞ് എപ്പോഴും അമ്മയോടൊപ്പം വന്നു നിൽക്കാൻ പറ്റുമോ ? അവർക്ക് അവരുടെ ഭർത്താക്കൻമാരേയും കുട്ടികളേയുമൊക്കെ നോക്കേണ്ടെ.” അങ്ങനെയാണ് ഭാഗീരഥിയമ്മ. മക്കളുടെ സുഖവും സന്തോഷവുമാണ് ആ അമ്മയ്ക്ക് വലുത്.

ഇതിപ്പോ കയറാഫീസീന്ന് കത്ത് വന്നിരിക്കുന്നു. ജീവിച്ചിരിക്കുന്നു എന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കാൻ. ജീവിച്ചിരിക്കുന്ന നമ്മൾ നേരിട്ടുചെന്നാലും അവിടെയിരിക്കുന്ന സാറുമാർക്ക് തൃപ്തിയാവില്ല്യ. നമ്മൾ ജീവിച്ചിരിക്കുന്നു എന്ന് പഞ്ചായത്ത് പ്രസിഡന്റോ അങ്ങനെയുള്ള ആരെങ്കിലുമോ എഴുതിക്കൊടുക്കണം പോലും. യമധർമ്മന്റെ ആഫീസ് അറിയാമായിരുന്നേൽ അവിടെന്നൊരണ്ണം വാങ്ങാമായിരുന്നു. അതാകുമ്പം ആർക്കും തർക്കമുണ്ടാവില്ലല്ലോ. ഇനിയിപ്പോ അങ്ങനെയെങ്ങാനും വേണമെന്ന് പറയുമോന്ന് ആരുകണ്ടു. എന്തൊക്കെ നിയമങ്ങളാണപ്പാ ? ഒള്ള പെൻഷൻ കാശ് ആ പോസ്റ്റ്മാൻ പെണ്ണ് വീട്ടീക്കൊണ്ടുവന്ന് തന്നിരുന്നതാ. ഇപ്പ പറയണ് ഇനി ബാങ്കീ കൂടിയേ തരത്തൊള്ളൂ എന്ന്.

ഒന്നാമതേ മനുഷ്യന് നടക്കാൻ മേല. കാലിന്റ മുട്ടിനകം തേഞ്ഞുപോയന്നാ ഡാക്ടർമാര് പറേണത്. എങ്ങനെ തേയാതിരിക്കും. ആവതുണ്ടായിരുന്ന കാലത്ത് ചകിരീം മടിയിൽ വെച്ചോണ്ട് രാട്ട് വഴിയിലൂടെ മുന്നോട്ടും പിന്നോട്ടും കുറച്ചൊന്നുമല്ല നടന്നുകൂട്ടിയത്. ആ നടപ്പ് നേരെ നടന്നിരുന്നുവെങ്കിൽ ഭൂമിക്ക് രണ്ടുമൂന്ന് പ്രാവശ്യം വലംവയ്ക്കാമായിരുന്നു. ആരെങ്കിലും വിളിച്ച് ഒരവാർഡും തന്നേനെ. ഇതിപ്പോ മുട്ട് വേദനിച്ചിട്ട് നടക്കാൻ മേല. എന്നുവച്ച് പോവാതിരിക്കാൻ ആവുമോ. ആകെ കിട്ടണ വരുമാനമാണ് പെൻഷ

ൻ. അതുവേണ്ടാന്ന് വയ്ക്കാൻ പറ്റുമോ. ഇനി എന്തെല്ലാം ഗുലുമാലാണപ്പാ. ഫോട്ടോ എടുക്കണം, ആധാറിന്റെ കോപ്പി എടുക്കണം, പോസ്റ്റാഫീസീ പോകണം. എല്ലാത്തിനും കൂടി ഏഴു ദെവസേയുള്ളു. ഇതൊക്കെ ചെയ്താത്തന്നെ എങ്ങനെ പെൻഷൻ കിട്ടുമോന്നാ പറേണേ. ഈ നടക്കാൻ മേലാത്തോരും കിടപ്പ് രോഗികളും കണ്ണു കാണാത്തവരുമൊക്കെ എങ്ങനെ ഈ ബാങ്കിലും പോസ്റ്റാഫീസിലുമൊക്കെ പോകും. പെൻഷൻ വന്നാ ഇല്ലെ എന്നൊക്കെ എങ്ങനെ അറിയും. എനിക്കറിയാൻ മേലെന്റെ ഭഗോതീ... ഭാഗീരഥിയമ്മ സ്വഗതം പറഞ്ഞുകൊണ്ടേയിരുന്നു.

അങ്ങിനെ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങാൻ പഞ്ചായത്തിലേക്ക് പോകുന്ന വഴിയാണ് ഭാഗീരഥിയമ്മ അമ്പലത്തിൽ കയറിയത്. അമ്പലത്തിന്റെ മുറ്റത്തുകൂടിയല്ലെ പോകണത്. അപ്പോ അമ്മയെ കണ്ട് തൊഴാതെ പോവണത് ശരിയല്ലല്ലോ. നന്നേ നടന്ന് ക്ഷീണിച്ച ഭാഗീരഥിയമ്മ വഴിപാട് കൗണ്ടറിന്റെ തിണ്ണയിൽ തൂണും ചാരിയിരുന്നു. മീനമാസത്തിലെ സൂര്യൻ തകർക്കുകയാണ്. ദാഹവും ക്ഷീണവും അവരെ വല്ലാതെ ബുദ്ധിമുട്ടിച്ചു. കാൽമുട്ടുകളുടെ വേദന അസഹനീയം തന്നെ. അമ്മയെ വിളിച്ച് പ്രാർത്ഥിച്ച് മുട്ടും തിരുമ്മി ഇരിക്കുമ്പോഴാണ് ആ ഫ്ളക്സ് ബോർഡ് അവരുടെ കണ്ണിൽ പെട്ടത്.

'ജീവിതവീഥിയിലുണ്ടാകുന്ന മുട്ടുകളെ അതിജീവിക്കാൻ മുട്ടറക്കൽ വഴിപാട് ഇരുപത് രൂപ' ങേ ! ഇങ്ങനെ ഒരു വഴിപാട് ഉണ്ടായിരുന്നോ? എത്രമാത്രം കാശാ കണ്ട വൈദ്യൻമാർക്കും ഡോക്ടർമാർക്കും കൊടുത്തത്. എന്നിട്ട് വല്ല ഗുണവും ഉണ്ടായോ ? അമ്മയായിട്ട് കാണിച്ചുതന്നതാ. അമ്മേ... മഹാമായേ കാത്തുരക്ഷിക്കണേ... ഭാഗീരഥിയമ്മ കൈയിലിരുന്ന പൊതി അഴിച്ചു നോക്കി. ഉണ്ട്. പോയിവരാനും കൂടുതൽ കാശ് ഉണ്ട്. അവർ അവിടെനിന്നും എഴുന്നേറ്റ് വഴിപാട് കൗണ്ടറിൽ ചെന്ന് ഇരുപത് രൂപ നീട്ടിക്കൊണ്ട് ചോദിച്ചു, "തിരുമേനീ... ഈ മുട്ടറക്കൽ എന്നുപറഞ്ഞാൽ വേദനിക്കില്ലെ ?"

"ഇല്ലമ്മച്ചീ ഇതുവഴിപാടാ... നമ്മുടെ മുട്ടുകൾ മാറും."

"എന്നാ ഒരെണ്ണം എഴുതിക്കോ തിരുമേനി. ഭാഗീരഥിയമ്മ, ഭഗവതിപ്പറമ്പ്, ഭരണി നക്ഷത്രം. ഒരു മുട്ടറക്കണം. ഇടതുകാലിന്റെ മതി. അതിനാ കൂടുതൽ വേദന. സഹിക്കാൻ പറ്റണില്ല."

കൗണ്ടർ ക്ലർക്ക് ഭാഗീരഥിയമ്മയെ സൂക്ഷിച്ചു നോക്കി. ഭാഗീരഥിയമ്മ തിരിച്ചും...

●

ഒരു പട്ടുനൂൽപ്പുഴുവിനെപ്പോലെ
നാം നമുക്ക് ചുറ്റിലും ഒരു കൂട്
പണിതിരിക്കുന്നു. അതിനെ തകർത്ത്
സുന്ദരമായൊരു ചിത്രശലഭത്തെപോലെ
സ്വതന്ത്രമായൊരു ആത്മാവായി
നാം പുറത്തുവരണം.

*-സ്വാമി വിവേകാനന്ദൻ-*



**അബ്ദുറബ്ബ്**
**9400227780**

# ക്ലാസ് പി.ടി.എ

**ഹെ**ഡ്മിസ്ട്രസിന്റെ നിരന്തരമുള്ള നിർബന്ധത്തിന് വഴങ്ങിയാണ് അന്നങ്ങിനൊരു ക്ലാസ് പി. ടി. എ. വിളിച്ചത്. ഓരോ അദ്ധ്യാപകനും തന്റെ കുട്ടിയ്ക്ക് എന്തു പഠിപ്പിക്കുന്നു എന്നറിയാനുള്ള അവകാശം രക്ഷിതാവിനുണ്ടത്രെ. ഇത് കേൾക്കുമ്പോഴൊക്കെ വിചാരിക്കും പാഠമെടുത്ത് തീർന്നിട്ടുവേണ്ടേ കടമ നിർവ്വഹിക്കാനെന്ന്. ക്ലാസ്സെടുക്കണം, പേര് വിളിക്കണം, പെർഫോർമ തയ്യാറാക്കണം, ആധാർ കയറ്റണം, ബേങ്ക് അക്കൗണ്ട് ശരിയാക്കണം, മേളകൾക്കൊരുക്കണം, DRG, SRG, Subject കൗൺസിൽ കൂടണം, പിന്നോക്കക്കാരേയും തിരയണം, SC, OBC, OEC Muslim list തയ്യാറാക്കണം. ഇതൊന്നും പോരാഞ്ഞ് BLO, HVO, വാർഡ് വിഭജനം തുടങ്ങി സർക്കാരിന്റെ സകലമാന ഗുലാപിയിലും പങ്കാളിയാവുകയും വേണം. ഇതിനിടയിലാണിപ്പം ക്ലാസ് പി.ടി.എ.യും വന്നിരിക്കുന്നത്. എന്താണിപ്പം ചെയ്യുക ? ടീച്ചറായി പോയില്ലേ ? വിളിക്കുക തന്നെ. അങ്ങിനെയാ അന്നാ ക്ലാസ് പി.ടി.എ. വിളിച്ചത്.

നേരം പുലർന്നില്ല രക്ഷിതാക്കളിൽ ചിലരുടെ വിളിവന്നു. സാറേ ഇന്നെനിക്ക് വരാനാവില്ല. പഞ്ചായത്ത് പണിയുണ്ട്. വേറെ ചിലർ വിളിച്ച് പോലും ഇല്ല. ഒടുവിൽ ക്ലാസ് പി.ടി.എ.ക്ക് വന്നവർ അംഗുലീപരിമിതം. എന്നാലും അതിനൊരു മുടക്കവുമുണ്ടായില്ല. 'കുട്ടികളെ സ്കൂളിൽ ശ്രദ്ധിക്കുന്നതുപോലെ വീട്ടിലും ശ്രദ്ധിക്കണം. ടീച്ചററിയുന്നതിനേക്കാൾ നന്നായി കുട്ടികളെ രക്ഷിതാക്കളറിയണം. ചർച്ചക്ക് കുറവൊന്നും വന്നില്ല. ഇതിനിടയിലാണ് ഒരു രക്ഷിതാവ് ഇങ്ങിനെ പ്രതികരിച്ചത്. കുട്ടി വീട്ടിൽ വന്നാൽ ബുക്ക് എടുക്കുന്നില്ല. നിർബന്ധിച്ചാൽ ഇങ്ങിനെ പറയുമത്രെ. ഇത് അമ്മ പഠിച്ച കാലമല്ല. പഠിപ്പിക്കേണ്ട രീതി നിങ്ങൾക്കറിയില്ലെന്ന്. അതോടെ ഞങ്ങടെ ഉത്തരവാദിത്വം കഴിഞ്ഞെന്ന്. എല്ലാം കേട്ട് കഴിഞ്ഞ് ഞാനിങ്ങിനെ മലക്കംമറിഞ്ഞു. "അതാണ് കുട്ടികൾ. പഴയതലമുറയുടെ കുറവും പുതിയ തലമുറയുടെ പാഠ്യപദ്ധതിയുടെ മികവും തിരിച്ചറിഞ്ഞ് അമ്മയെ ബഹുമാനിക്കുന്നവർ" അല്ലാതെന്ത് പറയാൻ ?

●



പ്രമോദ് മഞ്ചേരി
09495607393

# ഏലി... ഏലി... ലാമ സബക്താനീ

**നി**ബിഢമായ വനഭൂവിൽനിന്നും സമതലങ്ങളിലേക്കിറങ്ങവേ അയാൾ തിരിഞ്ഞുനോക്കി. ഇല്ല ആരും കൂടെയില്ല. ഏകാന്തവാസത്തിനു വനസ്ഥലികൾ തിരഞ്ഞെടുക്കുമ്പോൾ സംഘർഷം നിറഞ്ഞ ഒരു ഭൂതകാലം ഒരിക്കലും പിന്തുടരരുത് എന്നെത്ര അദമ്യമായാണ് താൻ ആഗ്രഹിച്ചിരുന്നത്. പക്ഷേ വിധി എന്നും എതിരായിരുന്നു. ഒരുമയോടെ ഒഴുകിവന്ന അണികൾ... ശത്രുക്കളിൽ നിന്നും രക്ഷക്കായി ഒരുമിക്കാനും ശാരീരികമായും മാനസികമായും സജ്ജരാകാനും അവരെ പഠിപ്പിക്കുമ്പോൾ താൻ വഹിക്കേണ്ട ചുമതലകൾ മാത്രമേ ഓർത്തിരുന്നുള്ളൂ. വ്യാപാരികളിൽ നിന്നും കരം പിരിച്ച് ന്യായമായി കർഷകരെ സഹായിക്കുമ്പോഴും ഐശ്വര്യമേറിയ ഒരു ദേശം മാത്രമേ സ്വപ്നം കണ്ടിരുന്നുള്ളൂ. ഒരാദിവാസി കുടുംബത്തിൽ നിന്നും വനസ്ഥലികളിലൂടെ രാജകൊട്ടാരത്തിന്റെ പ്രാസാദങ്ങളിലെത്തുമ്പോഴും മനസ്സും ശരീരവും മണ്ണിന്റെ ഗന്ധവും വനാന്തർഭാഗത്തെ കുളിർമ്മയും ഉറ്റവരുടെ സാമീപ്യവും മാത്രം കാംക്ഷിച്ചു. അവരോടൊപ്പം എന്നും കഴിയാൻ ആശിച്ചതിനു വിലങ്ങായതാരായിരുന്നു ? കാടിന്റെ സമ്പത്ത് അന്യ ദേശങ്ങളിലേക്ക് ചോർത്താൻ തുനിഞ്ഞിറങ്ങിയവർ തന്നെ. അവരിൽ നിന്നും പൊൻപണം വാങ്ങി നാടിനേയും ദേശത്തേയും ചതിക്കുന്നവർ തന്നെ. അവരെ തുരത്തിയപ്പോഴായിരുന്നല്ലോ ആദ്യമായി ദൈവം എന്ന ഖ്യാതി തന്നെ തേടി എത്തിയത്. കലിയുഗ വരദനായും ആത്മസ്വരൂപനായും അവരോധിച്ചപ്പോൾ ആ മനസ്സുകളിൽ താനുറക്കെ പ്രഖ്യാപിക്കുകയല്ലേ ചെയ്തത്. ഞാൻ നിങ്ങൾ തന്നെ ആണെന്ന് ? ഒരുമയിലും സാഹോദര്യത്തിലും ഉരുത്തിരിയുന്ന നന്മയിലാണെന്റെ വാസം എന്ന്... എന്നിട്ടും...

കാട്ടിലെ ഊടുവഴികളിൽ ചോരയുടെ ചുവപ്പുണ്ടായിരുന്നു. സാഹോദര്യം മറന്നു തമ്മിലടിച്ച മനുഷ്യരുടെ രക്തം... അവരെ ഒരുമിപ്പിക്കാൻ കഴിയാതിരുന്ന ദൈവസന്തതി. സ്വന്തം കഴിവുകേടിൽ ആദ്യമായി അയാൾക്കു അവജ്ഞ തോന്നാൻ തുടങ്ങി. കാരണഭൂതൻ താനല്ലല്ലോ എന്നാശ്വസിക്കാൻ അയാളുടെ മനസ്സു പറഞ്ഞു. നല്ല കാര്യങ്ങൾ ചെയ്ത ഒരുവൻ എന്നും ദൈവ പദവിയിലേക്കുയരും. ദൈവങ്ങളുടെ അവകാശമേറ്റെടുക്കാൻ അധികാരമോഹികളും അവരെ പ്രീണിപ്പിക്കാൻ ഉപജാപകസംഘങ്ങളും. പിന്നെ സ്വാർത്ഥതയുടെ നടമാടലുകളും കഴിയുമ്പോൾ ബന്ധനസ്ഥനായ ദൈവം തടവുകാരനും സമ്പത്തു സ്വരൂപിക്കാൻ ഉപാധിയും മാത്രമായി മാറുന്നു. മാനുഷിക അംശങ്ങൾ ഇല്ലാത്ത തൊട്ടുകൂടായ്മ ഉദ്ഘോഷിക്കുന്ന വരേണ്യതയുടെ ദൈവം.

നദീതീരത്ത് കുറച്ചു കൂരകൾ, തളർന്നുറങ്ങുന്ന ഏതാനും മനുഷ്യരും. സഹതാപത്തോടെ അവരെ നോക്കി അയാൾ നിന്നു. അവർക്കുമാത്രമേ തന്റെ വിയോഗത്തിൽ ദുഃഖം ഉണ്ടാവുകയുള്ളു. നിറഞ്ഞൊഴുകിയ നദി ചാലായി ചുരുങ്ങിയിരിക്കുന്നു. വനസ്ഥലികളും പരിഷ്ക്കരിക്കപ്പെടുകയാണല്ലോ... അയാൾ ഒരു ദീർഘ നിശ്വാസത്തോടെ യാത്രക്കൊരുങ്ങുമ്പോഴാണത് കണ്ടത്.

കാട്ടിൽ രണ്ടു സംഘങ്ങൾ. പരസ്പരം കാണാത്തത്ര അകലത്തിലാണവർ. ആയുധങ്ങളുമായി അന്യോന്യം ആക്രമണത്തിനുള്ള തയ്യാറെടുപ്പിൽ തന്നെ. പലമുഖങ്ങളും പരിചിതമെന്നു അയാൾക്കു തോന്നി. അതേ... കാലം മാറിയുണ്ടായ പ്രളയത്തിൽ അന്യോന്യം തോളോടുതോൾ ചേർന്നു സഹായിച്ചവർ തന്നെ ആയിരുന്നല്ലോ ഇവർ ? ഇത്രവേഗം തമ്മിൽ തമ്മിലടരാടാൻ ഒരുങ്ങുന്നുവെന്നോ ? ഇതാണോ ധർമ്മം ? ഇതാണോ ന്യായം ? ഒരലർച്ചയോടെ ആഞ്ഞടുക്കുന്ന രണ്ടു സംഘങ്ങൾക്കിടയിലേക്ക് അയാൾ എടുത്തുചാടി. തിളങ്ങുന്ന വാൾ തലപ്പുകളുടെ ദാഹം തീരുന്നതിനിടയിൽ ദേഹമാസകലം മുറിവുകളുമായി രക്തം വാർന്നു മൃതപ്രാണനായി കിടക്കവേ അയാൾ അവസാനമായി ആകാശത്തേക്കു മിഴികളുയർത്തി ആ വായിൽ നിന്നും കാലത്തിന്റെ ദശാസന്ധികളൊന്നിൽ മനുഷ്യമനസ്സുകൾ ശ്രവിച്ച അതേ വാക്കുകൾ പുനർജനിക്കുകയുണ്ടായി.

*'ഏലി ഏലി ലാമ സബക്താനീ'*

■ കവിത

# ചെടിയും ഞാനും



നന്ദന . കെ
നാലാം ക്ലാസ്
ഗവ. മോയൻ എൽ. പി. സ്കൂൾ,
പാലക്കാട്

ഞാൻ ഒരു ചെടി നട്ടു
അമ്മ ചെടിക്ക് വെള്ളമൊഴിച്ചു
ചെടി വളരുവാൻ കാത്തിരുന്നു.

ചന്നം പിന്നം മഴ പെയ്തു
ഞാനും ചെടിയും നനഞ്ഞുകുളിച്ചു.

അമ്മയും ഞാനും തിരക്കിലായി.
വെള്ളമൊഴിക്കാൻ മറന്നുപോയി
വെയിലേറ്റ് അവ കരിഞ്ഞുപോയി.
അത് കണ്ട് ഞാൻ കരഞ്ഞുപോയി
ആ രാത്രിയിലെ ഉറക്കവും പോയി.



**ഡോ. സി. രാമകൃഷ്ണൻ**
**9447358663**

# സിസ്റ്റൈറ്റിസ് (Cystitis)

**മൂ**ത്രസഞ്ചിയിലും (വസ്തി) മൂത്രാശയത്തിലുള്ള നീർക്കെട്ടും അണുബാധ മൂലവും ഉള്ള അസുഖമാണ്. ഇത് പുരുഷന്മാരിലേക്കാൾ അധികവും കണ്ടുവരുന്നത് സ്ത്രീകൾക്കും പെൺകുട്ടികൾക്കും ആണ്. ശുചിത്വക്കുറവ് ഒരു പ്രധാനകാരണമാണ്. പുരുഷന്മാരിൽ ഈ അസുഖത്തിന്നുള്ള ഒരു പ്രധാനകാരണം അവരുടെ പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ അമിത വളർച്ചയും മൂത്രാശയത്തിന്ന് സംഭവിക്കുന്ന അധിക സമ്മർദ്ദം മൂലം ഉണ്ടാവുന്ന നീർക്കെട്ടുകൊണ്ടാണ്. മൂത്രപ്പുരകളിൽ അണുനിർമ്മാർജ്ജനപ്രക്രിയകൾ പോരായ്മ കൊണ്ട് അണുബാധ ഏൽക്കുവാൻ സാധ്യത ഏറെയാണ്. പൊതുവേയുള്ള ശുചിമുറികളെല്ലാം ഇത്തരത്തിലായിരിക്കും. മൂത്രവിസർജ്ജനം നടത്താതെ വളരെനേരം മൂത്രസഞ്ചിയിൽ പിടിച്ചുനിർത്തുന്നതും ദോഷകരമാണ്. ഉദ്യോഗസ്ഥകളും വിദ്യാർത്ഥിനികളും പ്രായോഗിക ബുദ്ധിമുട്ടുമൂലം മൂത്രം ഒഴിച്ചുകളയുവാൻ സാധിക്കാതെ അവർ വീടുകളിൽ എത്തിയതിന്നുശേഷം മാത്രമേ വിസർജ്ജനം നടത്തുകയുള്ളൂ. സ്ത്രീകളിലും പെൺകുട്ടികളിലും ഈ അസുഖം ഇടക്കിടെ പിടിപെടുവാൻ സാധ്യതയുള്ളത് മേൽപ്പറഞ്ഞ കാരണം കൊണ്ടാണ്. സുരക്ഷാ മുൻകരുതലുകൾ പ്രയോഗിക്കാതെ ട്യൂബ് വഴി മൂത്രം എടുക്കുന്നതും അണുബാധയ്ക്ക് സാധ്യതയേറെയാണ്. പ്രധാന രോഗലക്ഷണങ്ങൾ : അസഹനീയമായ മൂത്രവിസർജ്ജന പ്രേരണ. മൂത്രം വിസർജ്ജിക്കുന്നതിന്നു മുമ്പ്, വിസർജ്ജന സമയത്തും, അതിന്നുശേഷവും ഉണ്ടാകുന്ന അസഹനീയ വേദന, മുഴുവനും ഒഴിഞ്ഞുപോവാതെ തുള്ളി തുള്ളിയായി പോവുന്ന അവസ്ഥ. ചിലർക്ക് പനിയും വിറയലും അനുഭവപ്പെടാം. മൂത്രത്തെ അല്പനേരമെങ്കിലും പിടിച്ചുനിർത്തുവാൻ കഴിയാതെ വരുക, വിസർജ്ജന സമയത്ത് പൊള്ളുന്നതുപോലെയുള്ള വേദന, വിസർജ്ജനത്തിന്ന് തുടർച്ചയായുള്ള പ്രേരണ, രക്തത്തോടുകൂടിയുള്ള മൂത്രം, ദുർഗന്ധം ഇവയെല്ലാമാണ് പ്രധാന രോഗലക്ഷണങ്ങൾ. ഗർഭിണികൾക്കും ഈ അസുഖം കാണപ്പെടാറുണ്ട്. മുൻകരുതലുകൾ സമയാ സമയത്ത് എടുത്തിരിക്കുക, ധാരാളം വെള്ളം കുടിക്കുക, മൂത്രവിസർജ്ജനത്തിന്നുശേഷം വൃത്തിയായി വെക്കുക, മൂത്രപ്പുരകളിൽ അണുനാശിനി ലായിനികൾ ഇടക്കിടക്ക് പ്രയോഗിക്കുക ഇവയെല്ലാമാണ് പ്രതിവിധികൾ. ജോലിസ്ഥലത്തും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉദ്യോഗസ്ഥകൾക്കും, വിദ്യാർത്ഥിനികൾക്കും അവർക്ക് സൗകര്യപ്രദമായ പ്രാഥമിക കർമ്മങ്ങൾ നടത്തുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണെങ്കിൽ മേൽപ്പറഞ്ഞ അസുഖത്തിന്ന് ഒരു പരിഹാരമായിരിക്കും. എല്ലാ സംവിധാനങ്ങളിലും ഫലപ്രദമായ ചികിത്സ ലഭ്യമാണ്. ●

---

■ കഥ

# വിലാസം



**ഷാനവാസ് കുലുക്കല്ലൂർ**
**9745843010**

**ഭ**ർത്താവിന്റേയും മക്കളുടേയും കാര്യങ്ങളെല്ലാം നോക്കി, കുട്ടികൾക്ക് കൊണ്ടുപോകാനുള്ള ചോറും കൂട്ടാനും തയ്യാറാക്കി, സ്കൂളിൽ അയക്കുന്നതിനിടക്ക് അലക്കലും തുടക്കലും കഴിഞ്ഞ് കടയിലേക്ക് ഒരു പോക്കുണ്ട്, പലപ്പോഴും ഓടുകയാവും. അധിക ദിവസവും സമയം തെറ്റിയാവും കടയിലെത്തുക. ഒരിക്കൽ കടയുടമ ചോദിക്കുകയും ചെയ്തു. ഇത്രയ്ക്ക് ബുദ്ധിമുട്ടാണെങ്കിൽ വരാതിരുന്നൂടെ.

'ഭർത്താവൊരു കുടിയനാണ്, സംശയരോഗിയാണ്, തല്ലും, തെറി പറയും, ഇവിടെ നിന്ന് കിട്ടുന്നതുകൊണ്ട് എന്റെ ആവശ്യത്തിനുള്ള പണം അയാളോട് ചോദിക്കേണ്ടല്ലോ. പിന്നെ, ഇവിടെയുള്ള സമയമത്രയും മനസമാധാനത്തോടെ കഴിയാമല്ലോ. ഇടക്കൊക്കെ, ചില ഞരമ്പുരോഗികളുടെ ശല്യമുണ്ടെങ്കിലും' എന്നെല്ലാം അയാളോട് പറയണമെന്നുണ്ടായിരുന്നു. ഒന്നും പറയാതെ എല്ലാം ഉള്ളിലൊതുക്കി വെച്ചു. നടവഴിയിലും കടയിലും വെച്ച് ആളുകൾ മോശമായ രീതിയിൽ പലതും പറയുമ്പോഴോ സാധനങ്ങൾ വാങ്ങുന്നവർ അടുത്തുവന്ന് ചൂഴ്ന്ന് നോക്കുമ്പോഴോ ഭർത്താവിന്റെ പേരുപറഞ്ഞുകൊടുത്താൽ പേടിച്ചു പോകുന്നവരാണധികവും. ആ ഒരു മേൽവിലാസത്തിൽ മാത്രമാണിപ്പോൾ അവൾ ജീവിക്കുന്നത്. അത് ഈ ലോകത്ത് ഒരു സുരക്ഷ തന്നെയല്ലേ...?

# മൈ സ്കൂൾ ഡേയ്സ്



ജനാർദ്ദനൻ പി. വണ്ടാഴി
8089060168, 9539206386

**കേ**ശവപിള്ളക്ക് എഴുപത്തിമൂന്ന് കടന്നിരിക്കുന്നു. പല്ലെല്ലാം ക്ലീൻ ബൗൾഡായി കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ കേശവപിള്ളക്ക് രണ്ടു മുഖമാണ്. പകൽ പല്ലുള്ളതും, രാത്രി പല്ലില്ലാത്തതും ആയ രണ്ടു മുഖങ്ങൾ. പകൽ കണ്ടവർ രാത്രി കണ്ടാൽ തിരിച്ചറിയില്ല. വാർദ്ധക്യാവസ്ഥയിലാണല്ലോ കഥ പറയാൻ അവസരം കിട്ടുന്നത്. പേരക്കുട്ടികൾ ചറപറാന്ന് കൊറേയെണ്ണമുണ്ട്. ഈയിടെയായി ഓർമ്മ തന്റെ വരുതിയിലില്ലാത്തതുകൊണ്ട് എത്ര മക്കൾ, അവർക്കൊക്കെ എത്ര വീതം കുട്ടികൾ എന്നൊരു കൺഫ്യൂഷൻ.

അന്നൊരു നല്ല രാത്രിയായിരുന്നു. ചന്ദ്രാമാമ അമാവാസിയിലെ ഒളിവിൽ നിന്ന് പരോളിലിറങ്ങിയിട്ടേയുള്ളു. ടി വി പെട്ടിയിലെ സീരിയൽ കളികൾ അവസാനിച്ചിരിക്കുന്നു. കുറേനേരമായി അന്തരീക്ഷത്തിൽ നിറഞ്ഞുനിന്ന കരച്ചിലിന്റെ അലകൾ അണഞ്ഞിരിക്കുന്നു. ലോകം ശാന്തം. പട്ടികളും പട്ടിണികളും മോങ്ങുന്നു. കാലൻ കോഴികളും കോഴിച്ചികളും കൂകിയും മൂളിയും പ്രേമഗാനം ആലപിക്കുന്നു. കേശവപിള്ളയുടെ ചുറ്റും നാലഞ്ചുപേരക്കുട്ടികൾ ഘെരാവോ മട്ടിൽ വട്ടമിട്ടു കൂടിയിരിക്കുന്നു.

"മുത്തച്ഛാ... മുത്തച്ഛൻ സ്കൂളിൽ പോയിട്ടുണ്ടോ ?" ഒരു കാന്താരിക്കറിയണം.

"എത്രവരെ പോയി?" വേറൊരെണ്ണം.

"മുത്തച്ഛന്റെ സ്കൂൾ ഡേയ്സ് ഒന്നു പറയുമോ...?"

"അപ്പോൾ കഥ വേണ്ടേ ?"

"ഓട്ടോബയഗ്രഫി മതി. നെഹ്റുജി മകളോട് പറഞ്ഞിട്ടുണ്ടല്ലോ."

"പറയണോ ?"

"പറയൂ മുത്തച്ഛാ..." സർവ്വകാന്താരികളും ഒന്നിച്ചുപറഞ്ഞു.

"എന്നാ പറയാം. ഞെട്ടരുത്. ജീവിതത്തിൽ പകർത്തരുത്. എന്റെ കൈയിലടിച്ചോ, കഷണ്ടിയിലടിച്ചോ സത്യം ചെയ്യണം."

പിള്ളേർ പറഞ്ഞ പടി ചെയ്തു. കേശവപിള്ള തൊണ്ടയനക്കി ഒരു റൗണ്ട് മൂക്കുപ്പൊടിവലിച്ച് കഥ തുടങ്ങി. പിള്ള രണ്ടുറൗണ്ട് തുമ്മി. പിള്ളേർ മൂന്നുറൗണ്ട് തുമ്മി. കഥ തുടങ്ങുകയാണ്.

"അന്തക്കാലം. പത്തിൽ പഠിക്കുന്ന സുവർണ്ണകാലം. വയസ്സ് ഇരുപത്തിരണ്ട്. സുന്ദരൻ മീശ, കൃതാവ്."

"പഠിപ്പിക്ക്യായിരുന്നോ...?"

"അല്ലടേ... ഞങ്ങളഞ്ചെട്ടു പേരുണ്ട്. പഠിപ്പിക്കായിരുന്നു. അതിനുള്ള ട്രെയിനിങ്ങൊക്കെ കിട്ടിയിട്ടുണ്ട്. മിക്ക ക്ലാസ്സിലും ഉറച്ചിരുന്നു പഠിക്കും. ആണിവേരങ്ങനെ ബെഞ്ചിലേക്ക് ഇറങ്ങാൻ തുടങ്ങുമ്പോൾ ദയ തോന്നി ക്ലാസ് ടീച്ചറുടെ ഒരു ചവിട്ടിത്തള്ളൽ. നീ അവിടെചെന്ന് കുറച്ചുകാലം പഠിക്കടേ... അങ്ങനെയായിരുന്നു സുവർണ്ണകാലമായ സ്കൂൾ ഡേയ്സ്."

"ഉഷാറാകുന്നുണ്ട് മുത്തച്ഛാ..." പിള്ളേർ എരിവേറ്റി.

"പിന്നിലെ ബഞ്ചിലായിരുന്നു സിംഹാസനം. മൂക്കുപ്പൊടി, ബീഡി, സിഗരറ്റ് ഇത്യാദികളൊക്കെ കരുതിയിരിക്കും."

"അപ്പോ പുസ്തകോല്ല്യേ ?"

"ഉണ്ടല്ലോ അത്യാവശ്യം."

"പത്തുമണിക്ക് ബെല്ലടിച്ച ഉടനെ പങ്കോച്ചൻ സാറിന് ചായ, സിഗരറ്റ് വേണം. ഞങ്ങളിൽ ആരെങ്കിലും ഒരാളെ വിളിച്ചുപറയും. സാറിനൊരു ചായ, സിഗരറ്റ്; അതേപറ്റില് പോയ ആൾക്കും ചായ, സിഗരറ്റ്. ഇതുകഴിഞ്ഞുവരുമ്പോഴേക്കും ആദ്യത്തെ ക്ലാസ് പകുതിയാകും. ശ്രീധരൻ സാറാണെങ്കിൽ ക്ലാസിൽ കയറേണ്ട ആവശ്യമേയില്ല. "ഇത്തിരി പൊടി വാങ്ങീട്ട് വാടാ." പട്ടണം പൊടി, രണ്ടു പൈസക്ക് ഇഷ്ടം പോലെ കിട്ടും. സാറിന് രണ്ടു പൈസക്ക് പൊടി, കൂടെ പോകുന്ന ആൾക്കും ബോണസുപോലെ രണ്ടു പൈസക്ക് പൊടി. തിരിച്ചെത്തുമ്പോഴേക്കും ക്ലാസ് കഴിഞ്ഞിരിക്കും. വല്ലാത്ത ആശ്വാസം. ഈ സേവനത്തിന് പ്രതിഫലം - ക്ലാസിൽ വച്ച് ചോദ്യങ്ങൾ ചോദിക്കില്ല."

"ഇങ്ങനേയും ഒരു സുവർണ്ണകാലമോ ?"

"അങ്ങനേയും ഒരു കാലമുണ്ടായിരുന്നടേ..."

"പത്താം ക്ലാസിൽ എത്രവട്ടം പഠിച്ചു ?"

"രണ്ടാം വട്ടം പറ്റീല്ല."

"എന്തുപറ്റി ?"

"സർക്കാർ പരീക്ഷ അല്ലായിരുന്നോ... സർക്കാർ ചതിച്ചെടേ..."

"കഷ്ടമായിപ്പോയി."

"അതെയതെ."

"അപ്പൂപ്പാ അടിപൊളി കാലം ഞങ്ങൾക്കും കിട്ടീരുന്നെങ്കിൽ..."

"നിങ്ങൾ സത്യം ചെയ്തിരിക്കയല്ലേ, എന്റെ കൈയിലടിച്ച്, കഷണ്ടിയിലടിച്ച്. സത്യം ലംഘിച്ചു കൂട."

"ഇനി എല്ലാവർക്കും ഗുഡ് നൈറ്റ്." ലൈറ്റ് ഡിം. അല്പം കഴിഞ്ഞ് ഇരുട്ടിനെ കീറിമുറിച്ച് സംഗീതാർദ്രമായ കൂർക്കംവലി. ●

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

■ കവിത



**വിജയൻ കല്ലട**
**9605407260**

# കുറുക്കന്റെ മനോരാജ്യം

കല്യാണത്തിനു നേരമതറിയാൻ
എത്തിച്ചേർന്ന കുറുക്കനോടപ്പോൾ
ജ്യോതിഷിയാകും വാനരശ്രേഷ്ഠൻ
നേരം നോക്കി ഗണിച്ചിട്ടിങ്ങനെ
വെയിലും മഴയും ഒത്തുവരുന്നൊരു
ദിവസം ശുഭമാണെന്നറിയിച്ചു
എന്നത് കേട്ടുതെളിഞ്ഞ കുറുക്കൻ
നന്നായ് ചിന്തയിലാണ്ടു നടന്നു.
പന്തലുവേണം ചന്തം വേണം
മണ്ഡപമൊന്നതിനുള്ളിൽ വേണം
ആനകൾ തൂണുകളെത്തിച്ചീടിൽ
കുഴികൾ കുഴിയ്ക്കാനെലികളുമെത്തും.
കെട്ടിമുറുക്കാൻ വിരുതന്മാരാം
മാർജ്ജാരന്മാരെത്തിച്ചേരും.
മുറ്റം നല്ല വെടിപ്പാക്കീടാൻ
കാകൻമാരും കഴുകരുമെത്തും.
കുയിലുകൾ പാട്ടുകൾ പാടുന്നേരം
മയിലുകൾ നൃത്തം വച്ചുതുടങ്ങും.
സദ്യയൊരുക്കാൻ കരടിച്ചേട്ടൻ
മെല്ലെ വിളമ്പാൻ മാനുകൾ പോരും.
പച്ചടി കിച്ചടി തോരനോടൊപ്പം
ഇത്തിരി മാംസം വെച്ചുവിളമ്പാം.
സിംഹച്ചാരും പുലികളുമെല്ലാം
മാംസം ഭക്ഷിച്ചേറെ രസിക്കും.
പാലും പഴവുമതെത്തിച്ചീടാൻ
ഗോക്കളോടൊപ്പം തത്തകളെത്തും.
ഇങ്ങനെ പലതും ചിന്തിച്ചിരുളിൽ
മെല്ലെ നടക്കും കുറുനരി വീരൻ
പൊന്തയ്ക്കുള്ളിൽ നിന്നും
പൊന്തിയ കടുവച്ചാരെ കണ്ടു
ഭയന്നിട്ടോടിയനേരം
കുണ്ടിൽ വീണു കിടപ്പാറായി.

■ കഥ





**ശ്രീജ ജയചന്ദ്രൻ**
**7736145646**

# ചില മേഘങ്ങൾ പെയ്തടങ്ങുമ്പോൾ...

**കാ**ർമേഘങ്ങൾ കൂടുകൂട്ടിയ, തണുത്ത, ഇരുണ്ടസന്ധ്യയിൽ, ആ കുന്നുകയറി ഒരു പിശറൻ കാറ്റിന്റെ കൂടെയാണവൾ ആ ഗ്രാമത്തിലേക്ക് വന്നത്. ആ ഭ്രാന്തി... ചപ്രത്തലമുടിയുമായി, തീക്ഷ്ണമായ, ചുവപ്പുരാശി, കലർന്ന വലിയ ഉരുണ്ട കണ്ണുകൾ ആരെയോ തിരയുകയാണെന്ന് തോന്നുന്നു. ഒരു കൊടുങ്കാറ്റുവന്നൊതുങ്ങും പോലെയാണാ പേരാലിൻ ചുവട്ടിലേക്കവൾ ചാഞ്ഞിരുന്നത്. ആ ഗ്രാമം മുഴുവൻ അപ്പോൾ അവളെ നിരീക്ഷിക്കുകയായിരുന്നു.

ആരാണവൾ... പെരുമഴയോടൊപ്പം എവിടെനിന്ന്... എന്തിനുവന്നു... അവൾ ഒരു ഭ്രാന്തി തന്നെയോ ? അവർ പരസ്പരം ചോദിച്ചു. ആ ഗ്രാമക്കവലയിലെ അച്ചുതണ്ടായ രവിയേട്ടന്റെ പഴയ ചായക്കടയിലും, ചൈനീസ് മീശക്കാരൻ ജോഷിയുടെ സലൂണിലും പരശുവേട്ടന്റെ പലചരക്കുകടയിലും ഷൈനിന്റെ ഷൈൻ മെഡിക്കൽസിലും ഉണ്ടായിരുന്ന സകലർക്കും അവളാരാണെന്നറിയണം.

രാത്രി ഇരുട്ടിനും കനം വെച്ചുതുടങ്ങിയപ്പോൾ വനജേച്ചി, ചായക്കടക്കാരന്റെ രവിയേട്ടന്റെ ഭാര്യ പറഞ്ഞു, ‘‘അതേയ്, കാലം നന്നല്ല. നമ്മടെ കടേടെ മുന്നിലാ ആ പെണ്ണിരിക്കുന്നത്. അതിന് വല്ലോം പറ്റ്യാ...’’ അവരു

ടെ വേവലാതി പൂർണ്ണമായും മനസ്സിലാക്കിയ രവിയേട്ടൻ ചോദിച്ചു, ''അതിനിപ്പോ നമുക്ക് എന്തുചെയ്യാൻ പറ്റും ?''

''നമുക്ക് നമ്മുടെ ഇറയത്തേയ്ക്ക് കയറിയിരിക്കാൻ പറയാം. ഈ മഴയത്ത് ആ പെണ്ണ്... ഏതോ നല്ല കുടുംബത്തിലേതാണ്... പാവം...'' അവർ കരുണയോടെ ആ ഭ്രാന്തി ഇരിക്കുന്ന ഭാഗത്തേക്ക് നോക്കി. രാത്രിയിലെ പെരുമഴയൊന്ന് പെയ്തുതോരും വരെ അവൾ ആ ഇറയത്തിരുന്നു. അതിരാവിലെ രവിയേട്ടൻ കൊടുത്ത ചൂടു ചായയിലേയ്ക്ക് നോക്കി അവൾ പുഞ്ചിരിച്ചു. എത്ര സുന്ദരമാണാ ചിരി... എവിടെയോ കണ്ടുമറന്ന മുഖം ! എവിടെവെച്ചാണ്... രവിയേട്ടൻ തലചൊറിഞ്ഞു. ഓർമ്മ വരുന്നില്ല.

''എനിക്കൊരു കോലുമിഠായി വേണം. ന്റെ മോൾക്കുകൊടുക്കാനാ...'' അവൾ കൈയ്യിലുള്ള നാണയത്തുട്ടുകൾ അയാളുടെ നേർക്ക് നീട്ടിപ്പറഞ്ഞു. ''പാവം... അതിനൊരു കൊച്ചുണ്ടായിരിക്കാം. അത് ചെലപ്പോ... പറയാൻ പറ്റില്ല്യാ... ഇങ്ങിനെയൊക്കെയല്ലേ... ഓരോരുത്തർക്ക് മനസ്സിന്റെ പിടിവിട്ടുപോകുന്നത്...''

തന്റെ പിന്നിൽ നിന്ന വനജയുടെ പിറുപിറുക്കൽ കേട്ട് രവിയേട്ടൻ അവരെ രൂക്ഷമായൊന്ന് നോക്കി.

''രവിയേട്ടാ... രവിയേട്ടാ...''

ബ്രോക്കർ ചന്ദ്രന്റെ നീട്ടിയുള്ള വിളികേട്ട് രവിയേട്ടൻ അടുക്കളയിൽ നിന്നും വെളിയിലേക്ക് തലനീട്ടി നോക്കി.

''നിങ്ങളറിഞ്ഞോ... നമ്മടെ സലീമിന്റെ കൊച്ചിനെ കാണാനില്ല. രാവിലെ മദ്രസേല് പോയതാ. തിരിച്ചുവന്നിട്ടില്ലിതുവരെ. തങ്കക്കുടം പോലെയുള്ള കൊച്ചാ. ആരെങ്കിലും തട്ടിക്കൊണ്ടുപോയോന്നാ...? ആർക്കറിയാം... നാലുവഴിക്കും ആളുകളെ വിട്ടിട്ടുണ്ട്. തിരയാൻ...''

''അയ്യോ...'' വനജ നെഞ്ചിൽ കൈവെച്ചുപോയി.

''ഒരു കുരുത്തംകെട്ടോനാ അവൻ. ആ സലീമേയ്... ഇപ്പഴത്തെ കെട്ടിയവളുടെ മൊഞ്ചിൽ മയങ്ങി അവൻ ആദ്യത്തേതിന് തലയ്ക്ക് സുഖോല്ല്യെന്നും പറഞ്ഞ് മൊഴി ചൊല്ലി. അതിന്റെ കുഞ്ഞിനെ കാണാൻ പോലും കൊടുക്കാതെ ഇവിടെ തടഞ്ഞുവെച്ചു. കുഞ്ഞിനെ പൊന്നുപോലെ നോക്കുന്നെങ്കിൽ തരക്കേടില്ല്യാരുന്നു. ആ പൊടിക്കൊച്ചിനെക്കൊണ്ട് എല്ലാ പണീം എടുപ്പിക്കുംന്നാ കേട്ടത്. എന്റെ ദൈവമേ... ആ കൊച്ചിനി സഹികെട്ട് ഇറങ്ങി എങ്ങോട്ടെങ്കിലും ഓടിപ്പോയിരിക്കുമോ...''

എല്ലാം കേട്ട് കല്ലുപോലെ അമ്പരന്നിരിക്കുകയായിരുന്നു അപ്പോൾ രവിയേട്ടൻ. കണ്ണുകൾ നിറഞ്ഞിരുന്നു... കോലുമിഠായി ഭരണി കൈയിലെടുത്ത് അയാളൊന്ന് പുഞ്ചിരിച്ചു. അയാളുടെ മുന്നിലപ്പോൾ ചുമന്നുരുണ്ട രണ്ടു കണ്ണുകൾ തിളങ്ങി അവ ചോദിച്ചു, ''എന്നെയറിഞ്ഞുവോ... ?''

അപ്പോഴൊരു തണുത്ത കാറ്റ് അയാളെ മറികടന്നുപോയി. അവൾ 'ആ ഭ്രാന്തി' മറ്റൊരു കൊടുങ്കാറ്റുപോലെ കുന്നിറങ്ങുകയായിരുന്നു അപ്പോൾ... അവളുടെ കൈകളിൽ തൂങ്ങി കോലുമിഠായി നുണഞ്ഞുകൊണ്ട് ഒരു പൂത്തുമ്പി പോലൊരു കുഞ്ഞു പെൺകുട്ടിയും.

●



# റവ ഗുലാബ് ജാമുൻ

പി. എൻ. ഗംഗാലക്ഷ്മി
9447972209



**ആവശ്യമുള്ള സാധനങ്ങൾ**

1) റവ - 1 കപ്പ്
2) പാല് - 1$^1/_2$ കപ്പ്
3) നെയ്യ് - 2 ടീസ്പൂൺ
4) ബേക്കിങ്ങ് പൗഡർ - ഒരു നുള്ള്
5) കിസ്മിസ് - കുറച്ച്
6) പഞ്ചസാര - 1 കപ്പ്
7) വെള്ളം - 1 കപ്പ്
8) ഏലക്കായ് പൊടി - $^1/_2$ ടീസ്പൂൺ
9) എണ്ണ - 1$^1/_2$ കപ്പ്

**ഉണ്ടാക്കേണ്ട വിധം**

പാൽ ചൂടാക്കി 1 സ്പൂൺ നെയ്യൊഴിച്ച് റവ 2 മിനുട്ട് ചെറിയ ചൂടിൽ വറുക്കുക. ശേഷം 1 കപ്പ് പാൽ ഒഴിച്ച് കട്ട കെട്ടാതെ കുറുക്കുക. കുറുകി വരുമ്പോൾ 1 സ്പൂൺ പഞ്ചസാര, ബാക്കി പാൽ എന്നിവ ചേർത്ത് കുഴച്ച ആട്ടയുടെ പാകമാകുന്നതുവരെ കുറുക്കുക. തീ അണച്ച് തണുക്കാൻ അനുവദിക്കുക. തണുത്തതിനുശേഷം ഒരു നുള്ള് ബേക്കിങ്ങ് പൗഡർ, നെയ്യ് എന്നിവ ചേർത്ത് നല്ല മയമാകുന്നത് വരെ (ഏതാണ്ട് 8 മുതൽ 10 മിനുട്ട് വരെ) കുഴക്കുക. കുഴക്കുന്നത് കുറഞ്ഞാൽ ഗുലാബ് ജാമുൻ വറുക്കുമ്പോൾ പൊട്ടിപ്പോകാനിടയുണ്ട്. കുഴച്ചതിനു ശേഷം ഓരോ കിസ്മിസ് ഉള്ളിൽ വെച്ച് ചെറിയ ഉരുള ഉരുട്ടി എടുക്കുക.

ഒരു പാത്രത്തിൽ 1 കപ്പ് വെള്ളം ഒഴിച്ച് 1 കപ്പ് പഞ്ചസാര ചേർത്ത് ഒരു നൂൽ പാകത്തിൽ പാനി തയ്യാറാക്കുക. ഏലക്കായ പൊടി ചേർക്കുക. ഒരു പാനിൽ എണ്ണ ചൂടാക്കി ഉരുളകൾ ചെറു ചൂടിൽ ഗോൾഡൻ നിറമാകുന്നതുവരെ വറുത്തെടുക്കുക. വറുത്ത ഉരുളകൾ ഉണ്ടാക്കിവെച്ച പഞ്ചസാര പാനിയിൽ ഇട്ട് ഒരുമിനിട്ട് തിളപ്പിക്കുക. തണുക്കാൻ അനുവദിക്കുക. ഏതാണ്ട് നാല് മണിക്കൂറിനുശേഷം ഉപയോഗിക്കാം.

ഏത് കുപ്പായത്തിലായാലും
അമ്മ കുഞ്ഞിനെ തിരിച്ചറിയുന്നപോലെ
നാം ഏത് മതവിശ്വാസം
പിന്തുടർന്നാലും ദൈവത്തിന്റെ
ഹൃദയകവാടം നമുക്കായി
തുറക്കപ്പെടുന്നു.

-സ്വാമി വിവേകാനന്ദൻ-

# പുതുച്ചൊല്ലുകൾ

സൈനുദീൻ മുണ്ടക്കയം
9947253006



1.
ഉണ്ണാത്തോനുകൊടുക്കുമ്പോൾ
ഉണ്ണാനതുമതിയവനപ്പോൾ
ഉള്ളവനാണേൽ സമ്പാദ്യം
ഉണ്ടിക നിറയെ സൂക്ഷിക്കും.

2.
വാചാലനായവൻ വാശിക്കുമുമ്പിൽ
വേലയില്ലാത്തവനാണതും സത്യം !!

3.
ഒറ്റക്കെട്ടെന്നെപ്പോഴും
വാതോരാതെ പറഞ്ഞിട്ടും
കെട്ടിന്നുള്ളിലൊതുങ്ങാതെ
കെട്ടും പൊട്ടിച്ചോടുന്നു.

4.
കെട്ടുകാഴ്ചയിൽ ഭംഗിയേറെ
കെട്ടഴിച്ചാൽ അഭംഗി മാത്രം.

5.
'നട'പടി തൊട്ടുവണങ്ങി, ഇനി-
ഉടമ്പടിക്കു കടുംപിടുത്തം.

6.
പാരമ്പര്യത്തിന്റെ പ്രൗഢിയിൽ-
പമ്പര വിഡ്ഢിയും വിളങ്ങിനില്ക്കും.

7.
സംഘമായ് ചേരുവാനാർക്കുമാകാം,
സത്സംഗമൊന്നേ വാഴ്‌വിന്നു ചിതമാകൂ.

8.
ശരണം ചൊല്ലീട്ട് ചരണം വലിക്കുന്ന
ശരണാർത്ഥികൾ വന്നു നാടുഭരിക്കുന്നു.

9.
പൊട്ടിയ വലയിട്ടു മീൻ പിടിക്കുന്നവൻ
പൊട്ടനോ, വട്ടനോ ആർക്കറിയാം ?

10.
കുടിലനൊരുത്തനെ കിടിലം കൊള്ളിക്കാൻ
പടകൾ വേണ്ടിങ്ങൊരുവൻ മതിയേ !!

11.
നുണകളാൽ കെട്ടിപ്പൊക്കും പദവിപത്രാസുകൾ,
ഞൊടിയിട കൊണ്ടതു ധൂളിസമാനം.

12.
സ്വച്ഛ ഭാരതം കെട്ടിപ്പടുക്കുവാൻ
സ്വച്ഛത ഭരണത്തിലാദ്യം വേണം.

13.
തറവാട്ടുമഹിമ പറയുന്ന കാർന്നോർ-
തെരുവിലുറങ്ങിയുണരുന്നു നിത്യം.

14.
മേന്മ നടിച്ചു നടപ്പവന്,
മേന്മയശേഷവുമില്ലുള്ളിൽ.

15.
നാവുവളച്ചാൽ നുണ പറയും
നായകരേറെ നമുക്കുണ്ട്;
നന്നാവില്ലിവരൊരുനാളും
നായ്‌വാൽ പോലതു നിലനിൽക്കും.

16,
അയ്യനെ ചൊല്ലിയിന്നെന്തെന്തു വായ്പോര്,
വയ്യകം തന്നിലുയർത്തുന്നു ഭക്തന്മാർ;
അയ്യനറിയില്ലിതെന്തിനെന്നോ-
പൊല്ലാത്ത കാലമിതെന്നു സ്പഷ്ടം.

17.
സുപ്രീം കോടതി കല്പിച്ചാൽ
സർക്കാരാണതുപാലിക്കാൻ;
ഭക്തന്മാരെയിളക്കാനായ്
അയ്യൻപടയുടെ വിളയാട്ടം.

18.
സ്വാമിയെ 'സാമി'യാക്കുന്ന ഭക്തരേ...
സ്വാർത്ഥ താല്പര്യം മറക്കൂ നിങ്ങൾ;
ഭക്തിയാൽ മുക്തിയെ തേടുന്നുവെങ്കിൽ
ഭക്ത്യാദരം ചെന്നു കൈ വണങ്ങൂ.

19.
വിശ്വാസത്തിൻ പൊരുളറിയാതെ
വിശ്വം മുഴുവൻ പായുന്നവരേ;
ആശ്വാസത്തിന്നൊരു തിരിവെട്ടം
നിൻ ശ്വാസത്തിലിരിപ്പുണ്ട്.

20.
പ്രളയജലത്തിലും രാഷ്ട്രീയം
പെരുമഴ പോലതാ പെയ്യുന്നു.

21.
നോക്കിലും വാക്കിലും കുറ്റമുണ്ട്,
തൊടലും തലോടലും കുറ്റമാണ്;
പീഡനമേറ്റു മരിച്ചവരെ
പാടേ മറന്നാൽ പാപമാണ്.

22.
മനസ്സിലൊരിക്കൽ പുതച്ചുവച്ച്
കാലം കഴിഞ്ഞു പുറത്തെടുത്താൽ;
കരുതിക്കോ നാറ്റമസഹ്യമാകും
കരുത്തോടെ നിന്നാൽ നിനക്കുനന്ന്.

23.
മനുഷ്യനെ സൃഷ്ടിച്ചതീശ്വരനെങ്കിൽ
പെണ്ണിന് അയിത്തം വിധിച്ചതാര് ?
പെണ്ണില്ലെങ്കിൽ പ്രജയുണ്ടാമോ ?
പ്രജയില്ലെങ്കിൽ ഈശ്വരനുണ്ടോ !!

24.
ഒന്നിനോടൊന്നു പൊരുത്തപ്പെടണം
ഒന്നിക്കാനൊരു മനസ്സും വേണം;
ഒന്നായില്ലേൽ പലതായിപ്പോം
പലതുകൾ കൂട്യാൽ കശപിശയാകും !!



ജോസഫ് പൂതക്കുഴി
9846751749

# തിരുപ്പിറവി

ഒന്നുമൊന്നുമായിരം
വർഷങ്ങൾക്കപ്പുറം
കുളിരുള്ളൊരു രാത്രിയിൽ
തെളിഞ്ഞ മാനത്തായിരം
നക്ഷത്രശോഭയാർന്നൊരു
ദിവ്യനക്ഷത്രമുദിച്ചുയർന്നു.
യൂദയായിലെ ബെത്‌ലഹേമി-
ലൊരുകാലിത്തൊഴുത്തിൻമേലേ.
തൊഴുത്തിനുള്ളിലോ നൽ
പുൽക്കൂടതിൽ പിറന്നല്ലോ
രാജാക്കന്മാരുടെ രാജാവ്.
ഉണ്ണിയേശു പിറന്നല്ലോ
വിണ്ണിന്നധിപതിയായവൻ
മണ്ണിതിൽ വന്നുപിറന്നല്ലോ.
രാത്രിതൻ വിജനതയിൽ
പാടിദേവദൂതൻമാർ മംഗളം
'അത്യുന്നതങ്ങളിൽ
ദേവനുസ്തുതിയായിരിക്കട്ടെ.
ഭൂമിയിൽ സമാധാനം
സന്മനസ്സിന്നുടമകൾക്ക്'
മാലാഖമാരുടെ ഗീതം കേട്ടാ-
ടിനെമേയ്ക്കുമിടയന്മാർ വന്നു
കണ്ടാരാധിച്ചു കുമ്പിട്ടു.
മടങ്ങിയവരാമോദചിത്തരായ്.
മാലോകർക്കേവർക്കുമെളിമ
തൻദൃഷ്ടാന്തം ഭൂവിൽകാണിച്ചു
കൊടുപ്പതിന്നായ് ദൈവപുത്രൻ
കാലിത്തൊഴുത്തിൽ ജാതനായി.

**അറിയിപ്പ്**

ചില സാങ്കേതിക കാരണങ്ങളാൽ
'മഹാത്മ' ഈ ലക്കത്തിൽ
ഉൾപ്പെടുത്തുവാൻ
സാധിക്കാതെ വന്നതിൽ
പ്രിയ വായനക്കാർ ക്ഷമിക്കുമല്ലോ.

■ നർമ്മലേഖനം

# രക്ഷകനൊരു കത്ത് : മനുഷ്യരെന്തായിങ്ങനെ ?



പി. ആർ. ജോസ്
9847946094

**ലോ**കരക്ഷകനായ യേശുവിന്റെ പിറവിയിൽ മനുഷ്യകുലമാകെ സന്തോഷിക്കുന്നു. മനുഷ്യർ സന്തോഷിക്കുമ്പോൾ മറ്റുള്ളവരെ ദുഃഖിപ്പിക്കുന്നതെന്തിന് ? അന്യരെ മുറിവേൽപ്പിച്ചിട്ടുവേണോ മനുഷ്യർക്ക് സന്തോഷിക്കാൻ ? ദുഃഖിക്കുന്നവരോടുകൂടി ദുഃഖിക്കുവാനും സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുവാനുമാണ് അങ്ങ് പഠിപ്പിച്ചത്. എന്നാൽ മനുഷ്യരുടെ കൂടെ സന്തോഷിച്ചാൽ എന്നും ഞങ്ങൾക്ക് തീരാദുഃഖമാണ്. അങ്ങ് ഭൂമിയിലവതരിച്ചതിന്റെ സ്മരണ പുതുക്കലാണല്ലോ ക്രിസ്മസ്. എല്ലാവരും സന്തോഷിക്കുമ്പോൾ ഞങ്ങൾക്ക് ദുഃഖമാണ് സമ്മാനം. ആരുടെ സന്തോഷവും മറ്റൊരാളെ ദുഃഖിപ്പിക്കുന്നതാകരുത്. വീടുകളിൽ നക്ഷത്രദീപങ്ങൾ കണ്ടാലും അലങ്കാര ദീപങ്ങൾ കണ്ടാലും ബേക്കറികളിൽ നിരത്തിവച്ചിരിക്കുന്ന കേക്കു കണ്ടാലും ഞങ്ങൾക്കു പേടിയാണ്. അലങ്കാരങ്ങളും കേക്കുമൊക്കെ ആഘോഷത്തിന്റെ ഭാഗമാണല്ലോ ? ആഘോഷം സന്തോഷത്തിന്റേയും സന്തോഷം ഞങ്ങളുടെ ജീവനുതന്നെ ഭീഷണിയാണ്. ബെർത്ത്ഡേ, ജൂബിലി എന്നീ വാക്കുകൾ കേൾക്കുമ്പോൾ തന്നെ ഞങ്ങളുടെ കണ്ണിൽ വെള്ളം നിറയും. ക്രിസ്മസ് കഴിഞ്ഞാൽ പെരുന്നാളുകളുടെ ഘോഷയാത്രയാണ്. ഓരോ പെരുന്നാളിനും നിരവധി ജീവനാണ് ബലി കഴിക്കേണ്ടിവരുന്നത്. എന്നാൽ ഞങ്ങൾക്ക് ഭക്ഷണവും മരുന്നുമെല്ലാം യഥാസമയം ലഭിക്കാറുണ്ട്. ഞങ്ങളുടെ വളർച്ചയിൽ അവർ ഊറ്റം കൊള്ളുന്നവരാണ്. നോമ്പുകാലമാണ് ഞങ്ങൾക്കൊരു ആശ്വാസം. എന്നും നോമ്പുകാലമായിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു. എന്തൊക്കെയായാലും മനുഷ്യരെപ്പോഴും ദുഃഖിച്ചുകൊണ്ടിരുന്നാൽ മാത്രമേ ഞങ്ങൾക്ക് രക്ഷയുള്ളു. രക്ഷകനായി അവതരിച്ച അങ്ങ് ഞങ്ങളുടെ രക്ഷകനായില്ലെങ്കിൽ ഞങ്ങൾ മറ്റൊരു രക്ഷകനെ പ്രതീക്ഷിക്കേണ്ടതുണ്ടോ ? അല്ലെങ്കിൽ ഞങ്ങളെകൂടി രക്ഷിച്ചനുഗ്രഹിക്കൂ.

എന്ന് ദുഃഖത്തോടെ
കോഴി നേതാവും
അനുയായികളും.

# കേരളത്തിന്റെ തപാൽ നിലയ പുണ്യം

ടി. ജെ. നായർ
9446630412

**നി**ങ്ങൾ വായിക്കുന്ന ഈ ലേഖനം വായിക്കുവാനുള്ള ഭാഗ്യം നൽകിയ വാരികയോ മാസികയോ ഇന്ന് നിങ്ങളുടെ കൈയിൽ എത്തിച്ചത് ഒരുപക്ഷേ അടുത്ത തപാൽ ഓഫീസിലെ പോസ്റ്റ് പേഴ്സൻ ആയിരിക്കാം. പണ്ടൊക്കെ പോസ്റ്റ് മേൻ ആയിരുന്നു. ഇന്ന് ഈ കർമ്മത്തിൽ പരിലസിക്കുവാൻ സർക്കാർ ഭാഗ്യം സ്ത്രീകൾക്കും നൽകിയിരിക്കുകയാണല്ലോ. അന്നുമുതൽ പോസ്റ്റ് മേൻ - പോസ്റ്റ് പേഴ്സനും ആയി.

ലോകത്തിൽ ആദ്യമായി ഒരു തപാൽ നിലയം ഉണ്ടായത് ഒക്ടോബർ മാസം ഒമ്പതാം തിയതിയാണ്, വർഷം 1874 അതും സ്വിറ്റ്സർലാന്റിൽ. അന്നുമുതൽ ഇന്നുവരെ എല്ലാ വർഷവും ഒക്ടോബർ മാസം ഒമ്പതാം തിയതി പോസ്റ്റോഫീസുകളുടെ പിറന്നാൾ ആയി ആഘോഷിക്കുകയാണ് ലോകം മുഴുവനും. അതെ Postal Day തപാൽ ദിനം.

ഭാരതം സ്വാതന്ത്ര്യം നേടിയപ്പോൾ ഇവിടെ ഏകദേശം ഇരുപത്തിമൂന്നായിരം പോസ്റ്റാഫീസുകൾ മാത്രമാണ് ഉണ്ടായിരുന്നത്. പിന്നീട് അത് പടി പടി ആയി കയറി. ഇപ്പോൾ ചുരുങ്ങിയത് ഒന്നര ലക്ഷത്തിലേറെ ഉണ്ട് എന്നാണ് കണക്കുകൾ രേഖപ്പെടുത്തുന്നത്. ഇന്ന് ലോകത്തിൽ അധികം തപാൽ നിലയം ഉള്ള ഭാഗ്യവും ഭാരതദേശത്തിനു തന്നെയാണ്. ഇതിൽ വൈദ്യുതീകരിച്ച ബേങ്ക് നിലയങ്ങൾ ഉള്ള തപാൽ ഓഫീസുകളും പന്ത്രണ്ടായിരത്തിൽ കവിഞ്ഞു എന്ന് തപാൽ പുണ്യം.

■ കവിത



രജീഷ് കാളികാവ്
9946760036

# മിഴിനീർക്കണം

വിരൽ തൊട്ടു നീ വിളിക്കുമ്പൊഴും
വിതുമ്പി നിൽപ്പുനിൻ മിഴിത്തുമ്പിൽ ഞാൻ
അടർന്നിറ്റുവാൻ മടിച്ചേറെ നാൾ
അരുമ നോവുകൾ ക്ഷണിച്ചെങ്കിലും
ഉരുകി, നിൻ ഹൃത്തിൻ വ്യഥയറിഞ്ഞു, പി-
ന്നുയിരു കത്തുന്ന കഥയറിഞ്ഞു ഞാൻ
ഒരു സ്മിതം നിന്നിൽ വിരിയും മാത്രയിൽ
ഒരു വസന്തത്തിൻ കുളിരുകൊണ്ടുഞാൻ
പിരിഞ്ഞെങ്ങുപോയ് മറയും ഞാൻ, നിന്നെ-
പ്പൊതിഞ്ഞു സ്വപ്നങ്ങൾ പിഴയൊടുക്കവേ
നെടിയ നീർച്ചാലുപണിയുമോർമ്മകൾ
നിരയിട്ടീ വഴി വിരുന്നിനെത്തവേ
കിതക്കുന്നൂ നിൻ നിഴൽത്താളമായ്
കിതപ്പൊടുങ്ങാത്തൊരഴൽത്തോറ്റമായ്
ഒരു നിലാത്തുണ്ടിൽപ്പൊതിഞ്ഞു സൂക്ഷിച്ച
വിരഹിയാം കരിമുകിലിൻ കീറു ഞാൻ
തുടിച്ചു, നിൻ കരൾ കുളിരുകോരി ഞാ-
നിടയ്ക്കു മാത്രമാ കവിൾ നനച്ചതും
പിടച്ച നോവിന്റെ കരിങ്കൽച്ചീളുകൾ
പതിച്ച പിന്നെയാ കരൾ മുറിഞ്ഞതും.
അറിയുന്നോർമ്മതൻ വഴിയിറമ്പിലെ
ചെറുമരച്ചില്ല കുളിരുലയ്ക്കവേ
അതിരുകാണാതെ ചിതറുമാശതൻ
അലരുകൾ നിന്നെത്തഴുകി മായവേ
മിഴിയിൽ നോവിന്റെയെരിവു വറ്റാത്ത
ചുഴിയിൽ വിങ്ങിടുമൊരു നീർത്തുള്ളി ഞാൻ.

**പ്രിയ വായനക്കാർക്ക്
ഏക തത്ത്വ കുടുംബാംഗങ്ങളുടെ
ക്രിസ്തുമസ്
പുതുവത്സരാശംസകൾ**



സുഗുണ സന്തോഷ്
9843320445

# പ്രതീക്ഷ

**തോ**ഴി, നീ എവിടെയാണ് ? ഈ ഭൂമിയുടെ ഏത് കോണിലാണെങ്കിലും വരിക. ചിതലരിച്ച സ്വപ്നങ്ങൾക്ക് ഒരു തവണ കൂടി ജീവൻ പകരാൻ...

ഒരിക്കൽകൂടിയാ ആറ്റിറമ്പിൽ അമ്മ കാണാതെടുത്ത വെള്ളത്തോർത്ത് ആഴങ്ങളിലേക്ക് വീശി പുഴമീൻ കോരണം. എന്നിട്ട് എത്ര വലുതാണെന്ന് പറഞ്ഞ് ഉല്ലസിക്കണം, അവയെ കുഴി പറിച്ച് അതിലിട്ട് വെള്ളം തേവി ഒഴിക്കണം. കുഞ്ഞു മത്സ്യങ്ങൾ ചാടി പോവാതെ നീ അവക്ക് കൂട്ടിരിക്കണം. പരന്നു കിടക്കുന്ന ആ മണൽ പരപ്പിൽ കൊച്ചു കുടിലൊന്നുണ്ടാക്കണം, വെള്ളം തേവി ആർത്തു രസിക്കണം.

പുഴയോരത്തെ പവിഴമണികൾ പോലുള്ള ഞാവലിറുക്കണം, ഞാവൽ പഴം തിന്ന് നാവു കറുത്ത നിന്നെ കളിയാക്കി ചിരിക്കണം. പിന്നെ, പതിയെ നടന്നുനീങ്ങുമ്പോൾ നനവാർന്ന മണൽ വിരിപ്പിൽ ഒരുമിച്ച് കാൽപ്പാടുകൾ പതിയ്ക്കണം. കണ്ണ് കൂർപ്പിച്ച് കൈകളാൽ പരതി കാക്കപ്പൊൻ തിരയണം. പോരുന്ന വഴികളിലെല്ലാം അപ്പൂപ്പന്താടിയെ വാനോളം ഊതി പറത്തണം. തൊട്ടാവാടിയെ നോവാതെ തൊട്ട്, അത് കുണുങ്ങുമ്പോൾ വിസ്മയത്തോടെ നിന്റെ മുഖത്തേയ്ക്കൊന്ന് നോക്കണം.

മേലേ പറക്കുന്ന വിമാനപ്പറവയ്ക്കൊപ്പം നിന്റെ കൈപിടിച്ചോടണം. മുത്തശ്ശിയാലിൻ ചുവട്ടിലെ യക്ഷിക്കഥ പറഞ്ഞ് നിന്നെ ഭയപ്പെടുത്തണം. നുണക്കഥ കേട്ട് ഭയന്ന നിന്നെ ആശ്വസിപ്പിക്കണം. വഴിവക്കിലെ കുഴിയാനയെ പിടിച്ച് തീപ്പെട്ടിക്കൂട്ടിലാക്കണം. പൂമുഖത്തെ തുടുത്ത കോലായിലിരുന്ന് കൊത്തങ്കല്ലാടണം.

അമ്പലത്തിലെ ഏറു തേങ്ങക്ക് നിന്നോട് മത്സരിച്ച് ജയിക്കണം. പിന്നെ, അത് നിന്നെ ഏൽപ്പിച്ച് നിന്റെ മുഖത്ത് വിരിയുന്ന താമര കാണണം. നടന്നു തളരുമ്പോൾ കൈയിൽ കരുതിയ വറുത്ത പുളിങ്കുരുമണികൾ നിനക്കായ് കാഴ്ച്ചവെക്കണം. കോലോത്തെ മുത്തശ്ശിക്കൊപ്പമിരുന്ന് പഴങ്കഥകൾ കേൾക്കണം. ആ കഥകളിൽ അതിർവരമ്പുകളില്ലാതെ ഏറെ നേരം ജീവിക്കണം. ഒരി

ക്കൽ കൂടി നമുക്കാ തേൻമാവിൻ ചുവട്ടിൽ മണ്ണപ്പമുണ്ടാക്കണം. നീ ശഠിക്കുമ്പോൾ അമ്മ കാണാതെ ചക്കരയൂറും മാങ്കനിക്ക് കല്ലുകളെറിയണം. അരി വറുത്തത് തിന്നാതെ ആരോരുമറിയാതെ നിനക്കായ് കടലാസുപൊതിയിൽ കാത്തുവെക്കണം. സന്ധ്യാ ദീപത്തിന്റെ വെളിച്ചത്തിൽ പുഞ്ചിരിക്കുന്ന നിന്റെ മുഖം തെളിഞ്ഞ് കാണണം. പാഠപുസ്തകങ്ങളിൽ നമ്മൾ സൂക്ഷിച്ച മയിൽപീലി വാനം കാണാതെ തുറന്നുനോക്കണം. ഉറക്കം നടിച്ച് രാത്രിയുടെ യാമങ്ങളിൽ നാളെയുടെ സ്വപ്നങ്ങൾ മെനയണം. പിന്നെ, പുലരിയ്ക്കായ് കാതോർത്ത് പതിയെ ഇമകൾ കൂപ്പണം.

സ്വപ്നങ്ങളിൽ നിന്നോടൊപ്പം അരുവികളും, കുന്നിൻ ചെരുവുകളും, താഴ്‌വാരങ്ങളും താണ്ടണം. പൂവാകമരച്ചോട്ടിൽ തുടുത്ത പൂമെത്ത നോക്കി നീ അമ്പരപ്പോടെ നിൽക്കുന്നത് കാണണം. നിന്റെ നിഴൽ പറ്റി തിരികെ നടക്കണം. സ്വപ്നങ്ങളുടെ നീണ്ട നിരകൾക്ക് വിരാമമിട്ട് സൂര്യനുണരുമ്പോൾ കൂടെ ഉണരണം, ഒരിക്കൽ കൂടി ആ പുഴയുടെ തീരങ്ങൾ കീഴടക്കാൻ... നിന്റെ പുസ്തക സഞ്ചി ചുമന്ന്, നിന്റെ കൈ പിടിച്ച് നാട്ടുവഴികളിലൂടെ മഷിത്തണ്ട് നുള്ളി അറിവിന്റെ തിരുമുറ്റത്തേക്ക് നടക്കാൻ...

അർബുദം എന്നെയും ഈ ലോകത്തേയും കാർ ന്നുതിന്നുന്നു. എനിക്കുള്ള നാഴികകൾ കുറിച്ചു കഴിഞ്ഞിരിക്കുന്നു. നെല്ലിക്കയുണ്ടു വെള്ളം കുടിച്ച ബാല്യം ഇന്ന് ഏറെ പരിഹാസ്യമാണ്. അതിന്റെ മധുരം നുകർന്നവർ നീയും ഞാനും. നീരു പോലും നിരാകരിച്ച് എന്റെ കണ്ഠം എനിക്കെതിരെ സമരം ചെയ്യുന്നു. എങ്കിലും നീ വരിക, മനസ്സിലൊരു നാക്കിലയിട്ട് ഇരുവർക്കും കൂടി ഒരിക്കൽ കൂടി ഒരു പൊന്നോണ സദ്യ ഉണ്ണണം. ബാല്യം കൈകോർത്ത ആ നാളുകളുടെ നിറവിൽ എനിക്ക് മടങ്ങണം. നന്മ നശിച്ച ഈ ലോകത്ത് നിന്റെ വിളിക്ക് വേണ്ടി മാത്രമാണ് ഞാൻ കാതോർക്കുന്നത്. ഒരുപിടി മുത്തുകൾ കലപില കൂട്ടുന്ന നിന്റെ കൊലുസിന്റെ താളം മാത്രമാണിനിയെന്റെ പ്രതീക്ഷ...

●



# മാറ്റങ്ങൾ വരും



**എടത്തറ ജയൻ**
**9446033861**

ബൗദ്ധത്വം വന്നതോടെ ഇന്ത്യയും സ്വതന്ത്രമായ്
പിന്നെയോ വന്നവരോ ഇന്ത്യയെ ബന്ധിയാക്കി.
വന്നോരോരോ മതങ്ങളാൽ മാനുവർ തടവിലായ്
ശക്തി ദുർഗ്ഗങ്ങളാക്കാൻ വൈരാഗ്യം വളർത്തുന്നു.

സമ്പത്ത് ശേഖരിച്ച് ശക്തരായ് മരുവുന്നു
സമ്പന്നർ സൗഖ്യമായിട്ടെക്കാലം ജീവിയ്ക്കുന്നു
ദൈവത്തിൻ പേരിലല്ലോ ജാതികൾ തിരിച്ചവർ
മർത്ത്യനെ തീണ്ടാപ്പാടങ്ങകലെ മാറ്റിയതും

തീണ്ടലാൽ, മോചനത്തിൻ കൊതിയാൽ മതം മാറി
സംഘമായ് തീർന്നവരോ വീണ്ടുമേ വലയമായ്
വലയിൽ കുടുങ്ങിയ മത്സ്യമെന്ന കണക്കേ
വലയുന്നല്ലോ നരർ സ്വാതന്ത്ര്യമില്ലാതേയും.

വേഷത്തിനില്ല തെല്ലും സ്വാതന്ത്ര്യം പലർക്കുമേ
മനുജർ തുല്യരല്ലേ ശക്തരോ ബലവാന്മാർ
ശക്തരല്ലാത്തവരെ ബലിയാടാക്കീടുമ്പോൾ
മാപ്പേകില്ലെന്നോർക്കുക മാറ്റങ്ങൾ വരുമിനി.

---

# രണ്ടു കവിതകൾ



**ജിജോ രാജകുമാരി**
**9495260652**

## പ്രണയത്തിനൊടുവിൽ

മഴഭാവങ്ങളിലായിരുന്നു
തണലിന്റെ ചുടുചുംബനങ്ങൾ
ഉടൽ കനത്ത പേമാരിയിൽ
ഓർമ്മ ജലം കടലിനെ പുണർന്നു
മൃദുവായ ചുണ്ടിണയിൽ
പനി കുളിരായിടുമ്പോൾ
കാതിൽ കൊടുങ്കാറ്റിൻ മൊഴി
'വേനലാണൊടുക്കം'.

## കിണർ

പച്ചയിതളുകളെ
വീശിയെടുത്തോണ്ടുപോയ കാറ്റിൽ
ജലകണങ്ങളും പറന്നുപറന്ന് പോയ്
വേനലിൽ കിണറിനെ
മോഹിച്ച ഞാനിന്ന്
നല്ല പാതിയുടെ കണ്ണുകളെ
പ്രണയിക്കുന്നു.
കണ്ണീർ തോരാത്ത മിഴികൾ പോലെ
വറ്റാത്ത ഒരു കിണറിനേയും.



■ കവിത

ആർ. കെ. വള്ളിച്ചിറ
9496161911

# പ്രണയം

പാരിൽപരിശുദ്ധ പ്രേമമെന്നും
പാലൊളി തൂകുമീ ജീവിതത്തിൽ
പണവും പ്രതാപവുമൊന്നുപോലും
പ്രതിബന്ധമാകാ പ്രണയബന്ധേ.
'നീനു' കെവിനുമായൊന്നു ചേരാൻ
മനസ്സാ കൊതിച്ചു വിവാഹിതരായ്
കനവുകൾ കണ്ടു കഴിഞ്ഞിടുമ്പോൾ
കെവിനെ കൊല ചെയ്തു ദാരുണമായ്
സ്നേഹിച്ചുപോയൊരു തെറ്റിനായി
ക്രൂശിച്ചുവല്ലൊ പൈശാചികമായ്
മോഹിച്ചൊരു നല്ല ബന്ധമാവാൻ
ദാഹിച്ചു തമ്മിൽക്കഴിഞ്ഞിടാനായ്.
രക്ഷയും ശിക്ഷയുമേകിടേണ്ടോൻ
അക്ഷയനായിടുമീശ്വരൻ താൻ
പക്ഷപാതങ്ങളവനിലില്ല
ഇക്ഷിതി തന്നിൽ നാമൊന്നുപോലെ
നരജന്മമാണവർക്കിന്നിവിടെ
പുരുഷനും സ്ത്രീയുമായ് രണ്ടുജാതി
ഇരുവരും തമ്മിലടുത്തുകൂടി
കരളുപകുത്താലിങ്ങാർക്കുചേതം?
ഹൃദയം പകുത്തു കൊടുത്തിടുവോർ
സദയമതു പൂർണ്ണമാക്കിടേണം
കദനഭാരങ്ങൾ പകുത്തു നിങ്ങൾ
ഹൃദയം നിറഞ്ഞു ചിരിച്ചിടേണം.
കരുണാമയനാകുമീശ്വരന്റെ
അരുമ സന്താനങ്ങളൊത്തുചേർന്നാൽ
പരമമാം സൗഖ്യം ലഭിച്ചിടുന്നു
കരുതൂ പ്രണയം പ്രകൃതിസിദ്ധം.
ധനപരമല്ല പ്രണയബന്ധം
മതപരമല്ലയീ സ്നേഹബന്ധം
ജാതി മതങ്ങൾക്കതീതമായി
ഓതുക നാമിവർക്കൈക്യദാർഢ്യം
സ്നേഹിച്ചുപോയാൽ പിരിഞ്ഞിടാതെ
മോഹത്തിനൊത്ത് കഴിഞ്ഞിടേണം
ഇഹലോകവാസം സുഖപ്രദമായ്
ദാഹങ്ങൾ തീർത്ത് കഴിഞ്ഞിടേണം
സ്നേഹം ജയിക്കട്ടെയീയുലകിൽ
മോഹം വളരട്ടെ മർത്ത്യരിലായ്
കാഹളമൂതട്ടെ മന്നിലിന്നീ-
സ്നേഹബന്ധങ്ങൾ ദൃഢപ്പെടട്ടെ !

## തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

# കാലത്തിന്റെ കോലം

**നാ**ണിക്കുട്ടിയും നാരായണിക്കുട്ടിയും ഒരേ നാട്ടുകാർ, സമപ്രായക്കാർ, അടുത്ത കൂട്ടുകാർ, രണ്ടുപേരും അവിവാഹിതർ. പൂരവും വേലയും കണ്ടും ഓണവും വിഷുവും തിരുവാതിരയുമാഘോഷിച്ചും അതിപുലർച്ചെ അര കിലോമീറ്റർ അകലെയുള്ള അമ്പലക്കുളത്തിൽ പോയി കുളിച്ചും നാട്ടിലെ തേവരെ തൊഴുതും മാറുന്ന സിനിമകൾ എല്ലാം അടുത്തുള്ള ജ്ഞാനേശ്വരി എന്ന ഓലടാക്കീസിൽ നടന്നു പോയികണ്ടും ജീവിതം മുഴുവൻ സന്തോഷമാക്കിയ അവരിൽ നാണിക്കുട്ടി 1984ൽ തന്റെ എൺപത്തിനാലാം വയസ്സിൽ ഒരു ചെറിയ പനി വന്ന് മരണപ്പെട്ടു. അതോടെ മാനസികമായി തളർന്ന് ആകെ ഒറ്റപ്പെട്ടുപോയ നാരായണിക്കുട്ടി 1986ലും മരണപ്പെട്ടു.

അങ്ങനെ എൺപത്തിയാറിൽ എൺപത്തിയാറുകാരിയായ നാരായണിക്കുട്ടി എത്തിയതോടെ ആ സൗഹൃദം പരലോകത്തും തളിർത്തു പച്ചപിടിച്ചു. അവർ ചിരിച്ചും കളിച്ചും കഥ പറഞ്ഞും പാട്ടു പാടിയും ഭൂമിയിലെ കാര്യങ്ങൾ ഓർത്തുമങ്ങനെ കഴിയും. എന്തൊക്കെ പറഞ്ഞാലും നാട്ടിലെ ഉത്സവക്കാലമാകുമ്പോൾ രണ്ടുപേരും മൗനികളാകും. വീട്ടിൽ നിന്ന് സന്ധ്യക്ക് പാടം കടന്ന് ദീപാരാധന തൊഴാൻ പോയത്, അമ്പലപ്പറമ്പിൽ തന്നിഷ്ടപ്രകാരം മതിവരുവോളം കറങ്ങിനടന്നത, രാത്രി ഏറെ വൈകി വീട്ടിലേക്ക് ചൂട്ടു വെളിച്ചത്തിൽ മടങ്ങിയത്, ഒന്നുറങ്ങി വീണ്ടും വെടിക്കെട്ട് കാണാൻ പോയത്, ഒക്കെ ഓരോന്നായി ഓർമ്മവരും. ഒന്നുറങ്ങി വീണ്ടും വെടിക്കെട്ട് കാണാൻ പോയത്. ഒക്കെ ഓരോന്നോരോന്നായി ഓർമ്മവരും. ആ നല്ല കാലത്തെത്താൻ മനസ്സ് തുടിക്കും. പക്ഷേ ഈയടുത്തകാലത്ത് അവർക്കങ്ങനെയൊന്നും തോന്നുന്നില്ല. ഇക്കഴിഞ്ഞ നാട്ടിലെ ഉത്സവസമയത്ത് വായിച്ചിരുന്ന പത്രം മടക്കിവെച്ച് നാണിക്കുട്ടി നാരായണിക്കുട്ടിയോട് പറഞ്ഞു.

"എടീ നാരായണീ ഉത്സവം കാണാനും അതിലൂടെ തെണ്ടി നടക്കാനും ഒക്കെ നല്ല പൂതിയുണ്ട്, മോഹമുണ്ട്. പക്ഷേ പഴയ കാലമൊന്നുമല്ല. തള്ളമാരാണ് എന്നൊന്നും പറഞ്ഞിട്ടൊന്നും ഒരു കാര്യവുമില്ല."

"ഒന്നും പറയണ്ട ന്റെ നാണ്യേ... ആ കാലത്താണ്ടാണ് നമ്മളൊക്കെ ഇഷ്ടംപോലെ തെണ്ടിനടന്നു. ഉത്സവം കണ്ടു, സിനിമ കണ്ടു. നമ്മടെ നാടല്ലേ എന്താ പേടിക്കാൻ എന്നല്ലേ നമ്മടെ ചിന്ത. എന്തായാലും തടി കീറിപറിക്കാനും പിന്നെയത് കീറിമുറിച്ച് തുന്നിക്കൂട്ടാനുമൊക്കെ ഇടവരാതെ ആ നരകത്തീന്ന് രക്ഷപ്പെട്ടു. ഇന്നാണെങ്കിൽ ആലോചിച്ചൂട." സങ്കടത്തോടെ മറുപടി പറഞ്ഞ് നാരായണിക്കുട്ടി പത്രം എടുത്ത് ദുരേക്ക് വലിച്ചെറിഞ്ഞു.

■ കഥ

## വിധി നിർണ്ണയം

മുത്തച്ഛന്റെ പേരിൽ മുത്തശ്ശി ഏർപ്പെടുത്തിയ അവാർഡ് നൽകാൻ മൂന്ന് പേര് അടങ്ങുന്ന ജൂറി രണ്ട് ദിവസം ചേർന്ന് വിശദമായ ചർച്ച നടത്തി. കൃത്യമായ നിരീക്ഷണങ്ങൾ, വിശകലനങ്ങൾ, വിലയിരുത്തലുകൾ, പഠനങ്ങൾ, അഭിപ്രായ വ്യത്യാസങ്ങൾ തീർത്ത ചെറിയ വാഗ്വാദങ്ങൾ. ഒടുവിൽ രാത്രി പത്തരമണിക്കാണ് ചെറിയച്ഛന് പുരസ്കാരം പ്രഖ്യാപിച്ചത്. "അങ്ങനെയായാലും യാതൊരു ബാഹ്യഇടപെടലുകൾക്കും നമ്മൾ വശംവദരായില്ല എന്നതിൽ നമുക്ക് അഭിമാനിക്കാം അല്ലേ." ജൂറി ചെയർമാൻ കൂടിയായ അച്ഛന്റെ ചോദ്യത്തിന് ജൂറിയിലെ അംഗമായ അമ്മാവൻ നൽകിയ മറുപടി ഇങ്ങനെ.

"പിന്നല്ലാതെ പ്രത്യേകിച്ച് അവാർഡുകളൊക്കെ ഇഷ്ടക്കാർക്കും സ്വന്തക്കാർക്കും നൽകുന്നു എന്ന് വ്യാപകമായി ആക്ഷേപമുയരുന്ന ഇക്കാലത്ത് നമ്മൾ നൽകുന്ന പുരസ്കാരത്തിന്റെ മൂല്യം ഒന്നു വേറെതന്നെയല്ലേ." ജൂറിയിലെ വനിതാ അംഗം ആയ അച്ഛൻ പെങ്ങൾ പ്രതികരിച്ചതിങ്ങനെ. "അവാർഡുകളെ പറ്റിയുള്ള ഈ പൊതു ആക്ഷേപത്തിൽ കുറച്ചൊക്കെ കഴമ്പുണ്ടെന്നേ. പല അവാർഡും തട്ടിപ്പാ. നമ്മളെപ്പോലെ ഇത്ര സുതാര്യമായൊന്നും നടപടികൾ നീങ്ങില്ലെന്നേ." •

# തിരിച്ചറിവ്

**ദേവിക ദാസ്**
XI, L. S. N. G. H. S. S
Ottappalam, Palakkad.

എന്തിനായ് സോദരീ നീ എന്നെയീ
ദുഃഖത്തിലാഴ്ത്തുവാനായ് വന്നു.
ചുവടെവിടെ പിഴച്ചുവെന്നെനിക്കറിവീല
നിന്നെ ഓരോ നാൾ കൊല്ലുമ്പോഴും
ഞാനറിഞ്ഞീല മഴയെന്നൊരു ജ്യേഷ്ഠൻ
നിനക്കുണ്ടെന്ന സത്യം.
പൊറുക്കൂ സോദരീ ഈ പാപിയായ മർത്ത്യനോട്
എന്റെ തകർച്ചയിൽ നിന്റെ ഉയർച്ചയെ ഞാൻ
മറന്നിടും നേരം എന്റെ തകർച്ച നീ
ഘോഷിച്ചതും ഞാൻ ഓർത്തീടുന്നു.
നിന്റെ ക്രോധമാം അഗ്നിയിൽ വെന്തിതാ
ആയിരങ്ങൾ ഇന്നിവിടെ പട്ടിണിയായ്
മറക്കുക പൊറുക്കുക മർത്ത്യന്റെ
ബുദ്ധിശൂന്യതയെ നീ പുറന്തള്ളുക... വീണ്ടും
മർത്ത്യന്റെ ചെയ്തികൾക്ക് മാപ്പെന്നൊരു
വാക്കു മാത്രം.

■ കവിത

# അദൃശ്യസാമീപ്യം



**വാസന്തി മോഹൻ**
**9142223960**

അടുത്തില്ലെങ്കിലും എവിടിരിക്കിലും
അദൃശ്യയായ് നീയെന്നരികത്തുണ്ടല്ലോ
മനം കൊതിക്കുമ്പോളൊരുവിളിയായി
ഹൃദയം വിങ്ങുമ്പോളൊരു സാന്ത്വനമായ്
മിഴിനിറയുമ്പോൾ കരാംഗുലിയായി
അവതരിക്കും നീ പലഭാവങ്ങളിൽ
അനാരോഗ്യങ്ങളെ അവഗണിക്കുകിൽ
അരുതെന്നു ചൊല്ലി ഗുണദോഷിക്കും നീ
അണിഞ്ഞ വസ്ത്രത്തിൽ ചളി പുരളുകിൽ
അകലെത്തെന്നാലും പരിഭവിക്കും നീ
പ്രിയമുള്ളതെല്ലാം അറിയുന്നോൾ നിന്റെ
വിരൽ ഞൊടിയിലും പ്രണയത്തിൻ ഭാവം
മുഖം വാടിടുകിൽ പരിഭ്രമിക്കും നീ
മുറുമുറുക്കുകിൽ ക്ഷമിക്കും മൗനമായ്
സ്നേഹത്തിൻ സാന്നിദ്ധ്യം വാക്കിലും നോക്കിലും
സനാഥയെന്നു ബോദ്ധ്യപ്പെടുത്താൻ വെമ്പുന്നോ?
അച്ഛനമ്മമാരെ അറിയാൻ തണലാകാൻ
അനിവാര്യമത്രേ മകളേ നിൻ ജന്മം.
ദിനം തോറുമുള്ള വിളിയും ചൊല്ലലും
ദിനചര്യയുടെ ഭാഗമാക്കിയിരിപ്പു നീ
തിരക്കേറീടിലും അരമാത്രയെങ്കിലും
കരുതിവെക്കും നീ അവർക്കായി മാത്രം.
അവശരായ് വാർദ്ധക്യം പിടിമുറുക്കവേ
അവർക്കുനിൻ സാമീപ്യം സുകൃതമാകുന്നു.
വിപരീതം ചെയ്യും മകളുമുണ്ടാകാം
വളരെ നന്നായ് രക്ഷിക്കും മകനുമുണ്ടാകാം
കരുണയോടുള്ള കരുതലും സ്നേഹവും
കരുതിവെയ്ക്കുന്നോർ യഥാർത്ഥത്തിൽ മക്കൾ

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

മുരളി സാറേ,

ഏക തത്ത്വ ഓരോ ലക്കം ചെല്ലുന്തോറും കലക്കുന്നുണ്ട് കേട്ടോ. ഒക്ടോബർ ലക്കത്തിൽ ശ്രീ. ടി. വി. നാരായണൻ കുട്ടി സാർ എഴുതിയ അനുലോമ പ്രതിലോമ സമം (Palindrome) വളരെ നന്നായിരുന്നു. ആരും പറയാത്ത വിഷയം. ഇടത്തോട്ടും വലത്തോട്ടും വായിക്കാവുന്ന ചില സ്ത്രീ നാമങ്ങളെ അദ്ദേഹം സൗകര്യപൂർവ്വം മറന്നുപോയെന്നു തോന്നുന്നു. അവരോട് വല്ല വിരോധവുമുണ്ടായിട്ടാണോ ? ജലജ, ഷജിഷ, നയന, മഹിമ, മഞ്ചിമ, കനക, കന്യക എന്നിവയാണവ. കൂടാതെ കമ്മുക, കത്തുക, കത്രിക തുടങ്ങി ഒട്ടേറെ ത്രയാക്ഷരപദങ്ങൾ ഇനിയുമുണ്ട്.

തുളസി കേരളശ്ശേരി എഴുതിയ 'ഇരുണ്ട അസ്തമയങ്ങൾ' എന്ന കഥ ആനുകാലിക പ്രസക്തിയുള്ള ഒരു വിഷയത്തെ വളരെ കൈയടക്കത്തോടെ ഹൃദ്യമായി ആവിഷ്ക്കരിച്ചിരിക്കുന്നു. കഥ പറച്ചിലിന്റെ രീതിയിൽ വൈവിധ്യം പുലർത്തുന്നതാണ് അവരുടെ എല്ലാ രചനകളും എന്ന് നിസ്സംശയം പറയാം.

പി. സുശീലാദേവിയുടെ 'ചൂത്' എന്ന ലേഖനം പുതിയ കാലഘട്ടത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന ഒരു സാമൂഹിക വിപത്തിനെ തുറന്നുകാട്ടുന്നതാണ്. എങ്ങനേയും പണമുണ്ടാക്കാൻ വേണ്ടി മനുഷ്യൻ കാണിക്കുന്ന പരാക്രമങ്ങളിലെ അധാർമ്മികതയേയും മൂല്യച്യുതിയേയും വെളിച്ചത്തുകൊണ്ടുവരുന്നതായിരുന്നു ആ ലേഖനം.

ഇരുപത്തിയൊന്നാം പേജിൽ ജോൺസൺ റോച്ച് എഴുതിയ 'ഇവർക്ക് വിവാഹജീവിതം അനുവദിച്ചുകൊടുക്കുകയാണ് വേണ്ടത്' എന്ന ലേഖനം മെയ് 2017 ലക്കം ആറിലെ ഏക തത്ത്വയുടെ പതിനാലാം പേജിൽ 'ഇതിനൊരു പരിഹാരം ദാമ്പത്യജീവിതം അനുവദിച്ചുകൊടുക്കലാണ്' എന്ന ലേഖനം തന്നെയല്ലേ ? ആവർത്തനവിരസത ഒഴിവാക്കാൻ ശ്രദ്ധിക്കുമല്ലോ.

എല്ലാം കൊണ്ടും നല്ല നിലയിൽ മുന്നേറുന്ന ഏക തത്ത്വയ്ക്കും മുരളി സാറിനും ഭാവുകങ്ങൾ നേർന്നുകൊണ്ട്,

അശോപ്പി ചേർത്തല
9388909583

---

മാന്യപത്രാധിപ സുഹൃത്തേ,

അയച്ച ഒക്ടോബർ ലക്കം കൈപ്പറ്റി. അതിലെ മുഖലേഖനം 'മഹാത്മാഗാന്ധിയെ ഇനിയും മനസ്സിലാക്കാത്ത നമ്മൾ' എന്നത് ഗാന്ധിജയന്തി മാസത്തിൽ ചേർത്തത് ഉചിതമായി. എന്റേതായ ആ ലേഖനത്തിന് ഔചിത്യം നൽകിയതിന് സുഹൃത്തായ പത്രാധിപരേ അഭിനന്ദിക്കുന്നു. 'എനിക്ക് പറയാനുള്ളത് - അടികിട്ടുംവരെ പലരും ചിന്തിക്കാറില്ല' എന്നതിലെ കാതലായ സത്ത കുടികൊള്ളുന്നത് കാണാത്ത ദൈവത്തിനുവേണ്ടി ദൈവം പറഞ്ഞ പ്രകാരത്തിലാകാതെ, മനുഷ്യനിർമ്മിതമായ ആചാരാനുഷ്ഠാനങ്ങൾ ചെയ്യുവാൻ പാഴാക്കുന്ന സമയവും പണവും പ്രയത്നവും പരിശ്രമവുമൊക്കെ വേദനിക്കുന്ന, കഷ്ടപ്പെടുന്നവർക്ക് വേണ്ടി ചിലവഴിച്ചാൽ അതായിരിക്കും യഥാർത്ഥ ദൈവപ്രീതിയെന്നതിനോട് യോജിക്കുന്നു.

എ. കെ. എ. റഹ്മാൻ
ചീഫ് എഡിറ്റർ,
ദേശീയോദ്ഗ്രഥനം
മാസിക.8075333748

---

ഏക തത്ത്വയുടെ ഒക്ടോബർ ലക്കം കൈപ്പറ്റി. പ്രളയദുരന്തം ഒട്ടനവധി പേരുടെ ജീവൻ കവർന്നത് നാം ഭീതിയോടെ കണ്ടു. വീടുകൾ, വീട്ടുപകരണങ്ങൾ, എല്ലാം നഷ്ടമായവരുടെ വേദന നമുക്ക് മനസ്സിലാവും. എത്രയോ സൽക്കർമ്മികൾ രക്ഷകരായെത്തിയത് നന്മയുടെ കെട്ടുറപ്പാണ്. ഏത് ദുരന്തവും തന്റെ സ്വന്തം നേട്ടത്തിന് വഴിയാക്കുന്ന ചില സാമൂഹ്യ കപടന്മാരുണ്ട്. അവരുടെ മുഖമൂടികൾ പിച്ചിച്ചീന്തുന്ന എഡിറ്ററുടെ പേന മറ്റൊരു നന്മയാണ്.

ഏക തത്ത്വയിലെ സ്ഥിരം രചയിതാവ് കൂടിയായ സുരേഷ് കുമാറിന് അഭിനന്ദനങ്ങൾ. ഒപ്പം ഇതേ ഊർജ്ജത്തോടെ എഴുത്ത് തുടരട്ടെ എന്നാശംസിക്കുന്നു. രചനകളെല്ലാം മികവ് പുലർത്തുന്നു. 'വിധി' ലേഖനം പ്രത്യേകിച്ച് എടുത്ത് പറയേണ്ടതായി തോന്നി.

കമർ അഷ്ക്കർ
8891551508

---

ഏക തത്ത്വ ഒക്ടോബർ ലക്കം.

മാസിക തുറന്നപ്പോൾ തെക്കീട്ടിലിന് നാഷണൽ റെക്കോർഡ് കിട്ടിയ ഫോട്ടോ, കൂടെ വിവരണവും. പാലൂർ എന്ന അദ്ദേഹത്തിന്റെ ജന്മനാട്ടിൽ നൽകിയ ബഹുമതി എന്തുകൊണ്ടും അഭിമാനകരം തന്നെ. ശ്രീ. സുരേഷ് തെക്കീട്ടിലിന്റെ ജന്മനാടായ പാലൂരിനോട് വല്ലാത്ത ഒരാത്മബന്ധം എനിക്കുമുണ്ട്. മലപ്പുറം ജില്ലയിൽ ആദ്യം ഞാൻ അദ്ധ്യാപനം നിർവ്വഹിച്ച പുലാമന്തോൾ ഗവ. ഹയർ സെക്കന്ററി സ്കൂൾ പാലൂരാണ് സ്ഥിതി ചെയ്യുന്നത്. പത്തു വർഷത്തോളം ഒരദ്ധ്യാപകനെന്ന നിലയിൽ ഞാൻ ജോലി ചെയ്ത സ്ഥലം. മറ്റൊന്ന് എന്റെ സഹപ്രവർത്തകനായിരുന്ന വേണു പാലൂർ മാഷ് വേദിയിൽ അദ്ധ്യക്ഷൻ. നന്നായി. മഹാരഥന്മാർ അനുഗ്രഹം ചൊരിഞ്ഞ നല്ലൊരു പരിപാടി. ആശംസകൾ. എന്നത്തേയും പോലെ ഇക്കുറിയും എഡിറ്റോറിയൽ ഗംഭീരം. കഥകൾ, കവിതകൾ, ലേഖനങ്ങൾ എല്ലാം ഉന്നതനിലവാരം പുലർത്തുന്ന, സാഹിത്യം പഠിക്കേണ്ടവർക്ക് പഠിക്കാൻ കഴിയുന്ന ഒന്നുകൂടിയാണ് ഏക തത്ത്വ. മലയാളത്തിലെ മികച്ച പ്രസിദ്ധീകരണങ്ങളിൽ ഒന്ന്. കഥ, കവിത, ലേഖനം ഓരോന്നും വ്യത്യസ്തം. ഉത്തരോത്തരം ഉയരട്ടെ... നന്മകൾ നേർന്നുകൊണ്ട്...

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387

**കത്തുകളയക്കേണ്ട വിലാസം :**
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

# കത്തുകൾ

പ്രിയപ്പെട്ട എഡിറ്റർ,

ഏക തത്ത്വ മാസിക കുറച്ച് മാസങ്ങളേ ആയുള്ളു അയച്ചുകിട്ടിയിട്ടും വായിച്ചുതുടങ്ങിയിട്ടും. ഇതുപോലെയുള്ള ഒട്ടേറെ സാഹിത്യ സാംസ്കാരിക പ്രസിദ്ധീകരണങ്ങൾ മലയാളത്തിലുണ്ടെങ്കിലും 'ഏക തത്ത്വ' അതിൽ നിന്നൊക്കെ വേറിട്ടു നിൽക്കുന്നു. സമൂഹത്തിൽ നന്മയും ഏകതയും സാഹോദര്യവും പുലരാൻ പ്രേരകമായ സന്ദേശം പകരാൻ സഹായിക്കുന്നതാണ് ഓരോ രചനയും. 'എനിക്ക് പറയാനുള്ളത്' എന്ന പത്രാധിപ പംക്തി മനസ്സിരുത്തി വായിക്കാനും അനുധാവനം ചെയ്യാനും പ്രേരകമായ ആശയ ഗരിമകൊണ്ട് അതിസമ്പന്നമാണ്. ഹൃദ്യം, ലളിതം. സമ്പന്നം എന്ന് ഈ പംക്തിയെ വിശേഷിപ്പിക്കട്ടെ. ഇതിൽ വരുന്ന ലേഖനങ്ങൾ ചേർത്ത് പുസ്തകമായി പുറത്തിറക്കുന്നത് ഏറെ നന്നായിരിക്കും. ഒരുമിച്ചു വായിക്കാനും നഷ്ടപ്പെടാതെ സൂക്ഷിക്കാനും പുസ്തകമാകുമ്പോൾ കഴിയുകയും ചെയ്യും.

എഴുത്തുകാരുടെ ഫോൺ നമ്പരുകൾ നൽകുന്നത് ഉചിതമാകുന്നു. രചനകളെക്കുറിച്ച് ആശയവിനിമയം നടത്താൻ ഇത് സഹായിക്കും. 42 പേജുകളിൽ എത്രയോ രചയിതാക്കൾക്കാണ് മാസിക ഇടം നൽകുന്നത്. വൈവിദ്ധ്യമുള്ള രചനകൾ. ഒരു വിഷയവും അന്യമാകുന്നില്ല. സിനിമ, നാടക ചിത്രകലാ ലോകം, കുറേക്കൂടി അനുഭവക്കുറിപ്പുകൾ എന്നിവയും ആകാവുന്നതാണ് എന്നു തോന്നി. എല്ലാ നന്മയും നേരുന്നു. നന്മയുടെ ഏകതയുടെ മാർഗ്ഗത്തിലൂടെ മുന്നേറാൻ കഴിയട്ടെ.

സസ്നേഹം
രാജേന്ദ്രൻ വയല
വയല, പത്തനംതിട്ട.
9446377201

2018 ഒക്ടോബർ മാസത്തെ ഏക തത്ത്വയിൽ ടി. വി. നാരായണൻ കുട്ടി എഴുതിയ ലേഖനം നന്നായിരുന്നു. അതിനൊരനുബന്ധമാണീ കുറിപ്പ്. പാലിൻഡ്രോമിലെ ഇംഗ്ലീഷ് വാചകങ്ങളിൽ ഏറെ പ്രസിദ്ധമാണ് നെപ്പോളിയൻ ചക്രവർത്തി പറഞ്ഞ ഈ വാക്യം. 'ABLE WAS I ERE I SAW ELBA'. യുദ്ധാനന്തരം 'എൽബ' ദ്വീപിലേക്ക് നാടുകടത്തപ്പെട്ടപ്പോഴുള്ള അദ്ദേഹത്തിന്റെ പ്രതികരണം.

മലയാളം വാക്കുകളുടെ കൂട്ടത്തിൽ, കന്യക, കത്രിക, നയന, നന്ദന, മഹിമ, സരസ, കല്പക, കനക, ജലജ എന്നിവ നിത്യപ്രചാരത്തിലുള്ളവയാണ്.

വിജയൻ കല്ലട
9605407260

നവംബർ ലക്കം നന്നായി

ഏക തത്ത്വ നവംബർ ലക്കം കിട്ടി. മുരളി സാറിന്റെ 'എനിക്ക് പറയാനുള്ളത് - കാര്യമാത്ര പ്രസക്തം. ആനുകാലിക സംഭവങ്ങളെ ഇത്ര ആഴത്തിൽ പ്രതിപാദിക്കുവാനാവുന്നത് നന്മതന്നെ. ആശംസകൾ. ധാരാളം ലേഖനങ്ങൾ, കവിതകൾ, കഥകൾ. ലേഖനങ്ങളിൽ അശോപ്പിയുടെ ലേഖനം കുറച്ചുകാര്യമാത്ര പ്രസക്തമായി തോന്നി. രക്ഷിതാക്കൾ പെരുവഴിയിലാകുന്നതും നട തള്ളുന്നതും ഇന്ന് പുതിയതല്ലാ സംഭവ്യം തന്നെ. പഴയ കാലഘട്ടത്തിൽ നിന്ന് രക്ഷിതാക്കൾ സ്വയം പര്യാപ്തത നേടിയപ്പോൾ അവരുടെ കുട്ടികൾ വഴിവിട്ടു സഞ്ചരിക്കുകയാണ്. അച്ഛനോടോ, അമ്മയോടോ ഇന്നത്തെ തലമുറക്ക് യാതൊരു ബന്ധവും ഇല്ല. സ്വന്തം കാര്യം മാത്രം എന്ന് ചിന്തിക്കുന്നത് ഓമനിച്ചുവളർത്തുന്ന കുട്ടികൾ, ഇന്ന് കാണിച്ചുകൂട്ടുന്ന ചില പ്രവൃത്തികൾ നമുക്ക് ന്യായീകരണമുള്ളവയല്ല. പണം വേണം, അടിച്ചുപൊളിക്കണം. അപ്പോഴാണ് വൃദ്ധസദനങ്ങൾ പെരുകുന്നത് - അശോപ്പി ചൂണ്ടിക്കാണിച്ചത്.

കഥകളിൽ രണ്ടുകഥകൾ എടുത്തുപറയണം. 1) ഇ. ടി. സാറിന്റെ പ്രകാശനച്ചടങ്ങ്. തീർച്ചയായും അത് സത്യസന്ധമാണ്. ഒരു സമിതി രൂപീകരിച്ചുകഴിഞ്ഞാൽ പിന്നെ അവാർഡു കൊടുക്കണം. അതിന്റെ പിന്നിലെ തട്ടിപ്പു ഭയങ്കരമാണ്. അവാർഡുചടങ്ങ് ഉൾപ്പടെ അവാർഡ് വാങ്ങിയ ആളിന്റെ സ്പോൺസർഷിപ്പാണ്. കഥയിൽ പറയുന്ന കാര്യങ്ങൾ സത്യം തന്നെ. രണ്ടാമത്തെ കഥ അജയ് ബാലചന്ദ്രന്റെ 'അല്ല സ്വാമി'. നല്ല ഒരു പ്രമേയം, ആനുകാലികം. അതിൽ പറയുന്ന പോലെ ഇതൊരു രസം തന്നെ. ഭക്തിയും അവിശ്വാസവും തമ്മിലുള്ള പോരാട്ടം. എല്ലാവർക്കും പ്രശസ്തി മതി. ഭക്തിയെ വിൽപ്പനക്കുവയ്ക്കുന്നു. നല്ല കഥ. ആശംസകൾ.

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര

ശ്രീ. മുരളീധരൻ,

മാറ്റങ്ങളുടെ അനിവാര്യത ഇന്ന് ഏറെ പ്രസക്തമായ ഒരു വിഷയമാണ്. കണ്ണടച്ചിരുട്ടാക്കുന്ന പ്രവണത സമൂഹത്തിൽ ഏറിവരുന്നു. തന്റെ മുഖം വികൃതമായതിനാൽ കണ്ണാടി എറിഞ്ഞുടയ്ക്കുന്നവരുടെ എണ്ണം കൂടിവരുന്നു. വിശ്വാസത്തിന്റെ പേരിലെ പേക്കൂത്തുകൾ കണ്ടില്ലെന്നു നടിക്കാനാവില്ല. രാഷ്ട്രീയ ചിലന്തികൾ വല വിരിച്ചു കാത്തിരിക്കുന്നു. സ്ത്രീകൾ, തങ്ങളെ തളച്ചിടാൻ ചങ്ങലകൾ ഭ്രാന്തന്മാരെ ഏല്പ്പിക്കുന്നത് അപഹാസ്യമാണെന്നേ പറയാനാകൂ.

ഇതിനൊക്കെ മാറ്റം വരണം. സ്വയം ഉണരാൻ കഴിയാത്തവരെ ഉണർത്താൻ അറിവുവേണം. സ്വാർത്ഥതല്പരരെ തിരിച്ചറിയാൻ കഴിയാത്തിടത്തോളം, നമ്മൾ പ്രതിമകൾ നിർമ്മിച്ച് അഹങ്കരിച്ച് വിഡ്ഢികളുടെ ലോകത്ത് വിലസിനടക്കാനിടയാകും. യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ് ഒരു പരിഷ്കൃത സമൂഹമായിത്തീരാൻ ഇനിയും നാമെത്ര ദൂരം സഞ്ചരിക്കേണ്ടിവരും ?

സസ്നേഹം
സൈനുദീൻ മുണ്ടക്കയം
9947253006

സർ,

ഏക തത്ത്വയിലൂടെ എനിയ്ക്ക് പറയാനുള്ളത് എന്ന എഡിറ്റോറിയൽ വളരെ നിലവാരം പുലർത്തുന്നുണ്ട്. എന്നാൽ എടുത്തു പറയേണ്ട ഒന്നാണ് നവംബർ ലക്കത്തിലെ എഡിറ്റോറിയൽ. ഏക തത്ത്വയിൽ എല്ലാ തത്ത്വങ്ങളും ഉൾക്കൊള്ളു

ന്നുണ്ടെന്ന് നവംബർ ലക്കം പ്രകാശിപ്പിച്ചിരിക്കുന്നു. വായനക്കാർ ഉൾക്കൊണ്ടിരുന്നെങ്കിൽ എന്ന് ആശിച്ചു പോകുന്നു. ഇ. ടി. മുരളീധരൻ സാറിന്റെ തൂലിക നിർബ്ബാധം ചലിക്കട്ടെ, ചലനങ്ങൾ സൃഷ്ടിക്കട്ടെ.

ഏപ്രിൽ ലക്കത്തിൽ പ്രസിദ്ധീകരിച്ച ഇന്ദു മാരാത്തിന്റെ, 'ദയാവധത്തിന്റെ പ്രസക്തി' എന്ന ലേഖനത്തിലേക്ക് വിരൽ ചൂണ്ടുന്നു. ആരോഗ്യമുള്ളവരാണ് ദയാവധത്തെ കുറിച്ച് ചിന്തിക്കുന്നത്. 'ഒരു വിഭിന്ന ശേഷിക്കാരനും' ആത്മഹത്യ ചെയ്യാറില്ല എന്ന വസ്തുത ലേഖികയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

എടത്തറ ജയൻ
9446033861

## മറുപടി

നവംബർ ലക്കത്തിൽ ചേർക്കാനാവാതെ പോയ കത്തുകൾ കൂടി ഈ ലക്കം ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരാളുടെ തന്നെ രണ്ട് കത്തുകൾ കണ്ടേക്കാം. അത് രണ്ട് മാസത്തെ മാസികയെക്കുറിച്ചുള്ള അഭിപ്രായങ്ങളാണ്. എല്ലാ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഞങ്ങൾ മുഖവിലയ്ക്കെടുക്കുന്നു. തുടർന്നും കത്തുകളയക്കുക.

എഡിറ്റർ

■ കവിത

# മരം

1. മരം കാണാതെ
വേരുകൾ
മണ്ണിനടിയിൽ
പിണഞ്ഞതിനാലാവണം
എല്ലാവരും കാണുന്ന
നിന്നിൽ നിന്നും
എനിക്ക് അകലാനാവാത്തത്.

2. വളരുന്തോറും
ഇറങ്ങിക്കൊണ്ടിരിക്കുന്ന
ചിലരുണ്ട്
പെൺമരങ്ങളിൽ

**നിഷ വി. എൻ**
**പയ്യനെടം**
**9544626654**

■ ദൈവനാമത്തിൽ

# വിധി ഭാഗം 3
# മഹാപ്രളയം



**മുഹമ്മദ് കനി**
**8157874953**

**നാ**മധിവസിയ്ക്കുന്ന ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച ജഗദീശ്വരൻ (അല്ലാഹു) അതിലെ എല്ലാ വസ്തുക്കളുടേയും സൃഷ്ടിപ്പിനുശേഷം ഓരോന്നിനും ഓരോ ഉത്തരവാദിത്തങ്ങളും, നിയമനിർദ്ദേശങ്ങളും നൽകി. അവയെല്ലാം തന്നെ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്തങ്ങൾ വളരെ കൃത്യതയോടേയും അനുസരണയോടേയും നിർവ്വഹിച്ചുകൊണ്ടിരിയ്ക്കുന്നു. അത് ലോകാവസാനം വരേയും അങ്ങിനെ തന്നെ തുടരുന്നതായിരിക്കും. എന്നാൽ സൃഷ്ടികളിൽ വച്ച് ഉന്നത സൃഷ്ടികളും വിശേഷബുദ്ധിയും നൽകി സൃഷ്ടിച്ച മനുഷ്യർ മാത്രം സൃഷ്ടി കർത്താവിന്റെ നിയമനിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് അഹങ്കാരികളായി ജീവിച്ചുകൊണ്ടിരിയ്ക്കുന്നു. ലോകാവസാനം വരേയ്ക്കും അത് തുടരുകതന്നെ ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. കാരണം നമ്മളിൽ നല്ല മാറ്റം വരുന്നില്ലല്ലോ.

മനുഷ്യരിലേയ്ക്ക് നിയോഗിയ്ക്കപ്പെട്ട മനുഷ്യരായ ദൈവദൂതന്മാരെല്ലാവരും തന്നെ നമ്മുടെ സൃഷ്ടികർത്താവായ ജഗദീശ്വരനെ (അല്ലാഹു) മാത്രം ധ്യാനി(ആരാധന)യ്ക്കുവാൻ ഉപദേശിക്കുകയും എല്ലാവിധ തെറ്റുകുറ്റങ്ങളിൽ നിന്നും വിരമിച്ചു കൊണ്ട് ദൈവത്തിന്റെ ഇഷ്ടക്കാരായിത്തീരുവാൻ അപേക്ഷിച്ചുകൊണ്ടും അതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടുമിരുന്നു. എന്നാൽ ധിക്കാരികളും അഹങ്കാരികളുമായ ജനങ്ങൾ അവരെ ആട്ടിയോടിയ്ക്കുകയും മോഹിക്കുകയും ചിലരെ കൊന്നുകളയുകയും ചെയ്തുവന്നു. അവരുടെ ചെയ്തികൾ കാരണം ജനങ്ങൾക്ക് അവരുടെ ജീവിതം ദുസ്സഹമായിത്തീരുകയും ഒരിയ്ക്കലും പശ്ചാത്തപിച്ചുകൊണ്ട് നന്മയിലേയ്ക്ക് വരില്ലാ എന്ന അവസ്ഥയിലെത്തുമ്പോൾ അവരെ പ്രകൃതിക്ഷോഭങ്ങളിലൂടെ നശിപ്പിയ്ക്കുകയും അവരുടെ സ്ഥാനത്ത് പുതിയ ഒരു തലമുറയെ ഉയർത്തെഴുന്നേൽപ്പിക്കുകയും ചെയ്തുവന്നതായി വേദഗ്രന്ഥങ്ങളിൽ പറഞ്ഞിരിയ്ക്കുന്നു. ദൈവത്തിന്റെ (അല്ലാഹുവിന്റെ) ആ പദ്ധതി ഇപ്പോഴും തുടർന്നുകൊണ്ടിരിയ്ക്കുന്നു എന്നു തന്നെയാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിയ്ക്കുന്ന പ്രകൃതി ദുരന്തങ്ങളിൽ നിന്നും മനസ്സിലാവുന്നത്.

കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതിക്ഷോഭങ്ങളും മുൻകൂട്ടിയറിയുവാൻ ശാസ്ത്ര സാങ്കേ

തിക വിദ്യയ്ക്ക് കഴിയുന്നുണ്ടെങ്കിലും ദുരന്തങ്ങളുടെ വ്യാപ്തി കുറയ്ക്കുവാൻ (നാശനഷ്ടം) മാത്രമേ അത് സഹായകരമാവുന്നുള്ളൂ. ഭൂമിയിലെ എല്ലാമെല്ലാം സൃഷ്ടിക്കപ്പെട്ടത് ജീവരാശിയുടെ നിലനില്പ്പിനുവേണ്ടിയാണല്ലോ. അതിൽ എല്ലാം കൊണ്ടും ശ്രേഷ്ഠൻ മനുഷ്യനുമാണ്. ആ മനുഷ്യൻ തന്റെ ഉടമസ്ഥന്റെ വാക്കുകളെ ധിക്കരിച്ചുകൊണ്ട് നാശനഷ്ടങ്ങൾ ഉണ്ടാക്കിത്തീർക്കുമ്പോൾ കാരുണ്യക്കടലായ, സ്നേഹസ്വരൂപനായ ആ ഉടമസ്ഥൻ ചെറുതായിട്ട് പ്രതികരിയ്ക്കുന്നു, പാഠങ്ങൾ നൽകുന്നു, ചിന്തിപ്പിയ്ക്കുന്നു എന്ന് കരുതുന്നതിൽ ഒരു തെറ്റും കണ്ടെത്തുവാൻ കഴിയില്ല. നാം (മനുഷ്യർ) എല്ലാവരും തന്നെ ആ സൃഷ്ടി കർത്താവിന്റെ ഇഷ്ടക്കാരായിത്തീർന്നാൽ പിന്നെ പ്രകൃതി ദുരന്തങ്ങളൊന്നുമുണ്ടാവില്ലായെന്ന് കരുതുന്നതിൽ തെറ്റുണ്ട് എന്ന് തോന്നുന്നില്ല. അങ്ങിനെ കരുതുന്നത് വിഡ്ഢിത്തമാണ് എന്ന് വിശ്വസിയ്ക്കുന്നവരും, വിശ്വസിപ്പിക്കുന്നവരും അധികരിച്ചു കൊണ്ടിരിയ്ക്കുന്ന ഇക്കാലത്ത് പ്രകൃതി ദുരന്തങ്ങളും അധികരിച്ചു കൊണ്ടിരിയ്ക്കുന്നതിൽ അത്ഭുതപ്പെടാനില്ല. മാത്രവുമല്ല മനുഷ്യന്റെ അറിവില്ലായ്മയിൽ നിന്നും, അഹങ്കാരത്തിൽ നിന്നും, സ്വാർത്ഥതാല്പര്യങ്ങളിൽ നിന്നും ഉണ്ടായിത്തീരുന്ന യുദ്ധങ്ങൾ വരുത്തിവയ്ക്കുന്ന ദുരന്തങ്ങൾ വേറേയും. മൊത്തത്തിൽ ലോകാവസാനത്തിന്റെ അടയാളങ്ങൾ ലോകമെങ്ങും കണ്ടുതുടങ്ങിയിരിക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല.

പ്രാചീന കാലം മുതൽക്ക് ഉണ്ടായിട്ടുള്ള പ്രകൃതിക്ഷോഭങ്ങളിൽ വച്ച് വളരെ പ്രധാനപ്പെട്ടതും ഭയാനകവുമായ ഒന്നായിരുന്നു 'നൂഹ്' (നോഹ) എന്ന പ്രവാചകന്റെ കാലത്തുണ്ടായ മഹാപ്രളയം. അനേക ദിനരാത്രങ്ങൾ തുടർച്ചയായി പെയ്ത മഴയിൽ ഒരുപാട് പ്രദേശങ്ങൾ വെള്ളത്തിനടിയിലായിപ്പോയി. അദ്ദേഹവും ജനതയും താമസിച്ചിരുന്നത് മദ്ധ്യേഷ്യയിലെ ഏതോ ഒരു മരുപ്പച്ചയിലായിരിയ്ക്കണം എന്ന് മനസ്സിലാക്കുന്നതാണ് ഉത്തമം. ഇറാനോ, ഇറാക്കോ, അതിന്റെ പരിസരപ്രദേശങ്ങളിലോ ആവാനാണ് സാദ്ധ്യത. എഴുത്തും വായനയുമൊന്നുമില്ലാതിരുന്ന കാലഘട്ടമായിരിയ്ക്കുമെന്ന് മനസ്സിലാവുന്നു. അതുകൊണ്ട് വേദഗ്രന്ഥങ്ങളിൽ പറഞ്ഞിരിയ്ക്കുന്ന വൃത്താന്തമല്ലാതെ വേറെ ചരിത്രരേഖകളൊന്നും തന്നെയില്ല.

അദ്ദേഹത്തിന്റെ (നൂഹ്) ജനത കടുത്ത ദൈവധിക്കാരികളും, കൊടും അക്രമകാരികളുമായി മാറുകയാണുണ്ടായത്. പശ്ചാത്തപിയ്ക്കാനോ, പ്രായശ്ചിത്തം ചെയ്യാനോ തയ്യാറാകാതെ വന്നപ്പോൾ ആ ജനതയെ നശിപ്പിച്ചുകളയാൻ തീരുമാനിച്ചുകൊണ്ട് പ്രവാചകനെ (നൂഹ്) അറിയിക്കുകയും അദ്ദേഹത്തോട് മഹാപ്രളയത്തിൽ നിന്നും രക്ഷപ്പെടുവാനായി ഒരു പേടകം (കപ്പൽ) നിർമ്മിയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അദ്ദേഹം പേടകം നിർമ്മിച്ചുകൊണ്ടിരുന്നു. അതോടൊപ്പം ജനങ്ങളോട് ശിക്ഷയേക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകിക്കൊണ്ടുമിരുന്നു. എന്നാൽ ആ ജനങ്ങൾ അദ്ദേഹത്തെ പരിഹസിക്കുകയും ഭ്രാന്തനെന്ന് മുദ്ര കുത്തുകയുമാണുണ്ടായത്.

മഴ തുടങ്ങി. വെള്ളം ഉയരാൻ തുടങ്ങുന്നതിനുമുമ്പുതന്നെ അദ്ദേഹം തന്റെ അനുയായികളേയും അവർ വളർത്തുന്ന പക്ഷിമൃഗാദികളേയും വേണ്ടുന്ന ആഹാരപദാർത്ഥങ്ങളും ബോട്ടിൽ ശേഖരിച്ചു. അനേകദിവസം തുടർച്ചയായി പെയ്ത മഴയിൽ വെള്ളം വളരെ ഉയരത്തിൽ ഉയർന്നുപൊങ്ങി. പേടകം വെള്ളത്തിലൂടെ ഒഴുകിത്തുടങ്ങി. അദ്ദേഹത്തിന്റെ മകൻ പേടകത്തിൽ കയറിയില്ല. അദ്ദേഹം പേടകത്തിൽ കയറുവാൻ നിർബന്ധിച്ചുകൊണ്ടിരുന്നു. എന്നാൽ നിരസിച്ച മകൻ അദ്ദേഹത്തിന്റെ കൺമുമ്പിൽ വച്ചുതന്നെ മുങ്ങി മരിയ്ക്കുന്നത് അദ്ദേഹത്തിന് കാണേണ്ടിവന്നു. മഴ ശമിച്ചുതുടങ്ങിയപ്പോൾ പേടകം (കപ്പൽ) 'ജൂദി' എന്ന പർവ്വതനിരകളിൽ എത്തിയിരുന്നു. അവിടെ നങ്കൂരമിടുകയുണ്ടായി. വെള്ളം താഴ്ന്നു തുടങ്ങിയശേഷം ആ ഭാഗത്തുതന്നെ താമസമുറപ്പിച്ചു.

പിന്നീട് ജനസംഖ്യ വർദ്ധിച്ചതിനുശേഷമാണ് മനുഷ്യർ കടൽ കടന്ന് മറ്റു വൻകരകളിലേക്ക് ചെന്നെത്തിയതും അവിടെ താമസമുറപ്പിച്ചതുമെന്ന് മനസ്സിലാവുന്നു. അങ്ങിനെ എത്രായിരം കൊല്ലങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട് എന്നറിയുവാൻ സാധിച്ചിട്ടില്ല. 1886ാമാണ്ട് നോർവീജിയൻ പര്യവേക്ഷണസംഘം ജൂദി പർവ്വതപ്രദേശത്തുനിന്നും മണ്ണിൽ ആഴത്തിൽ പുതഞ്ഞുകിടക്കുന്ന നോഹയുടെ കപ്പലിനെ കണ്ടെത്തുകയുണ്ടായി. നങ്കൂരമിടാനുപയോഗിച്ച കല്ലടക്കം കണ്ടെത്തിയിരിക്കുന്നു.

'ആദ്' എന്ന സമൂഹത്തിലേയ്ക്ക് 'ഹൂദ്' എന്ന ദൈവദൂതനെ ഈശ്വരൻ നിയോഗിയ്ക്കുകയുണ്ടായി. ആ ജനതയും നൂഹിന്റെ ജനതയെപ്പോലെയായിത്തീർന്നു. അവസാനം ആ ജനതയേയും ഒരു മഹാപ്രളയത്തിലൂടെയാണ് ദൈവം നശിപ്പിച്ചത്. പതിനഞ്ചുദിനരാത്രങ്ങളിൽ തുടർച്ചയായ പേമാരിയിലൂടെയാണ് മഹാപ്രളയത്തെ ദൈവം സൃഷ്ടിച്ചത് എന്ന് ഖുർ ആൻ വ്യക്തമാക്കുന്നു.

ജോർദ്ദാനും സിറിയയ്ക്കുമിടയിലുള്ള 'സദൂം' എന്ന ദേശത്തിലേയ്ക്ക് ലൂത്ത് എന്ന പ്രവാചകനെ നിയോഗിയ്ക്കുകയുണ്ടായി. ആ ജനത കാമപൂർത്തീകരണത്തിന് പുരുഷന്മാർ പുരുഷന്മാരെത്തന്നെ ഉപയോഗിച്ചിരുന്നു. പ്രകൃതിവിരുദ്ധ ലൈംഗികതയായ ഈ പ്രവൃത്തിയെ ദൈവം കൊടും പാപമായിട്ടാണ് പറഞ്ഞിരിയ്ക്കുന്നത്. ആ നീചപ്രവൃത്തിയിൽ നിന്നും പിന്തിരിയുവാൻ അദ്ദേഹം (ലൂത്ത്) അഭ്യർത്ഥന നടത്തിക്കൊണ്ടിരുന്നു. എന്നാൽ ആ ജനം പരിധി ലംഘിച്ചുകൊണ്ട് അദ്ദേഹത്തെ ഉപദ്രവിയ്ക്കുകയാണ് ചെയ്തത്. അവസാനം അദ്ദേഹത്തിന്റെ ഭാര്യയടക്കമുള്ള ജനതയെ ആ സ്ഥലത്തെ കീഴ്മേൽ മറിച്ചുകൊണ്ട് ഈശ്വരൻ നശിപ്പിച്ചതായി പറഞ്ഞിരിയ്ക്കുന്നു. ഇപ്പോൾ 'ചാവുകടൽ' എന്നറിയപ്പെടുന്ന ആ പ്രദേശം 125 കിലോമീറ്റർ ചുറ്റളവിലാണുള്ളത്. ദുരന്തത്തിനു ശേഷം ഒരു വലിയ തടാകമായി മാറുകയും അതിലെ ജലത്തിൽ ഒരു ജീ

വിപോലും ഇല്ലാത്ത (ജീവിയ്ക്കാൻ പറ്റാത്ത) അവസ്ഥയിലുമായി മാറിയിട്ടുണ്ടത്രെ. അത് പിൽക്കാല തലമുറക്ക് ഒരു പാഠമായിത്തീർന്നിരിയ്ക്കുന്നു.

പ്രവാചക തിരുമേനിയോട് ഒരു ശിഷ്യൻ ഇങ്ങിനെ ചോദിച്ചു, "പ്രവാചകരെ ഇങ്ങിനെയുള്ള ദുരന്തങ്ങൾ നടക്കുമ്പോൾ അതിൽ വളരെ നല്ലയാളുകളും പെട്ടുപോവുമല്ലോ. ദൈവ(അല്ലാഹു)ത്തിന്റെ ഇഷ്ടക്കാരെ ദൈവം ശിക്ഷിയ്ക്കുന്നത് ശരിയാണോ ?" അതിന്നുള്ള മറുപടി പ്രവാചകൻ ഇങ്ങിനെയാണ് പറഞ്ഞത്. "അവരുടെ രണ്ടാമത്തെ ജീവിതത്തിൽ (പരലോകം) ഒരുപാടനുഗ്രഹങ്ങൾ അല്ലാഹു അവർക്ക് നൽകുന്നതാണ്. അവർ ഭയപ്പെടേണ്ടതില്ല."

ലോകത്തിന്റെ നാനാഭാഗത്തും നടന്നുകൊണ്ടിരിയ്ക്കുന്ന ചെറുതും വലുതുമായ പ്രകൃതി ദുരന്തങ്ങളിൽ നിന്നും മനസ്സിലാവുന്നത് ഇപ്പോഴും ദൈവത്തിന്റെ പദ്ധതിയായ ശുദ്ധീകരണവും താക്കീതും മുന്നറിയിപ്പും പാഠങ്ങളും ജനങ്ങൾക്ക് നൽകിക്കൊണ്ടിരിയ്ക്കുന്നുവെന്നുതന്നെയാണ്.

ദൈവദൂതൻമാർ (മഹർഷിമാർ)പഠിപ്പിച്ച മാർഗ്ഗദർശനങ്ങളെ സ്വീകരിച്ചുകൊണ്ടും ശാസ്ത്ര സാങ്കേതികവിദ്യയെ വേണ്ടവിധം ഉപയോഗപ്പെടുത്തിക്കൊണ്ടും 'കലി' (ദജ്ജാൽ) യുടെ വലയിൽ വീഴാതെ ജീവിതത്തെ ചിട്ടപ്പെടുത്തുകയാണെങ്കിൽ എല്ലാവർക്കും ജീവിതവിജയം ലഭിയ്ക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനുവേണ്ടിയുള്ള പരിശ്രമം തുടരുന്നതോടൊപ്പം നമ്മുടെ ദൈവത്തിന്റെ സ്വന്തം നാടിനെ തിന്മയുടെ പിടിയിൽ നിന്നും മോചിപ്പിച്ചു കൊണ്ട് ഒരു കൊച്ചുസ്വർഗ്ഗമാക്കി മാറ്റാനുള്ള പ്രവർത്തനം നടത്തിക്കൊണ്ട് നാം നവകേരളത്തെ പടുത്തുയർത്താം. അതിനുവേണ്ടി പ്രാർത്ഥിയ്ക്കാം, നമുക്ക് പ്രവർത്തിക്കാം.

ദൈവത്തിനു സ്തുതി.

(അവസാനിച്ചു)

# ശവം



**ഉണ്ണി വിശ്വനാഥ്**
**9895555393**

**ഉ**ണ്ണിക്കുട്ടന് പ്രായം ആറ് ആയി. പ്രായത്തിനൊത്ത് വളർച്ചയുമുണ്ട്. ബുദ്ധി മാത്രം വളരാൻ കുറച്ചു മടി കാണിച്ചു. പറയുന്നതും കേൾക്കുന്നതും മനസ്സിലാകുമെങ്കിലും സ്വചിന്തയിൽ പ്രവർത്തിക്കാൻ മാത്രം മനസ്സിന് കഴിവില്ല. അച്ഛനും, അമ്മയും വഴക്കുകൂടുന്ന ബഹളം കേട്ടാണ് അവനുണർന്നത്. അന്നൊരു തിങ്കളാഴ്ച ദിവസമായിരുന്നു. സ്കൂളിൽ പോകണം അവൻ പെട്ടെന്ന് തട്ടിപ്പിടഞ്ഞ് എണീറ്റു. അവന്റെ രീതിയിലുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. പെട്ടെന്ന് പാത്രം വലിച്ചെറിയുന്ന ശബ്ദം കേട്ടു. ഓടി ചെന്നതും അച്ഛനു കഴിക്കാൻ കൊടുത്ത ദോശയും ചമ്മന്തിയും തറയിൽ ചിതറിക്കിടക്കുന്നു.

'ശവം' നിന്നെ കെട്ടിയതോടുകൂടി എന്റെ ജീവിതം കുട്ടിച്ചോറായി എന്നുപറഞ്ഞ് അച്ഛൻ ബാഗുമെടുത്ത് പുറത്തേക്കിറങ്ങിപ്പോയി. പൊടുന്നനെ കിട്ടി രണ്ടടി ഉണ്ണിക്കുട്ടന്റെ ചന്തിയിൽ. എന്ത് കാണുവാൻ നിൽക്കുവാടാ സ്കൂളിൽ പോകണ്ടേ. അച്ഛനെ നോക്കി പഠിച്ചോ നന്നാകും. അതുപറഞ്ഞ് അമ്മ അകത്തേക്ക് പോയി. അടുക്കളയിൽ അമ്മ പാത്രങ്ങളുമായി എന്തൊക്കെയോ പിറുപിറുക്കുന്നുണ്ട്. ശവം... ശവം എപ്പോഴും ഞാനൊരു ശവമാണയാൾക്ക്. ഒരുദിവസം ഞാൻ ശവമാകും അന്നേ പഠിക്കു. മുറപ്പെണ്ണിനെ കെട്ടാൻ കഴിയാത്തതിന് എന്നോടാണ് ദേഷ്യം.

ആകരുതായിരുന്നോ ? വലിഞ്ഞുകയറി വന്നതൊന്നുമല്ലല്ലോ. എല്ലാവരും ആലോചിച്ചുറപ്പിച്ച് ചോദിച്ചതെല്ലാം കൊടുത്തുതന്നെ വന്നതാ. അന്നേ പറഞ്ഞൊഴിഞ്ഞുകൂടായിരുന്നോ. കെട്ടി ഒരു കൊല്ലം കഴിയുന്നതുവരെ കുഴപ്പമൊന്നുമില്ലായിരുന്നല്ലോ ? ഒരു പൊട്ടനെ പെറ്റതോടെ എല്ലാം കഴിഞ്ഞു. എന്തിനധികം പറയുന്നു എന്റെ ജീവിതം തുലഞ്ഞു.

അടിയുടെ ചൂട് മാറിയിട്ടില്ലെങ്കിലും ഉണ്ണിക്കുട്ടൻ നിന്നുചിരിക്കുവായിരുന്നു. അമ്മ പൊട്ടനെന്ന് ഉദ്ദേശിച്ചത് അവനെയാണെന്ന് മനസ്സിലായി. ദേഷ്യം വരുമ്പോഴും, സന്തോഷം വരുമ്പോഴും ഇങ്ങനെ വിളിച്ച് കേൾക്കാറുണ്ട്. അടി അവന് ശീലമാ. അച്ഛനും അമ്മയും വഴക്കുകൂടിയാൽ ദേഷ്യം തീർക്കാനുള്ള ഉപകരണം അവനാണ്. എങ്കിലും അവനൊരു സംശയം എപ്പോഴും മനസ്സിലുണ്ട്. ആരോടും ചോദിക്കാൻ മാത്രം ധൈര്യമില്ല.

"ഈ ശവം എന്നാലെന്താ ?"

ആ ചോദ്യം അവന്റെ കുഞ്ഞു മനസ്സിലെവിടെയോ ഒളിച്ചുവച്ചു. അച്ഛൻ ഒരുദിവസം പത്തുതവണയെങ്കിലും ശവമെന്ന് അമ്മയെ വിളിക്കാറുണ്ട്. എന്തായാലും നല്ല വാക്കല്ലെന്നുറപ്പുണ്ട്. ദേഷ്യം വരുമ്പോഴാണ് അച്ഛൻ അമ്മയെ അങ്ങനെ വിളിക്കാറ്. അപ്പോൾ അമ്മ ദേഷ്യപ്പെടുകയും, മാറി നിന്ന് കരയുകയും ചെയ്യാറുണ്ട്. തട്ടിത്തൂകിയ ദോശയും ചമ്മന്തിയും തറയിൽ നിന്നും തുടച്ചുവൃത്തിയാക്കി അമ്മ അവനു നേരെ നോക്കി. അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. അമ്മ അവനടുത്തേക്ക് ചെന്നു. അവൻ അടുത്ത തല്ലു സ്വീകരിക്കാൻ തയ്യാറായി ദയനീയഭാവത്തോടെ അമ്മയെ നോക്കി. അമ്മ അവനെ ചേർത്തുപിടിച്ച് ഉമ്മ കൊടുത്തു. മോനു വേദനിച്ചോ ? സാരമില്ലാട്ടോ സ്കൂൾ ബസ്സുവരാൻ സമയമായി തയ്യാറാവണ്ടേ. അമ്മ അവന് ട്രൗസറും ഉടുപ്പുമൊക്കെ ഇടീച്ച് തല ചീകി ചന്ദനം

തൊടീച്ചു. പിന്നെ ദോശയും ചമ്മന്തിയും വാരിക്കൊടുത്തു. അവനേയും കൂട്ടി പുറത്തേക്കിറങ്ങി. മുറ്റത്ത് പാകിയ തറയോടുകളിൽ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ചാടിച്ചാടി അവൻ ഗേറ്റിനടുത്തേക്ക് അമ്മയെ അനുഗമിച്ചു.

വണ്ടി വന്നുനിന്നു. ഉണ്ണിക്കുട്ടൻ റ്റാറ്റാ പറഞ്ഞ് ബസിലേക്ക് കയറാൻ നേരം അമ്മ അവനെ ചേർത്തുപിടിച്ചു പറഞ്ഞു ഉണ്ണി അമ്മക്കൊരുമ്മ തന്നേ, അവൻ അമ്മക്കൊരുമ്മ കൊടുത്തു. അവരവനെ ചേർത്തുപിടിച്ച് ഒരുപാടുമ്മകൾ നൽകി ബസ്സിലേക്ക് കയറ്റിവിട്ടു. അവന്റെ കുഞ്ഞുമനസ്സിനത്ഭുതം. ഇത് പതിവില്ലാത്തതാണല്ലോ ? തല്ലു തരുമ്പോൾ പകരമായി തരുന്ന ഉമ്മ തന്നതാണല്ലോ. ഇന്നെന്താ കുറേ ഉമ്മകൾ കൂടുതൽ. മുൻ സീറ്റിലിരുന്ന മാളുവിന്റെ തലയിലെ ബോയിൽ കണ്ട വർണ്ണത്തുമ്പി അവനെ നോക്കി ചിരിക്കുന്നതായി അവനുതോന്നി.

അന്ന് അവൻ എന്നത്തേതിലും സന്തോഷവാനായിരുന്നു. ടീച്ചർ ചോദിച്ചതിനൊക്കെ ഉത്തരം പറഞ്ഞു. എഴുതിയെടുക്കേണ്ടതെല്ലാം എഴുതിയെടുത്തു. ആരോടും വഴക്കിട്ടില്ല. ഉള്ളിൽ നിറയെ അമ്മ അധികം നൽകിയ ഉമ്മയുടെ ഉന്മേഷമായിരുന്നു. വൈകുന്നേരം ബെല്ലടിച്ചു സ്കൂൾ ബാഗും ടിഫൻ ബാഗുമെടുത്ത് അഞ്ചാം നമ്പർ വണ്ടിക്കടുത്തേക്ക് അവനോടി. ഇന്ന് വലതുവശത്ത് തന്നെ സീറ്റ് പിടിക്കണം. കിള്ളിയാറൊഴുകുന്നതുകാണാം. പാലത്തിനടിയിലേക്ക് ഒഴുകിമറയുന്ന പാറക്കെട്ടുകൾ നിറഞ്ഞ കിള്ളിയാറ് കാണാൻ അവന് വലിയ ഇഷ്ടമാണ്. ചില ദിവസം അവസരം കിട്ടാറില്ല. മത്സരിച്ചോടി സീറ്റുപിടിച്ചു. തൊട്ടടുത്ത് മഞ്ചിമയായിരുന്നു. അവൾ കാഴ്ച്ചവശം കയ്യടക്കിയ അവനെ അസൂയയോടെ നോക്കി. ഉണ്ണിക്കുട്ടൻ വിസ്തരിച്ചിരുന്ന് മഞ്ചിമയെ നോക്കിയൊരു ചിരി പാസാക്കി.

ബസ്സു മെല്ലെ നീങ്ങി കിള്ളിയാർപ്പാലം തുടങ്ങുന്ന ഭാഗമെത്താറായപ്പോൾ നല്ല തിരക്ക്. വണ്ടികളൊക്കെ ക്ഷീണിച്ചപോലെ ഇഴഞ്ഞും, പതുങ്ങിയും നീങ്ങുന്നു. ആളുകൾ തലങ്ങും വിലങ്ങും ഓടുന്നതുകാണാം. വണ്ടി വേച്ചു വേച്ച് പാലത്തിലെത്തി. ആളുകൾ പാലത്തിനു താഴേക്ക് നോക്കി നിൽക്കുന്നു. നടന്നുപോകുന്ന ഒരാളോട് ഡ്രൈവർ വിവരം തിരക്കി. അയാൾ പറഞ്ഞു ഒരു സ്ത്രീയുടെ ശവമാ, ആരാണെന്ന് തിരിച്ചറിഞ്ഞില്ല. ഉണ്ണിക്കുട്ടന്റെ കണ്ണുകൾ സന്തോഷത്താൽ തിളങ്ങി. അച്ഛൻ അമ്മയെ വിളിക്കാറുള്ള ശവത്തെ കാണാനുള്ള അവസരം. അവൻ എത്തിവലിഞ്ഞുനോക്കി. ഉറക്കെ വിളിച്ചുപറഞ്ഞു അതാ ശവം. എവിടെയെന്ന ചോദ്യത്തോടെ മഞ്ചിമ നോക്കിയപ്പോൾ അവൻ സന്തോഷത്തോടെ ചൂണ്ടിക്കാണിച്ചു. ദേ ചുവന്ന പൂക്കളുള്ള തുണിയിട്ടു കിടക്കുന്നു. അവളെത്തിനോക്കി ബസ്സ് ആ ഭാഗം കടന്നു. അവൻ പറഞ്ഞു എന്റെ അമ്മയ്ക്കുണ്ട് അതുപോലെ ചുവന്ന പൂക്കളുള്ള ചുരിദാർ. അവളും പറഞ്ഞു എന്റെ അമ്മയ്ക്കുമുണ്ട് ചുവന്ന പൂക്കളുള്ള നൈറ്റി. അവരുടെ സംസാരത്തിനിടക്ക് വണ്ടി ഉണ്ണിക്കുട്ടന്റെ വീടിനടുത്തെത്തിയത് അവരറിഞ്ഞില്ല.

അമ്മയെ റോഡിൽ കാണാനില്ല. അതാ ചിറ്റ നിൽക്കുന്നു. ഹായ് ചിറ്റ വന്നു. ഉണ്ണിക്കുട്ടൻ കൈകൊട്ടി ചിരിച്ചു. വണ്ടി മെല്ലെ ഗേറ്റിനു മുന്നിൽ നിന്നപ്പോൾ അവൻ ചാടിയിറങ്ങി. മുറ്റത്ത് നിറയെ ആളുകൾ അനു മാമനും, ദിയ ചേച്ചിയും, വലിയച്ഛനും വലിയമ്മയുമൊക്കെയുണ്ട്. അവൻ ചിറ്റയുടെ കൈയും പിടിച്ച് അകത്തേക്ക് നടന്നു. അമ്മയെവിടെ ചിറ്റേ ? അതുകേട്ട് അവർ വിതുമ്പി. ഉമ്മറത്തെത്തിയപ്പോൾ അച്ഛൻ വീടിന്റെ മൂലയിൽ തൂണിൽ ചാരി നിൽക്കുന്നു. അവൻ ഓടി അച്ഛന്റെ അടുത്തുചെന്ന് ചോദിച്ചു, അമ്മയെവിടെ അച്ഛാ ? അയാൾ പുകഞ്ഞുകൊണ്ടിരുന്ന അഗ്നിപർവ്വതം പൊട്ടിത്തെറിക്കും പോലെ ഉറക്കെ കരഞ്ഞുകൊണ്ട് അവനെ ചേർത്തുപിടിച്ചു. വലിയച്ഛൻ വന്ന് അവനെ അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. അവൻ വീട്ടിന്റെ മുക്കിലും മൂലയിലും അമ്മയെ തിരക്കിയെങ്കിലും ഒരിടത്തും കാണാൻ കഴിഞ്ഞില്ല.

അൽപ്പസമയം കഴിഞ്ഞപ്പോൾ ഉറക്കെ സൈറൺ മുഴക്കി ഒരു ആംബുലൻസ് വീടിനുമുന്നിൽ വന്നുനിന്നു. വീട്ടിനകത്തിരുന്ന ചിറ്റയും, മേമമാരും, അടുത്ത വീട്ടിലെ ആന്റിമാരുമെല്ലാം ഉറക്കെ നിലവിളിച്ചു കരയാൻ തുടങ്ങി. ഉമ്മറത്ത് ശവശരീരം കൊണ്ടുകിടത്തി. അകത്തുള്ളവരുടെ കരച്ചിൽ കണ്ട് ഇവർക്കെന്തുപറ്റി എന്ന ചിന്തയിൽ ചിരിച്ചുകൊണ്ട് അവൻ പുറത്തേക്ക് ഇറങ്ങിച്ചെന്നു. അമ്മ വെള്ളത്തുണി പുതച്ച് ഉമ്മറത്ത് കിടക്കുന്നത് കണ്ട് അവൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു പറഞ്ഞു. അമ്മേ, അമ്മേ അച്ഛൻ അമ്മയെ എപ്പഴും വിളിക്കാറുള്ള ശവത്തെ ഞാൻ കണ്ടു. എണീക്കമ്മേ അമ്മേടെ ഉണ്ണി സത്യമാ പറഞ്ഞത്. അമ്മയുടേതുപോലുള്ള ചുവന്ന പൂക്കളുള്ള ചുരിദാറായിരുന്നു ശവത്തിന്. സത്യമായിട്ടും ഞാൻ കണ്ടമ്മേ. അവിടെനിന്നവരൊക്കെ ഒരു നിമിഷം സ്തബ്ദരായിപ്പോയി. ചിലർ ഉണ്ണിക്കുട്ടന്റെ അച്ഛനു നേരെ ഈറൻ മിഴികൾ പായിച്ചു.

എല്ലാവരും മൂക വിഷാദത്തിൽ മുങ്ങി നിൽക്കുമ്പോഴും അവൻ സന്തോഷത്തോടെ വിളിച്ചുപറയുന്നുണ്ടായിരുന്നു. അമ്മ ഉറങ്ങി എണീക്കുമ്പോൾ ഞാൻ പറയുമല്ലോ അമ്മേടെ ഉണ്ണി ശവം കണ്ട കാര്യം. അവൻ മെല്ലെ എണീറ്റ് മുറ്റത്തേക്കിറങ്ങി കുട്ടികളോടൊപ്പം ചേർന്നു. അവനറിഞ്ഞതേയില്ല അവൻ അറിയാനാഗ്രഹിച്ചതും കണ്ടെത്തിയതുമായ ശവം ഇനി ഒരിക്കലും ഉമ്മകൾ നൽകാൻ കഴിയാതെ വിറങ്ങലിച്ച ചുണ്ടുകളുമായി ഉമ്മറത്ത് വെള്ളപുതച്ചു ഉറങ്ങുന്ന അമ്മയാണെന്ന്. സന്ധ്യ കുങ്കുമം ചൊരിഞ്ഞുതുടങ്ങി. മുറ്റത്ത് നിന്ന് അവൻ അച്ഛനോടു വിളിച്ചുപറഞ്ഞു, "അച്ഛാ അമ്മ ഉണരുമ്പോൾ അച്ഛൻ അമ്മയെ വിളിക്കാറുള്ള ശവം കാണാൻ നമുക്ക് മൂന്നു പേർക്കും പോവാട്ടോ." അയാളുടെയുള്ളിൽ 'ശവം' എന്ന വാക്ക് തീമഴ പോലെ പെയ്തുകൊണ്ടേയിരുന്നു. ഒരിക്കലും നിലക്കാത്ത തീമഴ.

●



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# ഏകതത്ത്വയുടെ പുസ്തകങ്ങൾ

BOOKS




പേജ് - 92 വില - 100 രൂപ




പേജ് - 94 വില - 100 രൂപ




പേജ് - 214 വില - 210 രൂപ




പേജ് - 126 വില - 120 രൂപ




പേജ് - 70 വില - 70 രൂപ




പേജ് - 102 വില - 100




പേജ് - 44 വില - 45 രൂപ



പേജ് - 55 വില - 60 രൂപ




പേജ് - 70 വില - 60 രൂപ




പേജ് - 132 വില - 130 രൂപ



പേജ് - 100 വില - 60 രൂപ

Published on 15/11/2018, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 9, Issue 1, December 2018, Rs.15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM

## Kitchens/bedrooms/interiors

Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime












Lovics | Sleepwell MATTRESSES PILLOWS CUSHIONS | peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com